കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in




# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

### പൊന്നാനി നഗരസഭ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.21/248/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം,

തീയതി 10/02/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം.

ചെയർമാൻ (സെക്രട്ടറി മുഖേന)

പൊന്നാനി നഗരസഭ

സർ,

വിഷയം : പൊന്നാനി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്നാനി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്
3)റീജ്യണൽ ജോയിന്റ് ഡയറക്ടർ , നഗരകാര്യ വകുപ്പ് , കോഴിക്കോട്
4) കാര്യാലയ പ്രതി

നം.കെ.എസ്.എ.എം.പി.എം.21/248/2017 തീയതി 10/02/2017

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2015 മുതൽ 08.01.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ഷാജി വി കെ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09.01.17 മുതൽ 25.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ. സുരേഷ്.പി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അബ്ദുൽ റഷീദ്. എം. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. റിഷിൽ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. സിജു പി ഡാംസൺ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. മുഹമ്മദ് ഫാസിൽ ടി . ടി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർപേഴ്സൺ | : | ശ്രീ. പടിഞ്ഞാറകത്ത് ബീവി | 01.04.2015 മുതൽ 31.10.2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | | (മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ<br>മുനിസിപ്പാലിറ്റിയിലെ സംയോജിത ശിശു വികസന<br>പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ<br>എന്നിവർ അടങ്ങിയ ഭരണ നിർവഹണ സമിതി) | 01.11.2015 മുതൽ 08.11.2015 വരെ |
| ചെയർമാൻ | | ശ്രീ. സി.പി മുഹമ്മദ് കുഞ്ഞി | 09.11.2015 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| മുനിസിപ്പൽ സെക്രട്ടറി | | ശ്രീ. വി.ജെ.കുര്യൻ | 01.04.2015 മുതൽ 19.08.2015 വരെ |
| | | ശ്രീ. പി സുധാകരൻ (സെക്രട്ടറി ഇൻ ചാർജ്) | 20.08.2015 മുതൽ 09.09.2015 വരെ |
| | | ശ്രീ. ഡി സാജു | 10.09.2015 മുതൽ 12.01.2016 വരെ |
| | | ശ്രീ. വി എസ് സതീഷൻ | 13.01.2016 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | പേര് | കാലയളവ് |
| പ്രിൻസിപ്പാൾ,<br>ജി ജി.എച്ച്.എസ്, തൃക്കാവ് | | ശ്രീമതി. രതി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് | | ശ്രീമതി. മിനി മോൾ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്, ജി യു പി എസ് | | ശ്രീമതി. സരള ദേവി | 01.04.2015 മുതൽ 31.03.2016 വരെ |
| എ.എഫ്.ഒ<br>Agriculture Field Officer | | ശ്രീമതി. വിജയശ്രീ | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | | ശ്രീ. ബിജു പി എം | 01.04.2015 മുതൽ 31.03.2016 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | | ശ്രീ. ഷിദി എൻ പി | 01.04.2015 മുതൽ 20.05.2015 വരെ |
| | | (Vacant) | 21.05.2015 മുതൽ 03.06.2015 വരെ |
| | | ശ്രീ മുരളി | 04.06.2015 മുതൽ 04.08.2015 വരെ |
| | | ശ്രീ. രാജ ഗോപാൽ പി എൻ | 04.08.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി. ലീന സി.ജി | 01.04.2015 മുതൽ 31.03.2016 വരെ |
| വ്യവസായ വികസന ഓഫീസർ<br>(Industrial Extension Officer) | | ശ്രീമതി. സ്മിത പി | 01.04.2015 മുതൽ 21.06.2015 വരെ |
| | | ശ്രീ. മുഹമ്മദ് ഫവാസ് | 22.06.2015 മുതൽ |

| | | |
|---|---|---|
| | | 31.03.2016 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ (അലോപ്പതി), സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ, പൊന്നാനി. | ഡോ.ആശ പി കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച് സി ഈഴുവത്തിരുത്തി) | ഡോ.അനുജ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) ഈഴവതുരുത്തി | ഡോ.പ്രവീണ എ കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) ജി എ എച്ച് പൊന്നാനി | ഡോ.ശ്രീദേവി കെ എം | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജോയ്.പി | 01.04.2015 മുതൽ 07.05.2015 വരെ |
| | ഡോ. നർദ ബി | 08.05.2015 മുതൽ 02.09.2015 വരെ |
| | ഡോ. അനിൽ | 03.09.2015 മുതൽ 31.03.2016 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് പൊന്നാനി | ശ്രീ. സയ്യിദ് മുഹമ്മദ് | 01.04.2015 മുതൽ 31.03.2016 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ.ഉഷ | 01.04.2015 മുതൽ 31.03.2016 വരെ |
| പ്രൊജക്ട് ഓഫീസർ | ശ്രീ.സി.സജീഷ് | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | വിനോദ നികുതി പിരിവ് നാമമാത്രം. നഗരസഭാ ഫണ്ടിന് വൻ തുക നഷ്ടം | 2-1 |
| 13 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല. നഗരസഭക്ക് കോടികളുടെ നഷ്ടം | 2-2 |
| 14 | ക്രമവൽകരണ അപേക്ഷയിൽ വസ്തു നികുതി തെറ്റായി നിർണയിച്ച് അനഹർമായ ഇളവ് നൽകി. നഗരസഭക്ക് 10,082 രൂപയുടെ നഷ്ടം | 2-3 |
| 15 | വാർത്താ വിനിമയ ഗോപുരം ക്രമവൽകരിച്ചു നൽകിയില്ല, നഗരസഭക്ക് 34384 രൂപയുടെ നഷ്ടം | 2-4 |
| 16 | തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കുന്നില്ല, നഗരസഭാ ഫണ്ടിന് വൻ ഇടിവ് സംഭവിക്കുന്നു | 2-5 |
| 17 | സാംഖ്യ – സൂചിക സ്റ്റേഷനറി രജിസ്റ്റർ സൂക്ഷിപ്പ് ക്രമപ്രകാരമല്ല | 2-6 |
| 18 | കെട്ടിട നിർമാണ പെർമിറ്റ് - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 2-7 |
| 19 | തനത് ഫണ്ട് കൈകാര്യം ചെയ്യാൻ ട്രഷറി അക്കൗണ്ട് കൂടാതെ 2 ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല | 2-8 |
| 20 | കാഷ് ബുക്ക് , ബാങ്ക് ബുക്ക് എന്നിവ ദിവസേന പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 2-9 |
| 21 | പരസ്യനികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല | 2-10 |
| 22 | ഡി ആന്റ് ഒ ലൈസൻസ് പിരിവ് കാര്യക്ഷമമല്ല | 2-11 |
| | ഭാഗം 3 | |
| 25 | വിജയഭേരി- പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധ മായി നടപ്പാക്കിയത് സംബന്ധിച്ച് | 3-1 |
| 26 | 72.98 ലക്ഷം രൂപയുടെ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നു. അടിയന്തിര നടപടി ശുപാർശ ചെയ്യുന്നു. | 3-2 |
| 27 | പ്രൊജക്റ്റ് ഓഫീസർ - കാഷ്ബുക്ക് എഴുതിയിട്ടില്ല. പരിശോധനയുടെ സാധ്യത പരിമിതപ്പെടുന്ന രീതിയിൽ ഫയലുകൾ സൂക്ഷിക്കുന്നു.-2,38,67,580 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-3 |
| 28 | ഹെഡ്മാസ്റ്റർ ,ഗവൺമെന്റ് യു.പി .സ്കൂൾ , ചെറുവായിക്കര,നടപ്പാക്കിയ പ്രൊജക്റ്റുകൾ - മാർഗ്ഗരേഖ ക്ക് വിരുദ്ധമായി വാങ്ങൽ- 2,10,000 രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 28 | ഹെഡ്മാസ്റ്റർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ ,തെയ്യങ്ങാട് നടപ്പാക്കിയ പ്രൊജക്റ്റുകൾ -മാർഗ്ഗരേഖ ക്ക് വിരുദ്ധമായി വാങ്ങൽ- 11,24,740 രൂപ തടസ്സപ്പെടുത്തുന്നു | 3-5 |
| 28 | സബ്സിഡി മാർഗ്ഗരേഖയിൽപ്പെടാത്ത ചെലവിനം - ചെലവ് തുക തടസം ചെയ്യുന്നു | 3-6 |
| 30 | ആശ്രയപദ്ധതിയിലെ പ്രവർത്തനങ്ങൾ മന്ദഗതിയിൽ | 3-7 |
| 31 | സമഗ്ര ആരോഗ്യപരിപാടി - ട്രിപ്പ്ഷീറ്റ് ലഭ്യമാക്കേണ്ടതാണ് | 3-8 |
| 32 | പാലിയേറ്റീവ് പരിചരണം-മർഗ്ഗരേഖ പാലിക്കുന്നില്ല | 3-9 |
| 33 | കൈലാസകുളം അംഗനവാടി കെട്ടിടം ചുറ്റുമതിൽ നിർമ്മാണം - അപാകത | 3-10 |

| | | |
|---|---|---|
| 33 | പടിക്കത്തറ റോഡ് കോൺക്രീറ്റിംഗ് 2-ാം റീച്ച് - കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്യാതെ എർത്ത് ഫില്ലിംഗിന് തുക അനുവദിച്ചു.- നഷ്ടം 6990 രൂപ | 3-11 |
| 34 | 23-ാം വാർഡിലെ തോട് സൈഡ് കെട്ടലും റോഡ് ഫില്ലിംഗും - സിമന്റ് കോൺക്രീറ്റിംഗിന് അളവു പുസ്തക പ്രകാരമുള്ള കനം നൽകിയിട്ടില്ല | 3-12 |
| 35 | സംരക്ഷണ ഭിത്തിയുടെ Middle belt - 1:2:4 സിമെന്റ് കോൺക്രീറ്റിന് 15cm കനം - അനാവശ്യ ചെലവ് അംഗീകരിക്കുന്നില്ല | 3-13 |
| 36 | മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 33,91,648 രൂപ തിരിച്ചറിയാനാകാതെ കിടക്കുന്നു. | 3-14 |
| 37 | മരാമത്ത് പ്രവൃത്തികൾ - നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടില്ല | 3-15 |
| 38 | തെക്കേപ്പാട്ട് പടി റോഡ് ടാറിംഗ്- പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. | 3-16 |
| 39 | തെരുവ് വിളക്ക് സമ്പൂർണ്ണ അറ്റകുറ്റ പണി – അപാകതകൾ - 15,02,459രൂപ തടസ്സം ചെയ്യുന്നു | 3-17 |
| 40 | SC കുടുംബങ്ങൾക്ക് വീട് വെക്കാൻ സ്ഥലം വാങ്ങൽ"- സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയത് 9,02,041 രൂപ | 3-18 |
| 41 | പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വിദേശ തൊഴിൽ - പദ്ധതി അപാകത - 14950 രൂപ അനുവദിക്കുന്നില്ല | 3-19 |
| 42 | SC ഡവലപ്പ്മെന്റ് ഓഫീസറുടെ പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-20 |
| 43 | പട്ടികജാതി പട്ടികവർഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - പദ്ധതി അപാകത | 3-21 |
| 44 | പള്ളി റോഡ് ടാറിംഗ്-റീടാറിംഗ് പ്രവൃത്തി - അപാകതകൾ | 3-22 |
| 45 | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തടസ്സം ചെയ്യുന്നു. | 3-23 |
| 46 | അംഗൻവാടി - അമൃതം ന്യൂട്രിമിക്സ് വിതരണം - ഗുണനിലവാരം പരിശോധനക്ക് വിധേയമാക്കിയിട്ടില്ല | 3-24 |
| 47 | അനുപൂരക പോഷകാഹാരം (എസ്.സി) -സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പിലാക്കി | 3-25 |
| 48 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധനയും രജിസ്റ്ററുകളുടെ സൂക്ഷിപ്പും | 3-26 |
| 49 | ആവശ്യമായ രേഖകൾ ഇല്ലാതെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകി. തുക തിരിച്ചടവാക്കേണ്ടതാണ് | 3-27 |
| 50 | കാഴ്ചയില്ലാത്തവർക്ക് ടാക്കിംഗ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത കംപ്യൂട്ടറുകൾ നൽകൽ -അപാകതകൾ | 3-28 |
| 51 | അംഗനവാടികൾക്ക് കളിപ്പാട്ടം- രേഖകൾ ഹാജരാക്കിയില്ല | 3-29 |
| 52 | ഉറൂബ് സാംസ്കാരിക കേന്ദ്രം ലൈബ്രറിയുടെ പ്രവർത്തനം ആശാവഹമല്ല | 3-30 |
| | ഭാഗം 4 | |
| 44 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 45 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 47 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 48 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 49 | ഓഡിറ്റ് റിക്കവറി | 4-6 |
| 50 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.3.2015 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 20.09.2016 |

കുറിപ്പ് : 20.09.2016 ന് നഗരസഭ ഓൺലൈനായിട്ടാണ് വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചത്. ചട്ടപ്രകാരം വാർഷിക ധനകാര്യപത്രിക 31.07.2016 നകം ലഭിക്കേണ്ടതായിരുന്നു. ഭരണസമിതി യഥാസമയം വാർഷികകണക്കുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 09.01.2017 മുതൽ 10.01.2017 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

വാർഷിക കണക്കുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വസ്തുനികുതി , തൊഴിൽ നികുതി, വാടക, പരസ്യ നികുതി എന്നീ വരവിങ്ങളുടെ ഡിമാന്റ് രജിസ്ററർ പൂർത്തീകരിച്ചിട്ടില്ല.കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല.സാമ്പത്തിക വർഷത്തെ ഡിമാന്റ് കണക്കാക്കിതെയാണ് ഈയിനങ്ങളിലുള്ള വരുമാനം അക്രുവൽ ആയി ചേർത്തത് എന്നതിനാൽ ഇൻകം &എക്സ്പെൻഡിച്ചർ എക്കൗണ്ട് പ്രകാരം കണക്കാക്കിയിരിക്കുന്ന വരുമാനം, പ്രവർത്തന ഫലം, ബാലൻസ് ഷീറ്റിൽ ഈയിനങ്ങളിൽ ചേർത്തിട്ടുള്ള കുടിശ്ശിക തുക എന്നിവയുടെ കൃത്യത ഓഡിറ്റിൽ ഉറപ്പ് വരുത്താൻ സാധിച്ചില്ല.

2. ഡി&ഒ ഇനത്തിലുള്ള ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് തുക വേർതിരിച്ച് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്ററർ എഴുതി സൂക്ഷിച്ചിട്ടില്ല.
3)അഡ്വാൻസ് രജിസ്ററർ,ഡെപ്പോസിറ്റ് രജിസ്ററർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല.

4) ആസ്തി രജിസ്ററർ പ്രകാരമുള്ള ആസ്തികൾ ഉൾപ്പെടുത്തി ബാലൻസ്ഷീറ്റ് കാലികമാക്കിയിട്ടില്ല.

5)താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്/31/3/16 ലെ ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് സംബന്ധിക്കുന്ന ബാങ്ക് അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കത്തതിനാൽ ഈ എക്കൗണ്ടുകളുടെ നീക്കിയിരിപ്പ് പരിശോധിക്കാനായില്ല. ( മാർച്ച് -2016 ലെ റീ- കൺസീലീയേഷൻ പത്രിക തയ്യാറാക്കിയിട്ടുണ്ട്.)

| ബാങ്ക് അക്കൗണ്ട്. | വാർഷിക കണക്കു പ്രകാരം 31/3/2016 ലെ |
|---|---|

| | നീക്കിയിരിപ്പ് |
|---|---|
| കേരള ഗ്രാമീൺ ബാങ്ക്-(മണൽ) | 23,694 |
| എസ്.ബി.ടി.65601 | 10,42,776 |
| പി.എൻ.ബി.-71227 | 42,89,201 |

6)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ b-12 പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 5,00,000 രൂപയുടെ ഇക്വിറ്റി ഷെയർ ഉണ്ട്. ഷെയർ സർട്ടിഫിക്കറ്റുകൾ ഭൗതിക പരിശോധനയ്ക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.

7) പ്രതിമാസം റീ-കൺസീലിയേഷൻ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വർഷാന്ത്യം റീ-കൺസീലീയേഷൻ പത്രിക തയ്യാറാക്കിയിട്ടുണ്ട്.

8)ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി പ്രതിമാസ കണക്കുകൾ അംഗീകരിക്കുന്നില്ല.

9)സെക്രട്ടറി സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 13,92,64,560.92 |
| വരവ് | 16,45,84,469 |
| ആകെ | 30,38,49,029.92 |
| ചെലവ് | 22,74,60,579 |
| നീക്കിയിരിപ്പ് | 7,63,88,450.92 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് (Lapse) | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2,32,10,717 | 0 | 6,48,63,041 | 8,80,73,758 | 5,46,15,749 | 3,34,58,009 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 2,09,71,264 | 1,34,71,710 | - | 3,44,42,974 | 1,98,92,067 | 1,45,50,907 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | Nil | Nil | Nil | Nil | Nil | Nil | Nil |
| സംരക്ഷണ | 36,59,292 | 39,55,876 | 0 | 76,15,168 | 53,62,985 | 22,52,183 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ് (റോഡ്) | | | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 12,81,425 | 44,16,494 | 22,52,183 | 79,50,102 | 79,50,102 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1,93,57,912 | 5,56,37,823 | 0 | 7,49,95,735 | 3,46,84,601 | 4,03,11,134 | 0 |
| ലോക ബാങ്ക് ധന സഹായം | 1,22,01,000 | 60,27,972 | 0 | 1,82,28,972 | 82,27,972 | 100,01,000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 345 | 22,25,31,744 | 236 | 13,08,74,416 | 0 | 109 | 70.14% |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് നഗരസഭക്ക് തനത് വരുമാനത്തിൽ 27 % കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,99,21,810 | 2,09,91,100 | + 10,69,290 | +5% |
| നികുതിയേതര വരവുകൾ | 1,45,31,325 | 1,14,13,220 | - 3118105 | -21% |
| മറ്റുവരവുകൾ | 6,88,20,972 | 4,27,78,547 | -2,60,42,425 | -38% |
| ആകെ | 103274107 | 7,51,82,867 | -2,80,91,240 | -27% |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 716520 | 368 |
| കർഷകതൊഴിലാളി വേതനം | 2878470 | 430 |
| വിധവാപെൻഷൻ | 23625960 | 3038 |
| വാർദ്ധക്യകാലപെൻഷൻ | 16225230 | 3831 |
| വികലാംഗപെൻഷൻ | 7730280 | 875 |
| വിവാഹ ധനസഹായം | 2016 ൽ അനുവദിച്ചത് 3 പേർക്ക് (90,000) | 1048 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1312320 | 159 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53709/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല


കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്,തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി (എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങളും) രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല. ടി രജസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓഡിറ്റ് റിപ്പോർട്ടിലേക്കാവാശ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും ജോലി ചെയ്യുന്ന ഓഫീസ് മുതലായ വിവരങ്ങളും ലഭ്യമാക്കാൻ നഗരസഭയുടെ ഓഡിറ്റ് സെക്ഷന് സാധിച്ചില്ല. ആയതിനാൽ അടിയന്തിരമായ മാസ്റ്റർ ഇൻക്യുംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

2.പൗരാവകാശ രേഖ തയ്യാറാക്കിയിട്ടില്ല

കേരള മുനിസിപ്പിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ 2000, ചട്ടം 3,4 എന്നിവ പ്രകാരം പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിച്ച് ആറുമാസത്തിനുള്ളിൽ കൗൺസിൽ യോഗം ചേർന്ന് മുനിസിപ്പാലിറ്റിക്ക് മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും അത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നത് എന്തല്ലാം വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിച്ച് പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. എന്നാൽ കൗൺസിൽ ഇപ്രാകാരം പൗരാവകാശ രേഖ തയ്യാറാക്കിയിട്ടില്ല.

3.സെക്രട്ടറി അറ്റൻൻസ് രജിസ്റ്ററിൽ ഒപ്പു വെക്കുന്നില്ല

ശ്രീ കെ.കെ മനോജ് , മുനിസിപ്പൽ സെക്രട്ടറി – നഗരസഭയുടെ മൊത്തത്തിൽ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനാണ്. മറ്റു ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങൾ യഥാവിധി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട തസ്തികയിലിരിക്കുന്ന ഉദ്യോഗസ്ഥൻ സ്വന്തം ഹാജർ അതാത് ദിവസങ്ങളിൽ രേഖപ്പെടുത്താത്തത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഭാഗത്തെ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഡിസംബർ മാസത്തിൽ ഒറ്റ ദിവസത്തെ ഒപ്പും രേഖപ്പെടുത്തിയിട്ടില്ല.




4. സമാപന യോഗത്തിൽ ബന്ധപ്പെട്ട ഭരണസമിതി-ഉദ്യോഗസ്ഥരുടെ പങ്കാളിത്തം നാമമാത്രം

25.01.2017 ലെ ഓഡിറ്റിന്റെ സമാപന യോഗത്തിന് മുൻകൂർ അറിയിപ്പ് നൽകിയിട്ടും പങ്കാളിത്തം കുറവായിരുന്നു. മുനിസിപ്പൽ ചെയർമാൻ മാത്രമേ ഭരണ സമിതിയെ പ്രതിനിധീകരിച്ച് യോഗത്തിൽ എത്തിച്ചേർന്നുള്ളൂ. മറ്റു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ – ആകെയുള്ള 51 കൗൺസിലർമാരിൽ 50 പേരും ടി യോഗത്തിൽ എത്തിച്ചേർന്നില്ല. മുൻസിപ്പൽ സെക്രട്ടറി തിരുവനന്തപുരത്ത് മീറ്റിംഗ് ഉള്ളതിനാൽ ടി യോഗത്തിൽ പങ്കെടുക്കാൻ സാധിക്കില്ല എന്ന് അറിയിച്ചിരുന്നു. നിർവഹണ ഉദ്യോഗസ്ഥരും നാമമാത്രമായിരുന്നു. സീനിയർ ഉദ്യോഗസ്ഥരായ റവന്യു ഇൻസ്പെക്ടർ , ടെക്നിക്കൽ ജൂനിയർ സൂപ്രണ്ട് എന്നിവരും യോഗത്തിൽ പങ്കെടുത്തില്ല. നഗരസഭയുടെ ഓഡിറ്റ് സെക്ഷൻ യഥാസമയം ഭരണസമിതി-ഉദ്യോഗസ്ഥരുടെ സാനിദ്ധ്യം ഉറപ്പുവരുത്തുന്നതിൽ പൂർണമായും പരാജയപ്പെട്ടു. ഇത് ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു



5. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

നഗരസഭ സൂക്ഷിക്കേണ്ട രജിസ്റ്ററുകളൊന്നും തന്നെ പൂർണമല്ല. തൊഴിൽ നികുതി രജിസ്റ്റർ റിട്ടേൺ പ്രകാരമുള്ള

വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡി ആന്റ് ഒ ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പരസ്യ നികുതി വരവിനത്തിൽ തുക ലഭിക്കുന്നുണ്ടെങ്കിലും രജസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല അത് പോലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ്- കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ബാങ്ക് പാസ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സബ്സിഡയറി കാഷ് ബുക്കിൽ തിയ്യതി രേഖപ്പെടുത്തുന്നില്ല.

6. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകുന്നതിൽ വിമുഖത

ആകെ നൽകിയ 49 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽ 11 എണ്ണത്തിന് മാത്രമാണ് നഗരസഭ മറുപടി ലഭ്യമാക്കിയത്. ഓഡിറ്റ് വേളയിൽ തന്നെ അപാകതകൾക്ക് മതിയായ വിശദീകരണം നൽകുന്നതിന് നഗരസഭ പരാജയപ്പെട്ടു. ഭാവിയിൽ ഓഡിറ്റ് സമയം തന്നെ അന്വേഷണക്കുറുപ്പുകൾക്ക് വിശദീകരണം നൽകുന്നതിന് നഗരസഭ ശ്രമിക്കേണ്ടതാണ്.

7.താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്.

നഗരസഭ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെടാതെ വ്യക്തിഗത അപേക്ഷകൾ പരിഗണിച്ചു കൊണ്ട് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്ന തായി കാണുന്നു.ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

എ) ശ്രീമതി സരസ്വതി W/o ദേവദാസൻ , എന്നവർ 23-08-00 മുതൽ 17-2-01വരെ 6 മാസം ടൈപ്പിസ്റ്റ് ആയി ജോലി ചെയ്തിരുന്നുവെന്നും ടൈപ്പിസ്റ്റ്, പ്യൂൺ ,എൽ.ഡി.സി തസ്തികയിൽ മാറി മാറി ജോലി ചെയ്തിട്ടുണ്ടെന്നും തനിക്ക് ജോലി സ്ഥിരപ്പെടുത്തി നൽകണം എന്നാവശ്യപ്പെട്ട് 17-07-14 ന് ചെയർപേഴ്സണ് അപേക്ഷ നൽകുകയുണ്ടായി. ചെയർപേഴ്സൺ ഇക്കാര്യത്തിൽ സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടു. 1-2-14 ന് ടിയാളെ സി.എൽ.ആർ പ്യൂൺ പോസ്റ്റിൽ നിന്നും ടൈപ്പിസ്റ്റ് തസ്തികയിലേക്ക് മാറ്റി നൽകാൻ അപേക്ഷിക്കുകയും അപ്രകാരം മാറ്റി നൽകിയതായും കാണുന്നു.

ബി) 24-4-15 ലെ കൗൺസിലിലേക്കുള്ള കാര്യ വിവരകുറിപ്പ് ( ജി- 5311/03) പ്രകാരം നഗരസഭയിലെ ഡാറ്റ കളക്ഷൻ ജീവനക്കാരായ ശ്രീ. ടി.വി.ജയേഷ്, ബിജിത എന്നിവരെ നിലവിൽ നല്കി വരുന്ന ദിവസ വേതനത്തിൽ ഓവർസിയർമാരായി തുടരുന്നതിന് അനുമതി നൽകുന്നതിന് അപേക്ഷ കൗൺസിൽ മുമ്പാകെ വരികയും ഓവർസിയർമാരുടെ ഒഴിവുകൾ ഉള്ളതിനാൽ നിയമിക്കാവുന്നതാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ചെയ്തതായും കാണുന്നു.

ദിവസ വേതനത്തിൽ ഡ്രൈവറെ നിയമിച്ചതിലും അപേക്ഷ ക്ഷണിക്കാതെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളെ തേടാതെയും നിയമനം നടത്തിയിട്ടുണ്ട്.

താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് (നമ്പർ 32 തിയ്യതി 21-1-2017 ) യാതൊരു മറുപടിയും നഗരസഭ ലഭ്യമാക്കിയിട്ടില്ല.

1.2015-16 സാമ്പത്തിക വർഷം താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരുവിവരവും തസ്തികയും. ( എല്ലാ വിഭാഗവും)

2. താൽക്കാലിക ഒഴിവുകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളെ ആവശ്യപ്പെട്ടതിന്റെ രേഖകൾ.

3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭ്യമായിട്ടില്ലെങ്കിൽ ആയതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമായ മറുപടി . നിയമിക്കുന്നതിന് പത്ര പരസ്യം നൽകിയതിന്റെ രേഖകൾ. ലഭ്യമായ അപേക്ഷകളുടെ വിവരം.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ | 08-05-2015 മുതൽ | 2013-14 | 17.12.2015 |

| | | | |
|---|---|---|---|
| ഓഡിറ്റ് | 30-05-2015 വരെ | 2014-15 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിനോദ നികുതി പിരിവ് നാമമാത്രം.നഗരസഭാ ഫണ്ടിന് വൻ തുക നഷ്ടം

നഗരസഭാ പരിധിയിൽ 6 തിയേറ്ററുകളാണ് പ്രവർത്തിക്കുന്നത്

1. ഐശ്വര്യ മൂവീസ്
2. ഐശ്വര്യ മൂവീസ് (സ്ക്രീൻ -2)
3. പൗർണമി തിയേറ്റർ
4. ശക്തി തിയേറ്റർ
5. അലങ്കാർ തിയേറ്റർ
6. ഡേവിസൺ തിയേറ്റർ

| ക്രമ നമ്പർ | തിയേറ്ററിന്റെ പേര് | ടിക്കറ്റ് വില | പ്രവേശനചാർജ്ജ് |
|---|---|---|---|
| 1 | ഐശ്വര്യ മൂവീസ് | ₹ 80 | അടിസ്ഥാന നിരക്ക് - 65<br>വിനോദ നികുതി 20%- 13<br>സർവീസ് ചാർജ് ₹ 2 - 2<br>---------------------------------------<br>ആകെ - 80 |
| 2 | ഐശ്വര്യ മൂവീസ് (സ്ക്രീൻ -2) | ₹ 100 | അടിസ്ഥാന നിരക്ക് - 81.67<br>വിനോദ നികുതി 20%- 16.33<br>സർവീസ് ചാർജ് ₹ 2 - 2<br>------------------------------------------<br>ആകെ - 100 |
| 3 | പൗർണമി തിയേറ്റർ | ₹ 55 | അടിസ്ഥാന നിരക്ക് – 44.17<br>വിനോദ നികുതി 20%- 8.83<br>സർവീസ് ചാർജ് ₹ 2 - 2<br>-----------------------------------------<br>ആകെ - 55 |
| 4 | ശക്തി തിയേറ്റർ | ₹ 60 | അടിസ്ഥാന നിരക്ക് - 48.33<br>വിനോദ നികുതി 20%- 9.67<br>സർവീസ് ചാർജ് ₹ 2 - 2<br>-----------------------------------------<br>ആകെ - 60 |
| 5 | അലങ്കാർ തിയേറ്റർ | ഗോൾഡ് | അടിസ്ഥാന നിരക്ക് - 56.67 |

| | | | |
|---|---|---|---|
| | | ₹ 70 | വിനോദ നികുതി 20%- 11.33<br>സർവീസ് ചാർജ് ₹ 2 - 2<br>---------------------------------------<br>ആകെ - 70 |
| | | ഡയമണ്ട്<br>₹ 100 | അടിസ്ഥാന നിരക്ക് - 81.67<br>വിനോദ നികുതി 20%- 16.33<br>സർവീസ് ചാർജ് ₹ 2 – 2<br>---------------------------------------<br>ആകെ - 100 |
| | | പ്ലാറ്റിനം<br>₹ 120 | അടിസ്ഥാന നിരക്ക് - 98.33<br>വിനോദ നികുതി 20%- 19.67<br>സർവീസ് ചാർജ് ₹ 2 – 2<br>---------------------------------------<br>ആകെ - 120 |
| 6 | ഡേവിസൺ തിയേറ്റർ | ₹ 60 | അടിസ്ഥാന നിരക്ക് - 48.33<br>വിനോദ നികുതി 20%- 9.67<br>സർവീസ് ചാർജ് ₹ 2 - 2<br>-----------------------------------------<br>ആകെ - 60 |

തിയേറ്ററുകളുടെ സീറ്റുകളുടെയും പ്രദർശനങ്ങളുടെയും അടിസ്ഥാനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട പരമാവധി വിനോദ നികുതി താഴെ പറയുന്ന പ്രകാരമാണ്.

| തിയേറ്റർ | സീറ്റുകളുടെഎണ്ണം | | | | ഒരു ദിവസത്തെ പ്രദർശന ങ്ങളുടെ എണ്ണം - Daily Collection Report (DCR) പ്രകാരം | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകളുടെ എണ്ണം. | വിനോദ നികുതി നിരക്ക് (ഒരു ടിക്കറ്റിന്) (20%) | ഒരു ദിവസത്തെ പ്രതീക്ഷിത വിനോദ നികുതി (പരമാവധി) | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി (പരമാവധി) |
|---|---|---|---|---|---|---|---|---|---|
| | ക്ലാസ് I / ഗോൾഡ് | ബാൽ ക്കണി/ ഡയമണ്ട് | പ്ലാറ്റിനം | ആകെ സീറ്റ് | | | | | |
| ഐശ്വര്യ മൂവീസ് | 350 | 0 | 0 | 350 | 4 കളികൾ | (350X4)<br>1400 | ₹ 13 | (1400X13)<br>18200 | (18200X366)<br>66,61,200 |
| ഐശ്വര്യ മൂവീസ് | 166 | 0 | 0 | 166 | 4 കളികൾ | 664 | ₹ 16.33 | 10843 | 39,68,538 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| (സ്ക്രീൻ -2) | | | | | | | | | |
| പൗർണമി | 560 | 0 | 0 | 560 | 4 കളികൾ | 2240 | ₹ 8.83 | 19,779 | 72,39,114 |
| ശക്തി | 644 | 0 | 0 | 644 | 4 കളികൾ | 2576 | ₹ 9.67 | 24,910 | 91,17,060 |
| അലങ്കാർ | 201 | 202 | 30 | 433 | 4 കളികൾ | 201x4=804<br>202x4=808<br>30x4=120<br>1732 | ₹11.33<br>₹16.33<br>₹19.67 | 9,109<br>13,195<br>2,360<br>ആകെ-24,664 | 90,27,024<br>(9,109x366=33,33,894<br>13,195x366= 48,29,370<br>2,360x366= 863,760) |
| ഡേവിസൺ | 438 | 0 | 0 | 438 | 4 കളികൾ | 1752 | ₹ 9.67 | 16,942 | 62,00,772 |
| | | | ആകെ | 2591 | | 10,364 | | 1,15,338 | 4,22,13,708 |

2015-16 സാമ്പത്തിക വർഷത്തിൽ തിയേറ്ററുകളിൽ നിന്ന് നഗരസഭക്ക് 4,22,13,708 രൂപ(ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി) വിനോദ നികുതി ഇനത്തിൽ ലഭിക്കുമായിരുന്നു. എന്നാൽ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കണക്കാക്കിയിരിക്കുന്ന ഡിമാന്റ് തുക (₹40,00,000), ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതിയുടെ 9.47 % മാത്രമേ വരുന്നുള്ളൂ.
വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് തുക ബഡ്ജറ്റ് പ്രതീക്ഷിച്ചതിനേക്കാൾ 36.93% അധികം ലഭിച്ചിട്ടുണ്ട്.

ബഡ്ജറ്റ് / വാർഷിക കണക്കു പ്രകാരമുള്ള തുകകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| 2015-16 ബഡ്ജറ്റ് പ്രകാരം | 40,00,000 |
| 2015-16 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിനോദ നികുതി ഇനത്തിൽ ലഭിച്ച തുക (RP-1) | 54,77,292 |

എന്നാൽ 2015-16 വർഷത്തിൽ ലഭിച്ച തുക (54,77,292), 2015-16 വർഷത്തെ പ്രതീക്ഷിത വിനോദ നികുതിയുടെ (4,22,13,708) 12.98 % മാത്രമേ വരുന്നുള്ളൂ. ആകെ ലഭിക്കേണ്ട വിനോദ നികുതിയുടെ 15% പോലും നഗരസഭയുടെ ഫണ്ടിലേക്ക് വരുന്നില്ല. ഈ രംഗത്ത് നഗരസഭ വേണ്ടത്ര ശ്രദ്ധ പുലർത്താത്തതിനാൽ വിനോദ നികുതി ഇനത്തിൽ വൻ നികുതി ചോർച്ച ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ടിക്കറ്റ് സീൽഡ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന തിയേറ്ററുകൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ അത്രയും ദിവസത്തേക്ക് ടിക്കറ്റ് സീൽ ചെയ്തു കൊടുത്തിട്ടില്ല.

| ക്രമ നമ്പർ | തിയേറ്ററിന്റെ പേര് | പ്രവർത്തിക്കാത്ത ദിവസങ്ങൾ |
|---|---|---|
| 1 | ഐശ്വര്യ മൂവീസ് | 10 ദിവസം |
| 2 | ഐശ്വര്യ മൂവീസ് (സ്ക്രീൻ -2) | 46 ദിവസം |
| 3 | പൗർണമി തിയേറ്റർ | 11 ദിവസം |
| 4 | ശക്തി തിയേറ്റർ | 45 ദിവസം |
| 5 | അലങ്കാർ തിയേറ്റർ | 31 ദിവസം |
| 6 | ഡേവിസൺ തിയേറ്റർ | 10 ദിവസം |

മേൽ സൂചിപ്പിച്ച തിയേറ്ററുകൾ പ്രസ്തുത ദിവസങ്ങളിൽ പ്രവർത്തിച്ചിട്ടില്ല എന്ന് രേഖാമൂലം അറിയിപ്പ് നൽകിയതായി

ഫയലിൽ രേഖകളില്ല. ആയതിനാൽ തിയേറ്റർ തുറന്നു പ്രവർത്തിക്കുന്നില്ല എന്ന് പറയുന്ന ദിവസങ്ങളിൽ തിയേറ്റർ പരിശോധന നിർബന്ധമായും നടത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് വർഷത്തിൽ നഗരസഭയിൽ നിന്നും സീൽ ചെയ്ത് കൊടുത്ത ടിക്കറ്റുകളുടെ എണ്ണവും, പ്രതീക്ഷിത വിനോദ നികുതിയും യഥാർത്ഥത്തിൽ ലഭ്യമായ വിനോദ നികുതിയും താഴെ കൊടുക്കുന്നു.

| തിയേറ്ററിന്റെ പേര് | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ | 2015-16 സാമ്പത്തിക വർഷത്തെ പരമാവധി ടിക്കറ്റുകൾ (A) | 2015-16 സാമ്പത്തിക വർഷത്തിൽസീൽ ചെയ്തു കൊടുത്ത ടിക്കറ്റുകൾ (B) | വ്യത്യാസം (A-B) | 2015-16 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വിനോദ നികുതി (C) | നഗരസഭയിൽ വരവ് വെച്ച നികുതി (D) | വ്യത്യാസം (C-D) |
|---|---|---|---|---|---|---|---|
| ഐശ്വര്യ മൂവീസ് | 1400 | 5,12,400 (1400X366) | 1,10,901 | 4,01,499 | 66,61,200 | 14,41,713 (1,10,901X13) | 52,19,487 |
| ഐശ്വര്യ മൂവീസ് (സ്ക്രീൻ -2) | 664 | 2,43,024 (664x366) | 47,562 | 195,462 | 39,68,538 | 776,687 (47,562x16.33) | 31,91,851 |
| പൗർണമി | 2240 | 8,19,840 (2240x366) | 54,418 | 7,65,422 | 72,39,114 | 4,80,511 (54418x8.83) | 67,58,603 |
| ശക്തി | 2576 | 9,42,816 (2576x366) | 47,339 | 8,95,477 | 91,17,060 | 4,57,768 (47,339x9.67) | 86,59,292 |
| അലങ്കാർ | 1732 (Gold-201x4=804 Diamond-202x4=808 Platinum-30x4=120) | 6,33,912 (Gold-366x804= 294264 Diamond-366x808= 295728 Platinum-366x120= 43920) | 135,055 (Platinum-8123 Diamond-70040 Gold-56892) | 4,98,857 | 90,27,024 (9,109x366 =33,33,894 13,195x366= 48,29,370 2,360x366= 863,760) | 19,48,118 (Platinum -8123x19.66 = 1,59,779 Diamond-70040x16.33 =11,43,753 Gold-56892x11.33 6,44,586) | 70,78,906 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഡേവിസൺ | 1752 | 6,41,232 (1752x366) | 30145 | 6,11,087 | 62,00,772 | 2,91,502 (30145x9.67) | 59,09,270 |
| ആകെ | 10,364 | 37,93,224 | 4,25,420 | 33,67,804 | 4,22,13,708 | 53,96,299 | 3,68,17,409 |

| 2015-16 സാമ്പത്തിക വർഷത്തിൽ | പ്രതീക്ഷിത വിനോദനികുതി |
|---|---|
| ആകെ പ്രതീക്ഷിത വിനോദനികുതി | 4,22,13,708 രൂപ. |
| ശരാശരി 50 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 2,11,06,854 രൂപ. |
| ശരാശരി 25 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 1,05,53,427 രൂപ. |
| ശരാശരി 10 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 42,21,371 രൂപ. |

റിലീസിംഗ് കേന്ദ്രങ്ങളായ ഈ തിയേറ്ററുകളിൽ നിന്നും ആകെ സീറ്റിംഗ് കപ്പാസിറ്റി കണക്കാക്കി നിർണ്ണയിച്ച വിനോദനികുതിയുടെ 12.98 ശതമാനം തുക മാത്രമാണ് നികുതിയായി നഗരസഭക്ക് ലഭിക്കുന്നത്. തിയേറ്ററുകളിൽ പരിശോധന നടത്തേണ്ടതും, വ്യാജറിട്ടേൺ സമർപ്പിക്കൽ, വ്യാജ സീൽ ഉപയോഗിക്കൽ എന്നിവ നടത്തുന്നുണ്ടോ എന്ന് ചെക്കിംഗ് സ്റ്റാഫും സെക്രട്ടറിയും നിരന്തരം നിരീക്ഷിക്കേണ്ടതും, അവ ശ്രദ്ധയിൽ പെട്ടാൽ തിയേറ്ററിന്റെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ എല്ലാ മാസങ്ങളിലും തീയേറ്ററുകളിൽ നിന്നുള്ള ദിവസേനയുള്ള ടിക്കറ്റ് വില്പന സംബന്ധിച്ച് പരിശോധന നടത്തുവാൻ നഗരസഭാ സെക്രട്ടറി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ എന്നതിനെ കുറിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33 – 23/01/2017) മറുപടി നൽകിയില്ല.

16.12.2009 ലെ 45979/FM3/2009/LSGD നമ്പർ സർക്കുലർ പ്രകാരം, തിയേറ്ററുകളിൽ ദിവസേനയുള്ള പരിശോധനക്ക് പുറമേ ഇടക്കിടയ്ക്കും, വിശേഷദിവസങ്ങളിലും സൂപ്പർചെക്കിംഗും മിന്നൽ പരിശോധനയും നടത്താൻ പ്രത്യേക സ്റ്റാഫിനെ നിയോഗിക്കേണ്ടതാണ്. ഇപ്രകാരമുള്ള പരിശോധനക്ക് നഗരസഭ സെക്രട്ടറി നേതൃത്വം നൽകേണ്ടതും ദ്വൈവാര പരിശോധന റിപ്പോർട്ടുകൾ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം പരിശോധന നടത്തിയതിന്റെ വിവരങ്ങളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നിരന്തരമുള്ള പരിശോധന സംവിധാനം കാര്യക്ഷമമാക്കി നഗരസഭക്ക് ലഭിക്കാവുന്ന വിനോദനികുതി പൂർണ്ണമായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-2** <u>വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല.നഗരസഭക്ക് കോടികളുടെ നഷ്ടം</u>

നഗരസഭാ ഫണ്ടിലേക്ക് വരുന്ന വരവിനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വരവിനമാണ് വസ്തു നികുതി അഥാവാ കെട്ടിട നികുതി. നഗരസഭയുടെ കഴിഞ്ഞ 3 വർഷത്തെ വസ്തു നികുതി ഡിമാന്റ് താഴെ പറയും പ്രകാരമാണ്

| സാമ്പത്തിക വർഷം | വസ്തു നികുതി ഡിമാന്റ് |
|---|---|
| 2013-14 | 91,16,314 |
| 2014-15 | 1,02,70,044 |
| 2015-16 | 1,11,95,308 |

എന്നാൽ 2015-2016 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ)വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

കുടിശ്ശിക ഡിമാന്റ് പിരിവ് ബാക്കി- 44,82,901 രൂപ

തൻവർഷം ഡിമാന്റ് പിരിവ് ബാക്കി - 42,40,586 രൂപ

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ടി

വസ്തു നികുതി കണക്കാക്കുന്നതിന് വേണ്ടിയുള്ള അടിസ്ഥാന രജിസ്റ്ററുകൾ ഒന്നും തന്നെ നഗരസഭ സൂക്ഷിക്കുന്നില്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ നഗരസഭ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതി ഇനത്തിലെ തൻവർഷ ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് എന്നിവ എത്ര എന്ന് കണക്കാക്കിയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചില്ല. തന്നാണ്ട് / കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെ മേൽ കണക്കുകൾ എങ്ങനെയാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ( ഓ.എൻക്വയറി നമ്പർ30/21.01.2017) ആരാഞ്ഞെങ്കിലും മറുപടി ലഭിച്ചില്ല.

<u>വസ്തു നികുതി പരിഷ്കരണം</u>

14.01.2011 ലെ സ.ഉ(അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇവ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 01.04.2011 മുതലുമാണ് പ്രാബല്യം നൽകിയിരുന്നത്, ഈ ആവശ്യത്തിലേക്കായി സ.ഉ(അ) നം.17/2011/തസ്വഭവ 14.01.2011 ലെ ഉത്തരവ് പ്രകാരം ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് സർക്കാർ വിജ്ഞാപനം ചെയ്തു. എന്നാൽ 20.10.2011 ലെ സ.ഉ(സാ) നമ്പർ 2414/2011 –അനുസരിച്ച് വസ്തു നികുതിപരിഷ്കരണം 2010 ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ കെട്ടിടങ്ങൾക്കും നമ്പർ പ്ലേറ്റ് പതിച്ച് വസ്തു നികുതി നിർണയ റിട്ടേൺ രജിസ്റ്റർ തയ്യാറാക്കി 31.03.2012 മുമ്പ് വസ്തു നികുതി വസൂലാക്കുന്നതിന് സമയക്രമം അനുവദിച്ചിരുന്നു .

| | | |
|---|---|---|
| 1 | ഒരു ച.മീറ്റർ വിസ്തീർണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിർണയിക്കൽ , മേഖലാ വിഭജനം (പ്രഥമം ,ദ്വിതീയം ത്രിതീയം) റോഡുകളുടെ തരം തിരിക്കൽ , പൊതു ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തൽ | 31.10.2011 |
| 2 | നമ്പർ പ്ലേറ്റ് വാങ്ങൽ | 30.11.2011 |
| 3 | മേഖലാ വിഭജനം , റോഡുകളുടെ തരം തിരിക്കൽ, അടിസ്ഥാന വസ്തു നികുതി നിർണയം എന്നിവ സംബന്ധിച്ച ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി | 10.12.2011 |
| 4 | ആക്ഷേപങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തീർപ്പാക്കുന്നതിനുള്ള അവസാന തീയതി | 20.12.2011 |
| 5 | മേഖലാ വിഭജനം , റോഡുകളുടെ തരം തിരിക്കൽ, അടിസ്ഥാന വസ്തു നികുതി എന്നിവ അന്തിമമായ നിശ്ചയിക്കുന്നതിന് | 30.12.2011 |
| 6 | നികുതി നിർണയം സംബന്ധിച്ച പൊതു അറിയിപ്പ് | 10.01.2012 |
| 7 | നമ്പർ പ്ലേറ്റ് പതിക്കൽ | 20.01.2012 |
| 8 | കെട്ടിട ഉടമകൾ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തിയ്യതി | 31.01.2012 |
| 9 | അസസ്മെന്റ് രജിസ്റ്റ് തയ്യാറാക്കൽ | 15.02.2012 |
| 10 | നികുതിദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകൽ | 29.02.2012 |

പുതിയ നിരക്ക് പ്രാബല്യത്തിൽ വരുന്നത് 14.01.2011 നാണ്. എന്നാൽ വസ്തു നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നത് വരെ നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് പഴയനിരക്കിൽ ഈടാക്കിയതിലെ അപാകം (കൂടുതൽ /കുറവ്) പിന്നീട് ഒടുക്കേണ്ട നികുതിയിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.എന്നാൽ 15.03.2013 ന് സ.ഉ(അ) നം.100/2013 ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചു. ടി ഭേദഗതി ചട്ടങ്ങൾക്ക് 2013 എപ്രിൽ 1 മുതലാണ് പ്രാബല്യം നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 02.12.2013 ലെ സ.ഉ(എം.എസ്) നം.371/2013/തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലുമാണ് ഈ ചട്ടം ബാധകമാക്കിയിരിക്കുന്നത്.ടി ഉത്തരവിൽ വസ്തു നികുതി നിർണയത്തിനായി ഇൻഫോർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള കംപ്യൂട്ടർ സോഫ്റ്റ്വെയർ ഉപയോഗിച്ച് വസ്തു നിർണയം നടത്താവുന്നതും നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഗുണമേൻമയുള്ള കടലാസിൽ അതിന്റെ പ്രിന്റ് ഔട്ട് എടുത്ത്

സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ അവ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി നഗരസഭക്ക് സൂക്ഷിക്കാവുന്നതാണ്.

വസ്തു നികുതി പരിഷ്കരണത്തിന്റെ പുരോഗതി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.29/21.01.2017) പുതിയ കെട്ടിടങ്ങൾക്ക് (01.10.2014 ലെ കൗൺസിൽ തീരുമാനമനുസരിച്ച് പുതിയ നിരക്ക് നിർണയിച്ചത്) മാത്രമാണ് നികുതി ഈടാക്കുന്നത് എന്നും പഴയ കെട്ടിടങ്ങളിൽ റിവിഷൻ നടത്തുന്നതിന്ന് മതിയായ ജീവനക്കാരില്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ സാധിച്ചില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. മറുപടി അംഗീകരിക്കുന്നില്ല. വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം 2013-14 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കേണ്ടിയിരുന്ന പുതുക്കിയ വസ്തുനികുതി 2016-17 സാമ്പത്തിക വർഷത്തിലും ഈടാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. ഇനിയും ഏകദേശം 35000 ത്തിലധികം കെട്ടിടങ്ങളെയാണ് വസ്തുനികുതി പരിഷ്കരണ നടപടിയിലൂടെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തി ഓരോ കെട്ടിടത്തിന്റേയും തറവിസ്തീർണം കണക്കാക്കി അടിയന്തിരമായി പൂർത്തിയാക്കേണ്ടത്. 2013 ഏപ്രിൽ മുതൽ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി അടക്കുന്ന എല്ലാ നികുതിദായകരേയും 2011 ജനവരി 14 മുതൽ 2014 ഒക്ടോബർ 1 വരെ പുതിയ നികുതിദായകരേയും തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണയിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത് പൂർത്തിയാക്കാത്തത് മൂലം നഗരസഭാ ഫണ്ടിനുണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കാത്തതാണ്. ഓരോ ദിവസം വൈകുംതോറും ജനങ്ങളുടെ മേൽ കുടിശ്ശിക കൂടി കൂടി വരുകയാണ്. അടിയന്തിരമായി നിർത്തിവെച്ച ഡാറ്റാ എൻട്രി തുടരേണ്ടതും കുടിശ്ശക പിരിച്ചെടുക്കേണ്ടതുമാണ്.

<u>സഞ്ചയ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയില്ല</u>

വസ്തു നികുതി ഓൺലൈൻ വൽകരണത്തിന്റെ ഭാഗമായി ഇൻഫോർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് സഞ്ചയ- എന്നാൽ ജീവനക്കാർക്കിടയിൽ സഞ്ചയ സോഫ്റ്റ്‌വെയറിനെ കുറിച്ച് യാതൊരു അറിവും ഇല്ല. പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോളും അത് സഞ്ചയ സോഫ്റ്റ്‌വെയറിൽ എന്റർ ചെയ്യാത്തത് മൂലം നികുതി പിരിവ് ക്ലേശകരമായി മാറുന്നു. നികുതി പിരിവ് മാന്വൽ രസീതി ഉപയോഗിച്ച് നടത്തുന്നതിനാലാണ് സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിക്കാതിരുന്നത്. ഔട്ട് ഡോർ കളക്ഷൻ വേണ്ടി ഉപയോഗിക്കുന്ന രസീതി ബുക്കാണ് ഓഫീസിലും ഉപയോഗിക്കുന്നത്. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഓഫീസിൽ സാംഖ്യ രസീതി മാത്രമേ വസ്തു നികുതി അടച്ചവർക്ക് നൽകാവൂ. ഒരു കാരണവശാലും ഔട്ട് ഡോർ കളക്ഷൻ പിരിവ് ഓഫീസിൽ അനുവദിക്കരുത്

<u>ഓഫീസിലെ ഔട്ട് ഡോർ കളക്ഷൻ പിരിവ് -ഓഡിറ്റ് അംഗീകരിക്കുന്നില്ല</u>

സ.ഉ(കൈ) 246/2011 ത.സ്വ.ഭ.വ തി: 13.10.2011 പ്രകാരം നഗരസഭയുടെ അക്കൗണ്ടുകൾ കംപ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞാൽ മുനിസിപ്പാലിറ്റിക്ക് വേണ്ടി സ്വീകരിക്കുന്ന എല്ലാ പണമിടപാടുകൾക്കും പ്രിന്റ് ചെയ്ത സാംഖ്യ രസീതികളാണ് നൽകേണ്ടത്. ഒരു കാരണവശാലും കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതികൾ നൽകരുത്. എന്നാൽ നഗരസഭയുടെ ഔട്ട് ഡോർ കളക്ഷൻ രസീത് ബുക്ക് പരിശോധിച്ചപ്പോൾ ശ്രീമതി അനിത ടി എന്ന ബിൽ കളക്ടർക്ക് 2015-16 മുതൽ നാളിതു വരെ 266 മാന്വൽ രസീതി ബുക്കുകൾ ഇഷ്യു ചെയ്തിട്ടുണ്ട് , ഇഷ്യു ചെയ്ത മുഴുവൻ രസീതി ബുക്കുകളും ഫീൽഡിൽ പോവാൻ സാധിക്കാത്ത (PH) ശ്രീമതി. അനിത ടി എന്നവർ ഓഫീസിലിരുന്ന് ഔട്ട് ഡോർ രസീതി ബുക്ക് ഉപേയാഗിച്ച് നികുതി പിരിച്ചെടുക്കുകയാണ് ചെയ്യുന്നത്. വൈകുന്നേരം പിരിച്ചെടുത്ത മുഴുവൻ തുകയും ചിട്ടയിൽ രേഖപ്പെടുത്തി ഡിമാന്റ് ചെയ്ത് സാംഖ്യയിൽ അടവാക്കുന്നു. എന്നാൽ ഈ രീതി ക്രമ പ്രകാരമല്ല. ഔട്ട് ഡോർ രസീതി ബുക്കുകൾ ഉപയോഗിക്കേണ്ടത് ബിൽ കളക്ടർമാർ ഫീൽഡിൽ പോകുന്ന സമയങ്ങളിലാണ്. നഗരസഭ 2 കൗണ്ടറുകൾ (ഒരെണ്ണം ക്യാഷ് കൗണ്ടർ) ഫ്രണ്ട് ഓഫീസായി പ്രവർത്തിപ്പിക്കുന്നുണ്ട്. ആയതിനാൽ ഓഫീസിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ഉപയോഗപ്പെടുത്തി നികുതി കളക്ട് ചെയ്യേണ്ടതാണ്. ഓഫീസിലിരുന്ന് നികുതി പിരിച്ചെടുക്കുന്നതിന് ഒരു കാരണവശാലും മാന്വൽ രസീതി ബുക്ക് ഇഷ്യു ചെയ്യരുത്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് സർക്കാർ അനുവദിച്ച നികുതി ഇളവ് നഗരസഭ നൽകിയില്ല

വസ്തു നികുതി സംബന്ധിച്ച പരിഷ്കരണ നടപടികൾ യഥാസമയം നടപ്പിലാക്കാതെ ഭരണ സമിതി മാറ്റിവെച്ചിരുന്നു. മിനുട്സിന്റെ പകർപ്പ് ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി നൽകിയില്ല. ഇത് സംബന്ധിച്ച് പ്രാധാനകാരണമായി ചൂണ്ടികാണിച്ചത് പാവപ്പെട്ട ജനവിഭാഗത്തിന് അമിത നികുതി ഭാരം ഉണ്ടാവുമെന്നാണ്. എന്നാൽ സ.ഉ (കൈ) 144/2015 ത.സ്വ.ഭ.വ തീ 27.04.2015 ന് വന്ന ഉത്തരവ്(സ്പഷ്ടീകരണം – സ.ഉ (കൈ) 358/2015 ത.സ്വ.ഭ.വ തീ 16.12.2015 ) അനുസരിച്ച് 2015-16 സാമ്പത്തിക വർഷം മുതൽ 660 സ്ക്വയർ ഫീറ്റ് (61.34ച.മീ) വരെ വിസ്തീർണമുള്ള എല്ലാ വാസഗൃഹങ്ങളേയും വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ഈ ആനുകൂല്യം നഗരസഭാ പരിധിയിലെ വാസഗൃഹങ്ങൾക്ക് നാളിതുവരെ അനുവദിച്ച് നൽകിയിട്ടില്ല.

അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയില്ല.

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ സ്ഥിരം സമിതി ചെയർമാൻ ധന ജാഗ്രത പദ്ധതിയിലൂടെ 50 ലക്ഷം രൂപ വരുമാനമുണ്ടാക്കുന്നതിനെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നഗരസഭയിലെ നികുതി രഹിത കെട്ടിടങ്ങളെ (Unauthorised constrútions) സർവ്വേ നടത്തി കണ്ടെത്തുവാനും അവക്കെതിരെ കേരള മുനിസിപ്പാലിറ്റീസ് നിയമം , വകുപ്പ് 242 പ്രകാരം നികുതി തിട്ടപ്പെടുത്തി ഈടാക്കാനുമാണ് ധന ജാഗ്രത പദ്ധതി ലക്ഷ്യം വെക്കുന്നത്. വസ്തു നികുതിയുമായി ബന്ധപ്പെട്ട നോട്ട് ഫയലിലും നഗരസഭാ പരിധിയിൽ ധാരാളം നമ്പറില്ലാത്ത കെട്ടിടങ്ങളുണ്ടെന്ന് റിപ്പോർട്ട് ചെയതതായി കാണുന്നു. 2015-16 ബഡ്ജറ്റിൽ ഈ ഇനത്തിൽ 1 കോടി രൂപ പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ 2015-16 മുതൽ യു.എ നമ്പർ അനുവദിച്ച് നലകിയത് വെറും 14 എണ്ണത്തിനു മാത്രമാണ്. സർക്കുലർ 49296/ആർ.എ1/09/ ത.സ്വ.ഭ.വ തി 10.08.2009 , സ.ഉ(കൈ) 149/2012 ത.സ്വ.ഭ.വ തി 04.06.2012 , സ.ഉ(കൈ) 211/2012 ത.സ്വ.ഭ.വ തി 04.08.2012 , എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ചാണ് അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയിട്ടുള്ളത്. അനധികൃത കെട്ടിടങ്ങളെ സംബന്ധിക്കുന്ന രജിസ്റ്ററിൽ 144 കെട്ടിടങ്ങൾക്കാണ് നാളിതു വരെ യു.എ നമ്പർ നൽകി ഉത്തരവായിട്ടുള്ളത്. എന്നാൽ ഡിമാന്റ് / കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാൽ ടി കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനായില്ല. ടി കെട്ടിടങ്ങളിൽ നിന്ന് നിലവിൽ ഏത് വരെയാണ് നികുതി ഈടാക്കിയിട്ടുള്ളത് എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സ.ഉ (കൈ) നമ്പർ 170/2016 ത.സ്വ.ഭ.വ തിയ്യതി 16.11.2016(174/2016 ത.സ്വ.ഭ.വ തിയ്യതി 23.11.2016) പ്രകാരം കെട്ടിട നിർമാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ച് നൽകാൻ കഴിയാത്തതും ഇപ്പോൾ നിർമാണം പൂർത്തിയാക്കിയിട്ടുള്ള 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് യു എ നമ്പർ നൽകി നിയമ പ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തു നികുതി ഈടാക്കുന്നതിനും അതാതു നഗരസഭകൾക്ക് അധികാരം നൽകി ഉത്തരവായിട്ടുണ്ട്. നഗരസഭാ പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും കേരള മുനിസിപ്പാലിറ്റീസ് നിയമം , വകുപ്പ് 242 പ്രകാരം വസ്തു നികുതി മുൻകാല പ്രാബല്യത്തോടു കൂടി ഈടാക്കുകയും വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്ററുകൾ തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

വസ്തു നികുതി പരിഷ്കരണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതാണ്.

നഗരസഭാ പരിധിയിലെ 35000 ത്തിലധികം വരുന്ന കെട്ടിടങ്ങളുടെ തറവിസ്തീർണം ഫീൽഡിൽ പോയി ഓരോ കെട്ടിടത്തിന്റേയും തറവിസ്തീർണം കണക്കാക്കി അത് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി ചെയ്ത്

അപാകതകൾ പരിഹരിക്കേണ്ടതാണ്. പുതിയ കെട്ടിടങ്ങളുടെ നമ്പറിംഗ് അന്നന്ന് തന്നെ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. 51 ഇലക്ഷൻ വാർഡിൽ യുദ്ധകാലാടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് പ്രിന്റ് എടുത്ത അസസ്മെന്റ് രജിസ്റ്റർ , ഡിമാന്റ് രജിസ്റ്റർ എന്നിവ ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഓൺലൈൻ പേയ്മെന്റ് സൗകര്യം ഉടനടി ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ക്രമവൽകരണ അപേക്ഷയിൽ വസ്തു നികുതി തെറ്റായി നിർണയിച്ച് അനഹർമായ ഇളവ് നൽകി.നഗരസഭക്ക് 10,082 രൂപയുടെ നഷ്ടം

100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പ് കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 70 രൂപ/ ച.മീ ആയാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ളത് (31.10.2014 ലെ 14 ാം നമ്പർ തീരുമാനം). 22.04.2015 ന് ശ്രീ.ചന്ദ്രശേഖരൻ, മഠത്തിൽ ഹൗസ്, പള്ളപ്രം, പൊന്നാനി എന്നവരുടെ ക്രമവൽകരണ അപേക്ഷക്ക് മുനിസിപ്പൽ എഞ്ചിനീയർ 128.01 ച.മീറ്റർ (താഴത്തെ നില – 64.62 M2, ഒന്നാം നില -63.39 M2,)തറവിസ്തീർണ്ണമുള്ള ഷോപ്പ് കെട്ടിടത്തിന് ഒക്കുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചു. എന്നാൽ നമ്പറിംഗ് സമയത്ത് (25.04.2015 മുതൽ പ്രാബല്യം)താഴത്തെ നിലയുടെ തറവിസ്തീർണം പരിഗണിക്കാതെ വസ്തു നികുതി നിർണയിച്ചപ്പോൾ 6242/- രൂപ നഗരസഭക്ക് വാർഷിക നഷ്ടം സംഭവിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| വാർഡ് നമ്പർ / കെട്ടിട നമ്പർ | 32/ 538 A , B | | | |
| പഴയ വാർഡ് നമ്പർ/ കെട്ടിട നമ്പർ | PMC - 31/ 165 C | | | |
| തറവിസ്തീർണ്ണം | 128.01 ച.മീറ്റർ | 128.01ച.മീറ്റർ<br>(64.62 ച.മീറ്റർ – താഴത്തെ നില<br>63.39ച.മീറ്റർ-ഒന്നാം നില) | 63.39ച.മീറ്റർ<br>ഒന്നാം നിലക്ക് മാത്രമേ വസ്തു നികുതി ചുമത്തിയുള്ളൂ. | 64.62 ച.മീറ്റർ<br>താഴത്തെ നില പരിഗണിച്ചില്ല |
| അടിസ്ഥാന വസ്തുനികുതി നിരക്ക് (100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പ് കെട്ടിടങ്ങൾ) | ₹ 70/ ഒരു ച.മീറ്റർ | 12187<br>128.01 x 70 = 8961<br>ഇളവ്- 0<br>വർദ്ധനവ്: വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ-20% =1792<br>ആകെ- 10753<br>ഗ്രന്ഥ ശാല വരി 5% 538<br>സേവന ഉപനികുതി 10% -1075<br>ആകെ-12,366 | ആകെ-6122<br>63.39x70=<br>4437<br>ഇളവ്- 0<br>വർദ്ധനവ്: വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ-20% =887<br>ആകെ- 5324<br>ഗ്രന്ഥ ശാല വരി 5% 266<br>സേവന ഉപനികുതി 10% -532<br>ആകെ-6122 | 6242<br>64.62x70=<br>4523<br>ഇളവ്- 0<br>വർദ്ധനവ്: വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ-20% =905<br>ആകെ- 5428<br>ഗ്രന്ഥ ശാല വരി 5% 271<br>സേവന ഉപനികുതി 10% -543<br>ആകെ-6242 |

| | | | | |
|---|---|---|---|---|
| | | | | |

2) 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം, ചട്ടം 144 (3) പ്രകാരം കെട്ടിടനിർമ്മാണ ക്രമവത്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടം 135(2) പ്രകാരം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഒരു പുതിയ കെട്ടിട പെർമിറ്റിനു വേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണ്. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.11.2015 ലെ 229813/ആർ.ഡി.2/15/തസ്വഭവ നമ്പർ സ്പഷ്ടീകരണം).

ഗ്രൂപ്പ് എ1 വിനിയോഗമൊഴികെയുള്ള കെട്ടിടങ്ങൾ - 10 / ച.മീ

തറ വിസ്തീർണ്ണം (ച.മീ) - 128.01

റഗുറലൈസേഷൻ ഫീ- 128.01X20 = 2560

പെർമിറ്റ് ഫീ - 128.01x10 = 1280


ആകെ = 3840


വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടമുകയായ 6242 രൂപ + 3840 = 10,082 ഉത്തരവാദിയായ സെക്രട്ടറി ശ്രീ. വി.ജെ.കുര്യൻ – നിന്നും ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36 – 23/01/2017) മറുപടി നൽകിയില്ല.

## **2-4** <u>വാർത്താ വിനിമയ ഗോപുരം ക്രമവൽകരിച്ചു നൽകിയില്ല, നഗരസഭക്ക് **34384** രൂപയുടെ നഷ്ടം</u>

നഗരസഭയുടെ 28ാം വാർഡിൽ നഗരസഭയിൽ നിന്ന് പെർമിറ്റ് കൂടാതെ നിർമിക്കുകയും പൂർണമായും പ്രവത്തിച്ചു കൊണ്ടിരിക്കുന്നതുമായ മൊബൈൽ ടവറ് ക്രമവൽകരിച്ചു നൽകുന്നതിന്ന് 22.08.2015 ന് അപേക്ഷ സമർപ്പിക്കുകയും പിന്നീട് ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 130 ചൂണ്ടിക്കാണിച്ച് മുനിസിപ്പൽ എഞ്ചിനീയർ അപേക്ഷ നിരസിച്ചു. ക്രമവൽകരണത്തിന്റെ സാധ്യത(ചട്ടം 143) പരിശോധിക്കാതെ ടി അപേക്ഷ നിരസിച്ചു കൊണ്ട് സെക്രട്ടറി 06.01.2016 ന് അറിയിപ്പ് നൽകി. എന്നാൽ നിലവിൽ ടവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഈയിനത്തിൽ നഗരസഭക്ക് അപേക്ഷാ ഫീസിനത്തിൽ 80 രൂപ മാത്രമാണ് കക്ഷി ഒടുക്കിയിട്ടുള്ളത്.

| അപേക്ഷകന്റെ പേര് | വിലാസം | ടവർ നിർമാണം പൂർത്തീകരിച്ച തീയ്യതി | നഗരസഭയിൽ അപേക്ഷ സമർപിച്ച തീയതി | നഗരസഭ അപേക്ഷ നിരസിച്ചു കൊണ്ട് അറിയിപ്പ് നൽകിയത് | റിമാർക്സ് |
|---|---|---|---|---|---|
| Viom Networks Ltd | 50, J&Co Chambers, Edapally- 68024 , Ernakulam<br>PH- 9947037340 | 08.08.2015 | 22.08.2015<br>ഇ – ഫയലിംഗ് | 06.01.2016<br>(കെ.എം.ബി.ആർ ചട്ടം 130 ) | ടവറിന്റെ ഉയരം - 50 മീ<br>ഷെൽട്ടർ - 2.50 x2.13 = 5.33 m2<br>ഡി.ജി - 2.2x1 = 2.20 m2<br>ആകെ - 7.53 m2<br>(5.33+2.2) |




APPENDIX-IV

നമ്പർ E2/334/15-16 തീയതി 06/01/2016

സൂചന 20/10/15

VIOM Networks Ltd

Pin 682024

മൊബൈൽ ടവറിന്റെ അപേക്ഷാ ഫീസിനത്തിൽ 1000 രൂപയും പെർമിറ്റ് ഫീസിനത്തിൽ 10,000 രൂപയും (ക്രമവൽകരണം - 30,000) ,രൂപയുമാണ് ഒടുക്കേണ്ടത്. നഗരസഭ നിശ്ചയിച്ച മൊബൈൽ ടവറിന്റെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു ച.മീറ്ററിന് 400 രൂപയാണ് .

അടിസ്ഥാന നിരക്ക് 7.53 x 400 = 3012

സേവന ഉപനികുതി 10% - = 301

ഗ്രന്ഥ ശാല വരി 5% - = 151

ആകെ - 3464

വസ്തു നികുതി ഇനത്തിൽ നഗരസഭക്ക് വാർഷികമായി 3464 നഷ്ടമായി.

മൊബൈൽ ടവറിന്റെ അപേക്ഷ യഥാസമയം ക്രമവൽകരിച്ചു നൽകാത്തതിനാൽ നഗരസഭാ ഫണ്ടിനുണ്ടായ 34384 രൂപയുടെ നഷ്ടം തെറ്റായി സാങ്കേതിക സഹായം നൽകിയ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. രാജ ഗോപാൽ പി എൻ-ൽ നിന്നും ക്രമവൽകരിക്കുന്നതിന് സെക്രട്ടറിക്കുള്ള അധികാരത്തിന്റെ സാധ്യത പരിശോധിക്കാതെ അപേക്ഷ നിരസിച്ച മുനിസിപ്പൽ സെക്രട്ടറി ശ്രീ. ഡി സാജു വിൽ നിന്നും നഷ്ട തുക ഉല്യമായി ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37 – 24/01/2017) മറുപടി നൽകിയില്ല.

## 2-5 തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കുന്നില്ല; നഗരസഭാ ഫണ്ടിന് വൻ ഇടിവ് സംഭവിക്കുന്നു

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിഷ്കകർഷിച്ചിട്ടുള്ള പ്രകാരം രജിസ്റ്ററുകളും രേഖകളും നഗരസഭ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2015-16 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി (ട്രേഡേഴ്സ്)ഇനത്തിൽ ലഭിച്ച വരവിന്റേയും സാമ്പത്തിക വർഷാവസാനം കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള 20,15,233/- (തന്നാണ്ട് – 2,61,580 + അരിയർ – 17,53,653) രൂപയുടേയും ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

അപാകങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1). ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ അനേകം സ്ഥാപനങ്ങളുടെ പേരുകൾ ഒരേ പേജിൽ തന്നെ രേഖപ്പെടുത്തുകയും, അവയ്ക്ക് നേരെ അടവാക്കിയ ആകെ തുക ഭാഗികമായി മാത്രം രേഖപ്പെടുത്തുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളുടെയും, ഓഫീസർമാരുടേയും അടവ് വിവരം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഡിമാന്റ് രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ച് കാലികമാക്കി ബന്ധപ്പെട്ട റിട്ടേണുകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2). വ്യക്തികൾ/സ്ഥാപനങ്ങൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിക്കേണ്ടതാണ്.
3). വാർഷിക കണക്ക് പ്രകാരം (B-15 ഷെഡ്യൂൾ) കുടിശ്ശികയിനത്തിൽ 20,15,233/- രൂപ (തന്നാണ്ട് – 2,61,580 + അരിയർ – 17,53,653) രൂപ ലഭിക്കാനുണ്ടെങ്കിലും അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരു നടപടികളും സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി അരിയർ തുക കൃത്യമായി കണക്കാക്കേണ്ടതും, ആയത് പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.
4). 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245- ാം വകുപ്പ് പ്രകാരം ഓരോ നഗരസഭാ പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഓരോ സ്ഥാപനങ്ങളുടേയും , ആകെ 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ അനേകം സ്ഥാപനങ്ങളും വ്യക്തികളും തൊഴിൽ നികുതിക്ക് വിധേയരായിട്ടില്ല. പൊന്നാനിയിലെ വിവിധ കോടതികളിൽ അനേകം അഭിഭാഷകർ പ്രാക്ടീസ് നടത്തുന്നുണ്ടെങ്കിലും വളരെ കുറച്ചുപേർ മാത്രമേ നഗരസഭയിൽ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളൂ. മുനിസിപ്പാലിറ്റിയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, മുനിസിപ്പാലിറ്റി പരിധിയിലുള്ള റേഷൻകട ഉടമസ്ഥർ ആരും തന്നെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (എസ്.ആർ. ഒ. നം. 539/2005 ) ചട്ടം 3 (2)(3) പ്രകാരം പൊതുവിൽപ്പന നികുതി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവടസ്ഥാപനങ്ങൾക്ക് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റി പരിധിയിലുള്ള റേഷൻകട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കികാണുന്നില്ല.
അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകളും റിട്ടേണുകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

5.ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച വരവ് (വാർഷിക ധനകാര്യ പത്രിക )താഴെ പറയും പ്രകാരമാണ്

| വർഷം | 2013-14 | 2014-15 | 2015-16 |
|---|---|---|---|
| തൊഴിൽ നികുതി | 44,94,213 | 47,00,205 | 46,56,345 |

വർഷം തോറും കൂടി വരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 2014-15 നെ അപേക്ഷിച്ച് ശമ്പള പരിഷ്കരണത്തിനോടനുബന്ധിച്ച് ഏകദേശം 50 ലക്ഷത്തിധികം ലഭിക്കേണ്ട സാഹചര്യത്തിൽ വൻ ഇടിവ് ആണ് സംഭവിച്ചിരിക്കുന്നത്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ തികഞ്ഞ ലാഘവബുദ്ധിയാണ് കാണിക്കുന്നത്. ഇതിൽ നിന്നും തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൻ വൻ വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.
തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-6 സാംഖ്യ – സൂചിക സ്റ്റേഷനറി രജിസ്റ്റർ സൂക്ഷിപ്പ് ക്രമപ്രകാരമല്ല

സർക്കുലർ നമ്പർ 48544/എബി1/13ത.സ്വ.ഭ.വ തി: 22.04.2014 ഫ്രണ്ട് ഓഫീസ് വഴി ഉപയോഗിക്കേണ്ട സ്റ്റേഷനറികൾ കൈകാര്യം ചെയ്യേണ്ടത് അക്കൗണ്ടന്റ്മാരുടെ ഉത്തരവാദിത്വത്തിലായിരിക്കണം. എന്നാൽ മുനിസിപ്പാലിറ്റിയിൽ സാംഖ്യ – സൂചിക സ്റ്റേഷനറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പുതിയ സാംഖ്യ – സൂചിക

രസീതികൾ വാങ്ങിയതും നിലവിൽ എത്ര രസീതി ബുക്ക് അവശേഷിക്കുന്നു എന്നും നഗരസഭയിൽ രേഖയില്ല. ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയപ്പോൾ സ്റ്റോർ റൂമിൽ സാംഖ്യ രസീതിയുടെ കെട്ട് അടുക്കം ചിട്ടയുമില്ലാതെ കൂട്ടിയിട്ടിട്ടുണ്ട്. സാംഖ്യ – സൂചിക രസീതികളുടെ അതാത് സമയങ്ങളിലെ കൊടുക്കൽ-വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്. നിലവിലുള്ള രസീതുകളുടെ കണക്ക് എണ്ണിതിട്ടപ്പെടുത്തി സ്റ്റോക്കിലെടുത്ത് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-7 കെട്ടിട നിർമാണ പെർമിറ്റ് - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

1. റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ 1999 -ലെ ചട്ടം 146 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ , ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ നഗരസഭ ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ക്രമവൽക്കരണത്തിനു വേണ്ടി അപേക്ഷിച്ച മുഴുവൻ അപേക്ഷകളുടേയും വിവരങ്ങൾ രജിസ്റ്ററിൽ കാലികമാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. വാർഷിക ധനകാര്യ പത്രിക പ്രകാരം ബിൽഡിംഗ് റഗുലൈസേഷൻ ഫീ ഇനത്തിൽ ലഭിച്ച ഫീസും , ആപ്ലിക്കേഷൻ ഇനത്തിൽ ലഭിച്ച ഫീസും ഉൾപ്പെടുത്തിയില്ല. ഇത് സംബന്ധിച്ച നൽകിയ 08.01.17 ലെ 26-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ""ആപ്ലിക്കേഷൻ ഫീസ്, പെർമിറ്റ് ഫീസ് , റഗുലൈസേഷൻ ഫീസ് എന്നിവയല്ലാം പെർമിറ്റ് എന്ന ഹെഡിൽ രേഖപ്പെടുത്തുന്നതിനാലാണ് "" എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ ഇത് ശരിയായ നടപടി ക്രമമല്ല. ആയതിനാൽ ഓരോ ഇനത്തിലും കിട്ടുന്ന ഫീസ് അതാത് ഹെഡിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

3.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ വർഷാന്ത്യത്തിൽ ക്ലോസ് ചെയ്ത് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. പെർമിറ്റ് രജസ്റ്ററിൽ പെർമിറ്റ് ഫീസ് രേഖപ്പെടുത്തുന്നില്ല.
ടി അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 26 – 18/01/2017)ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 തനത് ഫണ്ട് കൈകാര്യം ചെയ്യാൻ ട്രഷറി അക്കൗണ്ട് കൂടാതെ 2 ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല

സർക്കുലർ നമ്പർ 58725/എഫ്.എം.3.2008/ തസ്വഭവ/26.5.2011 അനുസരിച്ച് തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃതബാങ്കിലോ സഹകരണബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രമായി നിക്ഷേപിക്കണം. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ അരുത്. എന്നാൽ നഗരസഭയിൽ തനത് വരുമാനം സൂക്ഷിക്കാൻ ട്രഷറി അക്കൗണ്ടിന് പുറമെ 2 ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്.നിലവിൽ തനത് ഫണ്ട് സൂക്ഷിക്കുന്നത് പഞ്ചാബ് നാഷണൽ ബാങ്കിലാണ്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിപ്പ് | 19.01.2017 ലെ പാസ്ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പൊന്നാനി | 57064765656 | 2469286.46 | 24,31,361 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് , ചന്തപ്പടി, | 4340002100003485 | 1,06,11,577 | 14,48,160.94 |

| | പൊന്നാനി | | | |
|---|---|---|---|---|

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27 – 20/01/2017) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി നില നിർത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തനത് വരുമാനം ട്രഷറി അക്കൗണ്ട് കൂടാതെ ഒറ്റ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്.

## 2-9 കാഷ് ബുക്ക് , ബാങ്ക് ബുക്ക് എന്നിവ ദിവസേന പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്) ചട്ടങ്ങൾ 2007, ചട്ടം 5, 6, നഗരസഭയുടെ കാഷ് ബുക്കും ബാങ്ക് ബുക്കും അക്കൗണ്ടന്റ് സൂക്ഷിക്കേണ്ടതാണ്. കാഷ് ബുക്ക് ,ബാങ്ക് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യേണ്ടതാണ്. കാഷ്യറുടെ കൈവശമുള്ള കാഷ് ബാലൻസും കാഷ് ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് അക്കൗണ്ട്സ് ഓഫീസറോ , അക്കൗണ്ട്സ് ഓഫീസർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാഷ് ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. ഓരോ ദിവസത്തെ ക്യാഷ് ബുക്ക് , ബാങ്ക് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അക്കൗണ്ട്സ് ചട്ടങ്ങൾക്ക് വിരുദ്ധമായ നടപടിയാണ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

## 2-10 പരസ്യനികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല

17.08.2011 ലെ സ.ഉ (അ) 188/2011ത.സ്വ.ഭ.വ(എഫ്.എം) എസ്.ആർ.ഒ 563/11 ഉത്തരവ് പ്രകാരം പരസ്യ നികുതി പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് നഗരസഭയുടെ ധനകാര്യ സ്ഥിരം സമിതിയുടെ 31.01.2012 ലെ യോഗത്തിൽ പരസ്യ നികുതി പുതുക്കുന്നതിന് കൗൺസിലിന് ശുപാർശ ചെയ്തു. 23.02.2012 ലെ കൗൺസിൽ മീറ്റിംഗിൽ നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2014 വരെ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. 28.08.2014 ജി1/2924/2014 നമ്പർ കത്തിലുള്ള നഗരകാര്യ ഡയറക്ടറുടെ നിർദേശ പ്രകാരം 2014-15 സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് എല്ലാ നഗരസഭകളും ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങണമെന്ന് നിർദേശിക്കുകയും കൗൺസിൽ അംഗീകാരത്തോടെ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 17.11.2014 ന് ബൈലോ തയ്യാറാക്കി സമർപ്പിച്ചു എന്ന് നോട്ട് ഫയിലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് 19.11.2014 ന് ധനകാര്യ സമിതിയുടെ 2ാം നമ്പർ തീരുമാന പ്രകാരം ബൈലോ അംഗീകരിച്ച് കൗൺസിൽ തീരുമാനത്തിനായി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. പരസ്യ നികുതി ബൈലോ അംഗീകാരം നേടാനുള്ള നടപടി ത്വരതപ്പെടുത്തേണ്ടത്.

## 2-11 ഡി ആന്റ് ഒ ലൈസൻസ് പിരിവ് കാര്യക്ഷമമല്ല

2015-16 സാമ്പത്തിക വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് പിരിവ് സംബന്ധിച്ച് വാർഡ് തലത്തിൽ അവലോകനം താഴെ കൊടുക്കുന്നു

| വാർഡ് നമ്പർ | 2015-16 ൽ ലൈസൻസ് പുതുക്കിയവരുടെ എണ്ണം (A) | 2015-16 ൽ ലൈസൻസിന് പുതുതായി അപേക്ഷിച്ചവരുടെ എണ്ണം (B) | 2015-16 ൽ ലൈസൻസ് അപേക്ഷകരുടെ ആകെ എണ്ണം (C) | 2014-15 ൽ ലൈസൻസ് അപേക്ഷകരുടെ എണ്ണം (D) | കുറവ് (-)/ കൂടുതൽ(+) (A-D) |
|---|---|---|---|---|---|
| EP -1 | 39 | 0 | 39 | 40 | (-) 1 |
| EP -2 | 8 | 1 | 9 | 8 | 0 |
| EP -3 | 55 | 12 | 67 | 60 | (-) 5 |
| EP -4 | 31 | 2 | 33 | 33 | (-) 2 |
| EP -5 | 71 | 0 | 71 | 65 | (+) 6 |
| EP -6 | 25 | 8 | 33 | 29 | (-) 4 |

| | | | | | |
|---|---|---|---|---|---|
| EP -7 | 372 | 33 | 405 | 443 | (-) 71 |
| EP -8 | 166 | 6 | 172 | 146 | (+) 20 |
| EP -9 | 33 | 1 | 34 | 36 | (-) 3 |
| EP -10 | 23 | 2 | 25 | 27 | (-) 4 |
| EP -11 | 15 | 0 | 15 | 13 | (+) 2 |
| EP -12 | 11 | 1 | 12 | 11 | 0 |
| ആകെ | 849 | 66 | 915 | 911 | (-62) |
| PMC -1 | 22 | 0 | 22 | 22 | 0 |
| PMC -2 | 0 | 0 | 0 | 0 | 0 |
| PMC -3 | 4 | 0 | 4 | 4 | 0 |
| PMC -4 | 7 | 0 | 7 | 7 | 0 |
| PMC -5 | 9 | 0 | 9 | 11 | (-) 2 |
| PMC -6 | 5 | 0 | 5 | 6 | (-) 1 |
| PMC -7 | 6 | 1 | 7 | 6 | 0 |
| PMC -8 | 5 | 0 | 5 | 4 | 1 |
| PMC -9 | 6 | 0 | 6 | 6 | 0 |
| PMC -10 | 62 | 0 | 62 | 60 | 2 |
| PMC -11 | 2 | 0 | 2 | 3 | (-) 1 |
| PMC -12 | 17 | 0 | 17 | 17 | 0 |
| PMC -13 | 6 | 0 | 6 | 5 | 1 |
| PMC -14 | 11 | 0 | 11 | 9 | 2 |
| PMC -15 | 12 | 0 | 12 | 14 | -2 |
| PMC -16 | 8 | 0 | 8 | 11 | -3 |

| | | | | | |
|---|---|---|---|---|---|
| PMC -17 | 40 | 0 | 40 | 31 | 9 |
| PMC -18 | 70 | 2 | 72 | 67 | 3 |
| PMC -19 | 21 | 3 | 24 | 20 | 1 |
| PMC -20 | 6 | 0 | 6 | 6 | 0 |
| PMC -21 | 16 | 0 | 16 | 18 | -2 |
| PMC -22 | 38 | 3 | 41 | 34 | 4 |
| PMC -23 | 68 | 3 | 71 | 67 | 1 |
| PMC -24 | 46 | 7 | 53 | 48 | -2 |
| PMC -25 | 47 | 6 | 53 | 50 | -3 |
| PMC -26 | 26 | 1 | 27 | 26 | 0 |
| PMC -27 | 113 | 11 | 124 | 120 | -7 |
| PMC -28 | 69 | 8 | 77 | 80 | -11 |
| PMC -29 | 69 | 0 | 69 | 66 | 3 |
| PMC -30 | 60 | 11 | 71 | 69 | -9 |
| PMC -31 | 44 | 1 | 45 | 46 | -2 |
| PMC -32 | 51 | 9 | 60 | 51 | 0 |
| ആകെ | 966 | 66 | 1032 | 984 | (-18) |

(EP = ഈഴവത്തിരുത്തി പഞ്ചായത്ത് PMC= പൊന്നാനി മുനിസിപ്പാലിറ്റി)

ഡി ആന്റ് ഒ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1.റവന്യൂ വാർഡ് ഈഴവത്തിരുത്തി പഞ്ചായത്തിലെ 12 വാർഡുകളിൽ 2014-15 ലെ ആകെ 911 അപേക്ഷകരിൽ 2015-16 വർഷത്തിലെ ലൈസൻസ് പുതുക്കിയവരുടെ എണ്ണം 849 മാത്രമാണ് (62 പേരുടെ കുറവ്). പൊന്നാനി മുനിസിപ്പാലിറ്റിയിലെ 32 വാർഡുകളിൽ 2014-15 ലെ 1044 അപേക്ഷകരിൽ 2015-16 ലൈസൻസ് പുതുക്കിയവരുടെ എണ്ണം 966 മാത്രമാണ് , 78 പേരുടെ കുറവ്. 2015-16 സാമ്പത്തിക വർഷത്തിൽ ആകെ ലൈസൻസ് എടുക്കാത്തവരുടെ എണ്ണം 80(18+62) പേരാണ്. ക്ലോസ്ഡ് കടകളുടെ രജിസ്റ്റർ നഗരസഭ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചില്ല.ടി ലൈസൻസ് ഉടമകൾ കട നിർത്തിയതായി അപേക്ഷ കൂടി ക്ലോസ്ഡ് കടകളുടെ രജിസ്റ്റർ സഹിതം സൂക്ഷിക്കേണ്ടതാണ്.

2. നഗരസഭയുടെ വാർഡുകളിൽ (EP -2,9,10,11,12), (MC -1,2,3,4,5,6,7,8,9,10,11) വാർഡുകളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം ഇലോം തുച്ഛമാണ്.

3 സർക്കുലർ (66562/RC3/12/തസ്വഭവ തിയ്യതി 10.01.2013) പ്രകാരം ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ് എന്നാണ്. എന്നാൽ പുതുക്കാൻ ലഭിച്ച അപേക്ഷകളിലൊന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമല്ല.

4. 2015-16 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നുള്ള രജിസ്ട്രേഷൻ ഇനത്തിൽ 3345 രൂപ ലഭിച്ചിട്ടുണ്ട് , ടി സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

| വാർഡ് നമ്പർ | ലൈസൻസ് അപേക്ഷകരുടെ എണ്ണം | വാർഡ് നമ്പർ | ലൈസൻസ് അപേക്ഷകരുടെ എണ്ണം | വാർഡ് നമ്പർ | ലൈസൻസ് അപേക്ഷകരുടെ എണ്ണം | വാർഡ് നമ്പർ | ലൈസൻസ് അപേക്ഷകരുടെ എണ്ണം |
|---|---|---|---|---|---|---|---|
| EP -1 | 39 | PMC -1 | 22 | PMC -12 | 17 | PMC -23 | 71 |
| EP -2 | 9 | PMC -2 | 0 | PMC -13 | 6 | PMC -24 | 53 |
| EP -3 | 67 | PMC -3 | 4 | PMC -14 | 11 | PMC -25 | 53 |
| EP -4 | 33 | PMC -4 | 7 | PMC -15 | 12 | PMC -26 | 27 |
| EP -5 | 71 | PMC -5 | 9 | PMC -16 | 8 | PMC -27 | 124 |
| EP -6 | 33 | PMC -6 | 5 | PMC -17 | 40 | PMC -28 | 77 |
| EP -7 | 405 | PMC -7 | 7 | PMC -18 | 72 | PMC -29 | 69 |
| EP -8 | 172 | PMC -8 | 5 | PMC -19 | 24 | PMC -30 | 71 |
| EP -9 | 34 | PMC -9 | 6 | PMC -20 | 6 | PMC -31 | 45 |
| EP -10 | 25 | PMC -10 | 62 | PMC -21 | 16 | PMC -32 | 60 |
| EP -11 | 15 | PMC -11 | 2 | PMC -22 | 41 | | |
| EP -12 | 12 | ആകെ A | 129 | ആകെ B | 253 | ആകെ C | 650 |
| ആകെ | 915 | | ആകെ (A+B+C) | | 1032 | ആകെ | 1947 |
| | | | പുതുതായി അപേക്ഷിച്ചവർ- 132 | | | 1947-132=1815 | |

5. 2015-16 ൽ ലൈസൻസ് എടുത്ത 1815 കച്ചവടക്കാരിൽ നിശ്ചിത സമയത്തിനുള്ളൽ പുതുക്കിയവർ 1414 പേര് മാത്രമാണ് , ബാക്കി 401 കച്ചവടക്കാരും നിശ്ചിത സമയത്തിന് (മാർച്ച് 1) ശേഷമാണ് പുതുക്കിയത്. യഥാസമയം ലൈസൻസ് എടുപ്പിക്കുന്നതിൽ ഹെൽത്ത് സെക്ഷൻ പരാജയപ്പെട്ടിരിക്കുന്നു. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ എല്ലാ കടകളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നില്ല

6. 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ തൻവർഷ കുടിശ്ശികയായി 15,301 രൂപയും

മുൻവർഷങ്ങളിലെ കുടിശ്ശികയായി 9,046 രൂപയുമുണ്ട്. കുടിശ്ശിക സംബന്ധിച്ച് വിവരങ്ങളൊന്നും സൂക്ഷിക്കുന്നില്ല.

7. നഗരസഭ അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/21.01.2017) മറുപടിയായി
(1) ക്ലോസ്ഡ് കടകളുടെ രജസ്റ്റർ സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.
(2) നഗരസഭയുടെ വാർഡുകളിൽ (EP -2,9,10,11,12), (MC -1,2,3,4,5,6,7,8,9,10,11) വാർഡുകളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം കുറയാനുള്ള കാരണം EP -2,9,10,11,12 എന്നീ വാർഡുകൾ ഈഴവത്തിരുത്തി മേഖലയിലെ ഉൾനാടൻ പ്രദേശങ്ങൾ ആയത്കൊണ്ടും (MC -1,2,3,4,5,6,7,8,9,10,11) വാർഡുകൾ കടലോര മേഖലയായതു കൊണ്ടും എന്നാണ് , വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്ന നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കടകളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
(3) ലൈസൻസ് പുതുക്കുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്താതിനു കാരണമായി ചൂണ്ടികാണിച്ചത് നഗരസഭയിൽ 51 ഇലക്ഷൻ വാർഡുകളും 44 റവന്യൂ വാർഡുകളുമാണ് ഉള്ളത്. 2013-14 സാമ്പത്തിക വർഷകാലയളവ് മുതൽ പൊന്നാനി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 ന്റെ ഒരു ഒഴിവ് നികത്തിയിട്ടില്ലാത്തത് കൊണ്ടുണ്ടായ സാഹചര്യം മൂലമാണ് സ്ഥല പരിശോധന നടത്താത്തത് എന്നാണ് അറിയിച്ചത്. മറുപടി അംഗീകരിക്കുന്നില്ല.ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്തേണ്ടതാണ് . ടി ഒഴിവ് അടിയന്തിരമായി നികത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
(4) പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു
(5) വൈകി ലൈസൻസ് എടുക്കുന്നവരിൽ നിന്ന് ബിലേറ്റഡ് ഫീസ്, പിഴ, കോമ്പൗണ്ടിംഗ് ഫീസ് , മാപ്പ് അപേക്ഷ എന്നിവ സ്വീകരിച്ചാണ് ലൈസൻസ് നൽകുന്നത് എന്ന് അറിയിച്ചു, എന്നാൽ ഇത് ക്രമപ്രകാരമല്ല, ഫെബ്രുവരി മാസത്തിൽ നഗരസഭാ പരിധിയിലെ എല്ലാവരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് ആരോഗ്യ വിഭാഗം ഉറപ്പുവരുത്തേണ്ടതാണ്. ഫെബ്രുവരി മാസത്തിൽ ലൈസൻസ് എടുക്കാത്തവക്ക് അറിയിപ്പ് നൽകി ഉടനടി പിരിച്ചെടുക്കേണ്ടതാണ്.
(6) കുടിശ്ശിക വിവരങ്ങളെ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന് അറിയിച്ചു. ലൈസൻസ് ഫീസ് ഇനത്തിൽ ഒരു രൂപ പോലും കുടിശ്ശിക വരാൻ പാടില്ല. കുടിശ്ശിക സംബന്ധിച്ചുള്ള കാര്യങ്ങൾ പിരിച്ചെടുക്കാനുള്ള ഊർജിത ശ്രമം നടത്തേണ്ടതാണ്.
(7) ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു

നിലവിൽ 44 റവന്യൂ വാർഡ് (ഈഴവത്തിരുത്തി പഞ്ചായത്തിലെ 12 വാർഡുകൾ പൊന്നാനി മുനിസിപ്പാലിറ്റിയിലെ 32 വാർഡുകൾ) അടിസ്ഥാനത്തിലാണ് ലൈസൻസ് പിരിച്ചെടുക്കുന്നത് ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. നഗരസഭയിലെ 51 ഇലക്ഷൻ വാർഡുകളിലുമുള്ള കടകളുടെ എണ്ണം തിട്ടപ്പെടുത്തി ഓരോ വാർഡിലുമുള്ള ട്രേഡേഴ്സിന്റെ എല്ലാ വിവരങ്ങളും (ഫോൺ നമ്പർ , ഇ-മെയിൽ ഐ.ഡി ഉൾപ്പെടെ) രേഖപ്പെടുത്തിയ ട്രേഡേഴ്സ് രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ഫെബ്രുവരി മാസം ടി കടയുടമകളെല്ലാം ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ട്രേഡേഴ്സ് രജിസ്റ്ററുമായി ഒത്തുനോക്കി ഉറപ്പുവരുത്തേണ്ടതാണ്.മേൽ അപാകത പരിഹരിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നഗരസഭയുടെ ഡി ആന്റ് ഒ വിജ്ഞാപനം അവസാനമായി പരിഷ്കരിച്ചത് 11.02.2002 ലാണ്. കാലോചിതമായി ലൈസൻസ് ഫീസ് പുനർനിർണയം ചെയ്ത് ഈയിനത്തിൽ ലഭിക്കുന്ന വരുമാനം വർദ്ധപ്പിക്കുന്നതിന് ഭരണ സമിതി നേതൃത്വം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിജയഭേരി- പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധ മായി നടപ്പാക്കിയത് സംബന്ധിച്ച്

പ്രോജക്ട് നമ്പർ - എസ്.ഒ.356/16

അടങ്കൽ-309200 രൂ.

ചെലവ് തുക-309200രൂ.

ബിൽ നമ്പർ -2/15-16 തീ.19/03/2016

നിർവ്വഹണം - പ്രിൻസിപ്പൾ, ഗവ.എച്ച്.എസ്.എസ്.തൃക്കാവ്

നഗരസഭയുടെ അധികാര പരിധിയിലുള്ള 6 ഹയർ സെക്കണ്ടറി സ്കൂളുകളിലും 6 ഹൈസ്കൂളുകളിലും എസ്.എസ്.എൽ.സി, പ്ളസ് ടൂ , വിജയ ശതമാനം കൂട്ടുന്നതിനു വേണ്ടി കോച്ചിങ്ങ് ക്ളാസുകൾ സംഘടിപ്പിച്ചുകോണ്ടാണ് "വിജയഭേരി "എന്ന പ്രൊജക്റ്റ് നടപ്പാക്കിയിരിക്കുന്നത് . ഇതിൽ സ്റ്റഡിമെറ്റീരിയൽ തയ്യാറാക്കുന്നതിന് 92797 രൂപ, കോച്ചിങ്ങ് ക്ളാസ് സംഘടിപ്പിക്കുന്നതിന് 68045രൂപ റിഫ്രെഷ്മെൻറ് നല്കുന്നതിന് 148358 രൂപ ഉൾപ്പെടെ ആകെ 309200രൂപ ചെലവ് വന്നിട്ടുണ്ട്.എന്നാൽ ഈ പ്രോജക്റ്റ് പദ്ധതി മാർഗ്ഗരേഖ യിലെ നിബന്ധനകൾ ലംഘിച്ച് നടപ്പാക്കിയതായി കാണുന്നു.

സ്കൂൾ തിരിച്ചുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| സ്കൂൾ | പഠന സാമഗ്രഹികൾ | കോച്ചിങ്ങ് ക്ളാസുകൾ | റിഫ്രെഷ്മെന്റ് | ആകെ |
|---|---|---|---|---|
| A.V.H.S | 16760 | 5000 | 18320 | 40080 |
| M.I(G).H.S | | 15000 | 18274 | 33274 |
| M.I.(B)H.S | 16275 | 4000 | 10569 | 30844 |
| P.G.H.S | 1700 | 3000 | 21500 | 26200 |
| M.E.S.H.S | 4000 | 4000 | 7778 | 15778 |
| G..H.S.T | 8896 | 3000 | 1128 | 13024 |
| A.V.H.S.S | 18000 | 1500 | | 19500 |
| M.I.(G).H.S.S. | 5291 | 4000 | 22709 | 32000 |
| M.I.(B).H.S.S. | 5375 | 14545 | 12080 | 32000 |
| P.G.H.S.S. | 2000 | 2000 | 9500 | 13500 |
| G.H.S.S.H.S.S. | 12000 | 6000 | 8500 | 26500 |
| M.E.S.H.S.S | 2500 | 6000 | 18000 | 26500 |
| ആകെ | 92797 | 68045 | 148358 | 309200 |

എ) സ.ഉ.(എം.എസ് ) 362/2013 തീ. 16/11/2013ത.സ്വ.ഭ.വ. ,ആയുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ,സന്നദ്ധസേവനത്തിന് തയ്യാറായവരെക്കൊണ്ടോ,അല്ലെങ്കിൽ ഒരു ട്യൂഷൻ സെൻററിനു ,ഒരു വർഷത്തിൽ ,3000 രൂപ നിരക്കിൽ അധികരിക്കാതെ ചെലവ് ചെയ്യുന്നതിനോ വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്.എന്നാൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി ഈ പ്രോജക്റ്റ് പരിമിതപ്പെടുത്താതെ നിർവ്വഹണോദ്യാഗസ്ഥ 12 സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കുമായിഈ കോച്ചിങ്ങ് ക്ളാസുകൾ സംഘടിപ്പിക്കുന്നതിനായി 68045 രൂപ ചെലവഴിച്ചിട്ടുണ്ട്.

ബി) മാത്രമല്ല , മേൽ സർക്കാർ ഉത്തരവ് പ്രകാരം ഇതിൽ അച്ചടി, പഠന സാമഗ്രഹികൾ എന്നിവ തയ്യാറാക്കൽ വിദ്യഭ്യാസ വകുപ്പിൻറെ ചുമതലയിൽപ്പെട്ട പ്രവർത്തനങ്ങൾ ആകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സർക്കാരിൻറെ മുൻകൂട്ടി അനുമതി വാങ്ങേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഠന സാമഗ്രഹികൾക്കായി 92797രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും സർക്കാരിൽ നിന്നും ഇതിന് മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

സി) റിഫ്രെഷ്മെൻറ് ഇനത്തിൽ 148358 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇതിനു വ്യവസ്ഥയില്ലാത്തതാണ്.

പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധനകൾ അധികരിച്ച് പ്രോജക്റ്റ് നടപ്പാക്കയതിനാൽ 309200 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 72.98 ലക്ഷം രൂപയുടെ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നു. അടിയന്തിര നടപടി ശുപാർശ ചെയ്യുന്നു.

മുനിസിപ്പാലിറ്റിയുടെ ബാലൻസ്ഷീറ്റ് പരിശോധിച്ചതിൽ നിന്നും 72,98,040 രൂപ വിവിധ ഇനങ്ങളിലായി മുൻകൂർ തുക തീർപ്പാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഷെഡ്യൂൾ -ബി-18

* festival advance to employees – 42,000

*Miscellaneous Advance - 14,38,220

*Advance to implementing agencies Municipal Fund – 20,54,000

*Advance to implementing agencies- specific grants -32,07,110

*Advance to others - 5,53,480

*Electricity Deposit -3,230

Total -72,98,040

എ)ഇതിൽ festival advance to employees എന്ന ഇനത്തിൽ 31/3/2016 ൽ 42,000 രൂ . കിട്ടാനുള്ളതായി കാണുന്നു. ജീവനക്കാർക്ക് മുൻകൂർ ആയി നൽകുന്ന festival advance അതാത് സാമ്പത്തിക വർഷം തന്നെ ജീവനക്കാരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതുണ്ട്. ഈയിനത്തിൽ നീക്കിയിരിപ്പ് വരാനുണ്ടായ സാഹചര്യം പരിശോധിച്ച് തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. നടപടികളിൽ തുടർന്നും വീഴ്ചയുണ്ടായാൽ ബന്ധപ്പെട്ട ഡി.ഡി.ഒ.യുടെ വ്യക്തിഗത ബാധ്യതയായി നിർണ്ണയിച്ച് ടിയാനിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും.

ബി)miscellanoeous Advance – 14,38,220. ഇലക്ഷനുമായി ബന്ധപ്പെട്ടുള്ള ചെലവുകൾക്കായി ജീവനക്കാർക്ക് മുൻകൂർ അനുവദിച്ച തുകയാണ് ഇതെന്ന് വാക്കാൽ അറിയിക്കുകയുണ്ടായി. നവംബർ 2015 ന് തെരഞ്ഞെടുപ്പ് നടന്നിട്ടും നാളിതു വരെ മുൻകൂർ ക്രമീകരിക്കാതിരിക്കുന്നത് അംഗീകരിക്കാനാവില്ല. സ.ഉ. 419/11 ഫിൻ. തീ. 4/10/2011 അനുസൃതമായി സമയബന്ധിതമായി മുൻകൂർ തീർപ്പാക്കാത്തവരിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കേണ്ടതാണ്. അല്ലായെങ്കിൽ തുക അനുവദിച്ച നൽകിയ ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയായി നിർണ്ണയിച്ച് തിരികെ ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതായിരിക്കും.

സി)Advance to implementing Agencies Municipal fund and Specific grants എന്ന ഇനത്തിൽ ആകെ 52,61,110 രൂപ ക്രമീകരിക്കാതിരിക്കാനുള്ളതായി കാണുന്നു. 2014-15 ബാലൻസ്ഷീറ്റ് പ്രകാരവും ഇതെ തുക ക്രമീകരിക്കാതിരിക്കാനുള്ളതായി ചേർത്തിട്ടുള്ളതിനാൽ വിവിധ ഏജൻസികൾക്ക് വർഷങ്ങൾക്ക് മുമ്പ് പ്രവർത്തികൾ നടപ്പാക്കുന്നതിനായി നൽകിയിട്ടുള്ള തുകയാണ് ഇതെന്ന് വ്യക്തമാണ്. ഏതെല്ലാം പ്രവർത്തികൾക്കായി , ഏതെല്ലാം ഏജൻസികൾ ക്കാണ് തുക നൽകിയതെന്ന് പരിശോധിച്ച് , പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ അക്കൗണ്ടുകളിൽ ക്രമീകരിക്കേണ്ടതും , അല്ലാത്ത പക്ഷം , നിർവ്വഹണ ഏജൻസികളുമായുള്ള കരാറിന് വിധേയമായി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

ഡി)Advance to others എന്ന ഇനത്തിൽ 5,53,480 രൂപ ക്രമീകരിക്കാതിരിക്കാനുണ്ട്. മുൻകൂർ രജിസ്റ്ററും b-18 ഷെഡ്യൂളിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ ലെഡ്ജർ അക്കൗണ്ടും ഹാജരാക്കാത്തതിനാൽ ഇത് ഏത് ഇനത്തിൽ , ആർക്ക് നല്കിയെന്ന് വ്യക്തമല്ല. മുൻകൂർ രജിസ്റ്ററും B-18 ഷെഡ്യൂളിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ ലെഡ്ജർ അക്കൗണ്ടും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലായെങ്കിൽ തുക അനുവദിച്ച നൽകിയ ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയായി നിർണ്ണയിച്ച് തിരികെ ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതായിരിക്കും.

(ഓഡിറ്റ് എൻക്വയറി 21 തീ. 18/1/2017-മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-3 പ്രൊജക്റ്റ് ഓഫീസർ - കാഷ്ബുക്ക് എഴുതിയിട്ടില്ല. പരിശോധനയുടെ സാധ്യത പരിമിതപ്പെടുന്ന രീതിയിൽ ഫയലുകൾ സൂക്ഷിക്കുന്നു.-2,38,67,580 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് ഓഫീസർ , നഗര ദാരിദ്ര്യ നിർമാർജ്ജന യൂണീറ്റ് 2015-16 സാമ്പത്തിക വർഷത്തിൽ 2,38,67,580 രൂപയുടെ പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. “സുലേഖ " സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | ചെലവ് തുക |
|---|---|---|
| 110 | വീട് പുനരുദ്ധാരണം | 36,000 |
| 112 | ഭവന നിർമാണം 2014-15, രണ്ട് ,മൂന്ന് ഗഡുക്കൾ | 75,60,000 |

| | | |
|---|---|---|
| | അനുവദിക്കൽ | |
| 113 | ജവഹർ ലാൽ നെഹ്റു ജയന്തി ഭവന നിർമാണ ധനസഹായം | 66,70,000 |
| 114 | ഇ.എം.എസ്. ഭവന പദ്ധതി അവസാന ഗഡുക്കൾ അനുവദിക്കൽ | 37,03,000 |
| 115 | ഭവന പുനരുദ്ധാരണം | 56,40,000 |
| 353 | ഭവന നിർമാണം 114/16,112/16 പ്രോജക്ടുകളിൽ നിർമാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് 12 വർഷത്തേക്ക് ഭവനം കൈമാറ്റം ചെയ്യില്ല എന്ന എഗ്രിമെന്റ് രജിസ്ട്രാഫീസിൽ രജിസ്ട്രേഷനായി ചെലവ് വന്ന തുക അനുവദിക്കൽ | 2,40,000 |
| 354 | കുടുംബശ്രീ ബാലസഭാ പദ്ധതികൾ ക്കായി | 18,580 |
| | ആകെ | 2,38,67,580 |

ബിൽ ബുക്ക് പ്രകാരം പിൻവലിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1 | 01/15-16 | 25/09/2015 | 17,21,000 |
| 2 | 02/15-16 | 25/09/2015 | 2,40,000 |
| 3 | 03/15-16 | 15/12/2015 | 24,000 |
| 4 | 04/15-16 | 15/12/2015 | 6,60,000 |
| 5 | 05/15-16 | 15/12/2015 | 2,54,000 |
| 6 | 06/15-16 | 22/01/2016 | 16,80,000 |
| 7 | 07/15-16 | 22/01/2016 | 12,000 |
| 8 | 08/15-16 | 16/02/2016 | 25,00,000 |
| 9 | 09/15-16 | 16/02/2016 | 15,00,000 |
| 10 | 10/15-16 | 11/03/2016 | 25,60,000 |
| 11 | 11/15-16 | 11/03/2016 | 7,00,000 |
| 12 | 12/15-16 | 11/03/2016 | 5,28,000 |
| 13 | 13/15-16 | 11/03/2016 | 5,00,000 |
| 14 | 14/15-16 | 11/03/2016 | Obj. |
| 15 | 15/15-16 | 11/03/2016 | 18,580 |
| 16 | പി1-13774/15-16 | 31/03/2016 | 10,20,000 |
| 17 | പി1-1239/12 | 31/03/2016 | 17,28,000 |
| 18 | പി1-13774/15-16 | 31/03/2016 | 14,00,000 |
| 19 | പി1-22208/15-16 | 31/03/2016 | 19,70,000 |
| 20 | പി1-4588/15-16 | 31/03/2016 | 2,40,000 |
| 21 | പി1-22209/15-16 | 31/03/2016 | 29,72,000 |
| 22 | പി1-22209/15-16 | 31/03/2016 | 1,44,000 |
| 23 | പി1-22209/15-16 | 31/03/2016 | 4,96,000 |
| 24 | പി1-22208/15-16- | 31/03/2016 | 10,00,000 |

| | |
|---|---|
| ആകെ | 2,38,67,580 |

i) വിവിധ പ്രൊജക്ടുകളിലായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഇപ്രകാരം തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചത്, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്/ചെലവ് ചെയ്തത് , എന്നിവ രേഖപ്പെടുത്തി കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. സർക്കാർ ഉത്തരവ് 177/2006 ,ധനം തീ .12/4/2016 ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണോദ്യഗസ്ഥൻ കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതുണ്ട്.

ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ പഞ്ചാബ് നാഷണൽ ബാങ്കിൽ (അക്കൗണ്ട് നമ്പർ. 4340000100078650)നിക്ഷേപിക്കുകയും ആ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകുകയുമാണ് ചെയ്യുന്നത് എന്ന് കാണുന്നു.മേൽ പ്രകാരം പിൻവലിക്കുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

എന്നാൽ ഇപ്രകാരം വിതരണം ചെയ്യുന്ന തുകകൾ ആർക്കാണ്, ഏതു പ്രൊജക്റ്റിൽ ഉൾപ്പെടുത്തി വിതരണം ചെയ്തത് എന്ന് രേഖപ്പെടുത്തി, കാഷ്ബുക്ക്/ബാങ്ക്ബുക്ക് , പ്രോജക്റ്റ് ഓഫീസർ എഴുതി സൂക്ഷിച്ചിട്ടില്ല.

6-ഓളം പ്രോജക്റ്റുകളിലായി നൂറുകണക്കിന് ഗുണഭോക്താക്കൾക്ക് , പല ഗഡുക്കളായി തുക അനുവദിച്ചിരിക്കുന്നത് രേഖപ്പെടുത്തി , കാഷ്ബുക്ക് സൂക്ഷിക്കാത്തതിനാൽ ചെലവ് തുകയുടെ പരിശോധനയുടെ സാധ്യത പരിമിതപ്പെടുത്തിയിട്ടുണ്ട്.

ii) 1/4/2015 പ്രകാരം ഈ അക്കൗണ്ടിലെ മുന്നിരിപ്പ് 1,24,00,000.90 രൂപയാണ്. 31/3/2016 ലെ നീക്കിയിരിപ്പ് 1,26,15,783.92 ആണ്.

എ) കാഷ്ബുക്ക് എഴുതി സൂക്ഷിക്കാത്തതിനാൽ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി റീ കൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.പ്രവൃത്തി പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് നൽകാനായാണ് ട്രഷറിയിൽ നിന്നും തുക പിൻവലി ച്ച് ബാങ്കിൽ നിക്ഷേപിക്കുന്നതെന്നിരിക്കെ 1.26 കോടി രൂപ ബാങ്കിൽ നീക്കിയിരിപ്പ് വന്നതിന് കാരണം വ്യക്തമാക്കേണ്ടിയിരിക്കുന്നു.

ബി)സർക്കാർ ഉത്തരവ് 177/2006 ,ധനം തീ .12/4/2016 (ഖണ്ഡിക 10, 8.3) പ്രകാരം അധികം പിൻവലിച്ച /വിനിയോഗിക്കാൻ സാധിക്കാത്ത തുക 30 ദിവസത്തിനകം തിരിച്ചടക്കേണ്ടതുണ്ട്.സാമ്പത്തിക വർഷാവസാനം, 31/3/2016 ,ന് പിൻവലിച്ച തുകയാണെങ്കിൽ പോലും പരമാവധി തിരിച്ചട്ക്കാതെ തുക സൂക്ഷിക്കാൻ കഴിയുന്നത് 30/4/2016 വരെ മാത്രമാണ്. എന്നാൽ 30/4/2016 ലെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് 65,10,856.74രൂപയാണ്.

iii)ട്രഷറിയിൽ സമർപ്പിച്ച ബില്ലുകളുടെ പകർപ്പ് ഓഡിറ്റിനായി ഹാജരാക്കിയെങ്കിലും ആയതിനൊപ്പം തുക കൈമാറാണ്ടുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് സാക്ഷ്യപ്പെടുത്തിയത് ലഭ്യമല്ല.

iv)കാഷ്ബുക്ക് എഴുതി, വൗച്ചറുകൾ ക്രമമായി , ഫയൽ നമ്പർ രേഖപ്പെടുത്തി, സൂക്ഷിക്കാത്തതിനാൽ , 7 പ്രൊജക്റ്റുകളിലായി ഏതെല്ലാം തുകകൾ ഏതൊക്കെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവെന്ന് അക്വിറ്റൻസ് രജിസ്റ്ററിലേക്ക് , പരിശോധിക്കുന്നതിന് അല്ലെങ്കിൽ ഏതിനങ്ങളിലാണ് ചെലവ് ചെയ്തതെന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

മാത്രമല്ല തുകകൾ ഡി.ഡി ആയോ, NEFT ആയോ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിന് വേണ്ടി മാത്രം ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ഭീമമായ തുക അവശേഷിക്കുന്നതും എന്നാൽ കാഷ്ബുക്ക് തയ്യാറാക്കത്തതിനാൽ റീ കൺസീലിയ്ഷൻ നടത്താൻ സാധിക്കാത്തതും ചെലവ് പരിശോധന അപ്രസക്തമാക്കുന്നു.

കാഷ്ബുക്ക് തയ്യാറാക്കി ,റീകൺസീലിയേഷൻ നടത്തി ,മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവ് തുകയായ 2,38,67,580 രൂപ ഓഡിറ്റിൽ ദുഷ്കരമാക്കുന്നു.

## 3-4 ഹെഡ്മാസ്റ്റർ ,ഗവൺമെന്റ് യു.പി .സ്കൂൾ , ചെറുവായിക്കര,നടപ്പാക്കിയ പ്രൊജക്റ്റുകൾ - മാർഗ്ഗരേഖ ക്ക് വിരുദ്ധമായി വാങ്ങൽ- **2,10,000** രൂപ തടസ്സപ്പെടുത്തുന്നു

I)

i)പ്രോജക്റ്റ്: എസ്.ഒ.344/16, ജി.യു.പി.എസ്. ചെറുവായിക്കര ,സ്മാർട് ബോർഡ്, പ്രൈമറിക്ക്ബേബി ചെയർ ഡസ്ക് വാങ്ങൽ.

ചെലവ് . 50,000,

| ബിൽ നമ്പർ | തീയ്യതി | സ്ഥാപനം | തുക | ഇനം | കുറിപ്പ് |
|---|---|---|---|---|---|
| 547 | 23/3/2016 | ഡീലക്സ് ഫർണിച്ചർ ഇൻഡസ്ടീസ് | 50,000 | സ്റ്റഡി ടേബിൾ സെറ്റ്- 30 എണ്ണം | (വാറ്റ് 6332 രൂ. ഉൾപ്പെടെ) |

ii)പ്രോജക്ട്: എസ്.ഒ.347/16, കടവനാട് ഫിഷറീസ് സ്കൂൾ ബഞ്ച്,ഡസ്ക് വാങ്ങൽ.

ചെലവ്. 60,000

| ബിൽ നമ്പർ | തീയ്യതി | സ്ഥാപനം | തുക | ഇനം | കുറിപ്പ് |
|---|---|---|---|---|---|
| ഇല്ല | 21/3/2016 | അനുഗ്രഹ എഞ്ചിനീയറിങ്ങ് വർക്സ് | 25,350 | 5 ഡെസ്ക്, 3 ബഞ്ച്. | വാറ്റ് ബിൽ ഇല്ല. |
| ഇല്ല | 21/3/2016 | അനുഗ്രഹ എഞ്ചിനീയറിങ്ങ് വർക്സ് | 35,400 | 12 ബഞ്ച്. | വാറ്റ് ബിൽ ഇല്ല. |
| | | ആകെ | 60,750(60,000) | | |

മേൽ പ്രകാരം 2 പ്രോജക്ടുകളിലായി ഫർണിച്ചർ വാങ്ങുന്നതിന് 1,10,000രൂപ ചെലവായിട്ടുണ്ട്. പ്രോജക്റ്റ്നടപ്പാക്കിയതിലെ അപാകതകൾ

താഴെ ചേർക്കുന്നു.

എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ( സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ . തീ. 8/11/2010 ) പ്രകാരം 1,00,000 ത്തിൽ കൂടുതൽ മതിപ്പുവില ഉള്ള സാധനങ്ങളും സേവനങ്ങളും ടെണ്ടർ നടപടികളിലൂടെ സമാഹരിക്കേണ്ടതാണ്. വ്യാപകമായ പ്രചരണത്തിന് ഇംഗ്ലീഷ് , മലയാള പത്രങ്ങളിൽ പരസ്യം ചെയ്ത്, ടെണ്ടർ ഫോം നൽകി , 21 ദിവസം ടെണ്ടർ സമർപ്പിക്കുന്നതിന് സമയം നൽകി , ടെണ്ടർ സമർപ്പിച്ചവരുടെയും , സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കേണ്ടതാണ്.

എന്നാൽ മേൽ സാധനങ്ങൾ 3 കക്ഷികളിൽ നിന്നു വീതം ക്വട്ടേഷൻ മാത്രം സ്വീകരിച്ച് ,മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ 7 ദിവസങ്ങൾക്കുള്ളിൽ വാങ്ങിക്കൂട്ടി.പ്രോജക്റ്റ് അംഗീകരിച്ചത് 15/2/16 നാണ്.

ബി)സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുകയോ , വിതരണക്കാരനുമായി കരാറിൽ ഏർപ്പെടുകയോ ചെയ്യാത്തതിനാൽ ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണനിലവാരം നിശ്ചിത കാലത്തേക്ക് ഉറപ്പ് വരുത്തിന്നതിനോ, അല്ലാത്ത പക്ഷം വിതരണക്കാരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനോ ഉള്ള സാധ്യത ഇല്ലാതായി.

മേൽ കാരണങ്ങളാൽ ചെലവ് തുക 1,10,000 രൂപ തടസ്സപ്പെടുത്തുന്നു.

II)പ്രോജക്ട്- എസ്.ഒ.346/16; ജി.യു.പി.എസ്. ചെറുവായിക്കര- പാചകപാത്രം വാങ്ങൽ

ചെലവ്: 50,000

| ബിൽ നമ്പർ | തീയ്യതി | സ്ഥാപനം | തുക | ഇനം |
|---|---|---|---|---|
| 4532 | 22/3/2016 | മദീന ജനറൽ സൂപ്പർ മാർക്കറ്റ് | 51,000(50,000) | അടുക്കള പാത്രങ്ങൾ |

മേൽ പ്രോജക്റ്റ് പ്രകാരം സ്കൂളിലേക്കായി പാത്രങ്ങൾ വാങ്ങി യിട്ടുണ്ട്.പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (

സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ . തീ. 8/11/2010 ) പ്രകാരം 50,000 മുതൽ 99,999രൂപ വരെ മതിപ്പുവില ഉള്ള സാധനങ്ങളും സേവനങ്ങളും ലിമിറ്റഡ് ടെണ്ടർ നടപടികളിലൂടെ സമാഹരിക്കേണ്ടതാണ്. 14ദിവസം ടെണ്ടർ സമർപ്പിക്കുന്നതിന് സമയം നൽകി , ടെണ്ടർ സമർപ്പിച്ചവരുടെയും , സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കേണ്ടതാണ്.

എന്നാൽ മേൽ സാധനങ്ങൾ 3 കക്ഷികളിൽ നിന്നു മാത്രം ,ക്വട്ടേഷൻ മാത്രം സ്വീകരിച്ച് ,മേൽ നടപടി ക്രമം പാലിക്കാതെ 7 ദിവസങ്ങൾക്കുള്ളിൽ വാങ്ങിക്കൂട്ടി.പ്രോജക്റ്റ് അംഗീകരിച്ചത് 15/2/16 നാണ്.

മേൽ കാരണങ്ങളാൽ ചെലവ് തുക 50,000രൂപ തടസ്സപ്പെടുത്തുന്നു.

III)പ്രോജക്റ്റ്- എസ്.ഒ.345/16; ജി.യു.പി.എസ്. ചെറുവായിക്കര- സ്മാർട്ട്ബോർഡ് വാങ്ങൽ

ചെലവ്: 50,000

| ബിൽ നമ്പർ | തീയ്യതി | സ്ഥാപനം | തുക | ഇനം |
|---|---|---|---|---|
| 818 | 23/3/2016 | അമൻ ബുക്ക് സ്റ്റാൾ | 50250(50,000) | 15 സ്മാർട് ബോർഡുകൾ |

മേൽ പ്രോജക്റ്റ് പ്രകാരം സ്കൂളിലേക്കായി 15 സ്മാർട് ബോർഡുകൾവാങ്ങി നൽകിയിട്ടുണ്ട്.പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾതാഴെ ചേർക്കുന്നു.

എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ( സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ . തീ. 8/11/2010 ) പ്രകാരം 50,000 മുതൽ 99,999രൂപ വരെ മതിപ്പുവില ഉള്ള സാധനങ്ങളും സേവനങ്ങളും ലിമിറ്റഡ് ടെണ്ടർ നടപടികളിലൂടെ സമാഹരിക്കേണ്ടതാണ്. 14ദിവസം ടെണ്ടർ സമർപ്പിക്കുന്നതിന് സമയം നൽകി , ടെണ്ടർ സമർപ്പിച്ചവരുടെയും, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കേണ്ടതാണ്. എന്നാൽ മേൽ സാധനങ്ങൾ 3 കക്ഷികളിൽ നിന്നു മാത്രം ക്വട്ടേഷൻ മാത്രം സ്വീകരിച്ച് മേൽ നടപടി ക്രമം പാലിക്കാതെ 7 ദിവസങ്ങൾക്കുള്ളിൽ വാങ്ങിക്കൂട്ടി.പ്രോജക്റ്റ് അംഗീകരിച്ചത് 15/2/16 നാണ്.

മേൽ കാരണങ്ങളാൽ ചെലവ് തുക 50,000രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റുകൾ അംഗീകരിച്ചത് 15/2/16 നും അലോട്ട്മെന്റ് ലെറ്റർ ലഭിച്ചത് 21/3/16 നും മാത്രമാണെന്നും 31/3/16 ന് മുമ്പ് പ്രോജക്റ്റുകൾ നടപ്പാക്കേണ്ടതുണ്ട് എന്നതിനാലുമാണ് നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 23 തീ.19/1/2016) നിർവ്വഹണോദ്യഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

സാമ്പത്തിക വർഷാവസാനം വരെ പദ്ധതി അംഗീകാരം ലഭ്യമാക്കൽ , അതിന് ശേഷം നിർവ്വഹണം എന്നിവ നീട്ടിക്കൊണ്ടുപോയി , നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയത് അംഗീകരിക്കാവുന്നതല്ല. ഈ വിഷയം മുനിസിപ്പൽ കൗൺസിലിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

മേൽ ഖണ്ഡിക I,II,III പ്രകാരംഹെഡ്മാസ്റ്റർ ,ഗവൺമെന്റ് യു.പി .സ്കൂൾ , ചെറുവായിക്കര,നടപ്പാക്കിയ പ്രൊജക്റ്റുകളുടെ ചെലവ് തുക ((1,10,000+50,000+50,000) – 2,10,000 രൂപ തടസ്സപ്പെടുത്തുന്നു.

## **3-5** ഹെഡ്മാസ്റ്റർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ ,തെയ്യങ്ങാട് നടപ്പാക്കിയ പ്രൊജക്റ്റുകൾ -മാർഗ്ഗരേഖ ക്ക് വിരുദ്ധമായി വാങ്ങൽ- **11,24,740** രൂപ തടസ്സപ്പെടുത്തുന്നു

I)പ്രോജക്റ്റ്- എസ്.ഒ.359/16; ജി.എൽ.പി.എസ്. തെയ്യങ്ങാട്- പ്രീ പ്രൈമറിക്ക് ബേബി ചെയർ , ഡെസ്ക് എന്നിവ വാങ്ങൽ

ചെലവ്: 3,74,755

മേൽ പ്രോജക്റ്റ് പ്രകാരം സ്കൂളുകളിലേക്കായി ബേബി ചെയർ, ഡെസ്ക് എന്നിവ വാങ്ങിയിട്ടുണ്ട്.

| ബിൽ നമ്പർ | തീയ്യതി | സ്ഥാപനം | തുക | ഇനം | കുറിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 683 | 28/3/2016 | യുണൈറ്റഡ് വുഡ് കോംപ്ലക്സ് | 46,252 | ബേബി ചെയർ | വാറ്റ് തുക -5857 |
| 102 | 26/3/2016 | ശില്പി വുഡ് വർക്സ് | 2,63,750 | ബഞ്ച് , ഡസ്ക്, മേശ | - |
| 681 | 28/3/2016 | യുണൈറ്റഡ് വുഡ് കോംപ്ലക്സ് | 64,753 | ബേബി ചെയർ | വാറ്റ് തുക-8200 |
| | | ആകെ | 3,74,755 | | |

ഈ പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ( സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ . തീ. 8/11/2010 ) പ്രകാരം 1,00,000 ത്തിൽ കൂടുതൽ മതിപ്പുവില ഉള്ള സാധനങ്ങളും സേവനങ്ങളും ടെണ്ടർ നടപടികളിലൂടെ സമാഹരിക്കേണ്ടതാണ്. വ്യാപകമായ പ്രചരണത്തിന് ഇംഗ്ലീഷ് , മലയാള പത്രങ്ങളിൽ പരസ്യം ചെയ്ത്, ടെണ്ടർ ഫോം നൽകി , 21 ദിവസം ടെണ്ടർ സമർപ്പിക്കുന്നതിന് സമയം നൽകി , ടെണ്ടർ സമർപ്പിച്ചവരുടെയും , സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കേണ്ടതാണ്

എന്നാൽ മേൽ സാധനങ്ങൾ 3 കക്ഷികളിൽ നിന്നു മാത്രം ക്വട്ടേഷൻ സ്വീകരിച്ച് ,മേൽ നടപടി ക്രമം പാലിക്കാതെ 10 ദിവസങ്ങൾക്കുള്ളിൽ വാങ്ങിക്കൂട്ടി.പ്രോജക്റ്റ് അംഗീകരിച്ചത് 15/2/16 നാണ്.

ബി)"ശില്പി വുഡ് വർക്സ് "എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച ബില്ലിൽ 35 ചാരുബഞ്ചിന് , ഒന്നിന് 5550 രൂ. നിരക്കിൽ 83,250 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ 35 X 5,550 =1,94,250 രൂപയാണ് വരേണ്ടത്.എന്നാൽ 15 ചാരുബഞ്ചുകളുടെ വില മാത്രമെ ഈടാക്കിയിട്ടുള്ളൂ. സ്റ്റോക്ക് രജിസ്റ്ററിൽ 35 ചാരുബഞ്ച് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ മറുപടിയിൽ , ഇത് ബില്ലിൽ വന്ന തെറ്റാണെന്നും 15 X 5,550 ന് പകരം 35X5,550 എന്ന് ബില്ലിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും സ്റ്റോക്ക് രജിസ്റ്ററിൽ ബില്ലിലെ രേഖപ്പെടുത്തൽ അതേ പടി രേഖപ്പെടുത്തിയപ്പോൾ തെറ്റിയതാണെന്നും അറിയിച്ച് , സ്റ്റോക്ക് രജിസ്റ്റർ തിരുത്തി നിർവ്വഹണോദ്യഗസ്ഥ ഹാജരാക്കി. എന്നാൽ സാധനങ്ങൾ കൈപ്പറ്റിയപ്പോൾ എണ്ണം പരിശോധിച്ചിട്ടില്ല എന്നും , വർഷാന്ത്യം സ്റ്റോക്ക് ഭൗതിക പരിശോധന നടത്തുന്നില്ല എന്നും വ്യക്തമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

സി)മേൽ സൂചന പ്രകാരം "യുണൈറ്റഡ് വുഡ് കോംപ്ലക്സ്" എടപ്പാൾ എന്ന സ്ഥാപനത്തിന് സാധനങ്ങൾ വാങ്ങിയ വകയിൽ 1,10,000 രൂ. (14,057രൂ . വാറ്റ് ഉൾപ്പെടെ)നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന TIN .32100811953 ആണ്. എന്നാൽ വാണിജ്യ നികുതി വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം ഈ TIN . " യുണൈറ്റഡ് ഫർണിച്ചർ ലാന്റ് " എന്ന സ്ഥാപനത്തിന്റേതാണ്. പേരിലെ വ്യത്യാസം മൂലം നഗരസഭയിൽ നിന്നും പിരിച്ച വാറ്റ് സർക്കാരിലേക്ക് അടവാക്കുന്നത് ഉറപ്പാക്കാൻ സാധിക്കാതെ വരാം. സർക്കാരിനു വേണ്ടി വാറ്റ് പിരിക്കുന്നത് എന്നതിനാൽ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 9.53 ലെ നിർദ്ദേശത്തിന് വിധേയമായി പ്രസ്തുത ബില്ലിന്റെ പകർപ്പ് ചുമതലപ്പെട്ട വാണിജ്യ നികുതി ഓഫീസിന് അയച്ചു കൊടുക്കേണ്ടതാണ്.

എ),സി) എന്നിവയിൽ പരാമർശിച്ച കാരണങ്ങളാൽ ചെലവ് തുക 3,74,755 രൂപ തടസ്സപ്പെടുത്തുന്നു.

II)പ്രോജക്റ്റ്- എസ്.ഒ.360/16; ജി.എൽ.പി.എസ്. തെയ്യങ്ങാട്- പാചകപാത്രം വാങ്ങൽ

ചെലവ്: 99,985

| ബിൽ നമ്പർ | തീയ്യതി | സ്ഥാപനം | തുക | ഇനം |
|---|---|---|---|---|
| 5811 | 25/3/2016 | അരുൺ സ്റ്റീൽ എംപോറിയം | 18,210 | പാത്രങ്ങൾ |
| 5812 | " | " | 30,575 | " |
| 5813 | " | " | 51,200 | " |
| | | ആകെ | 99,985 | |

മേൽ പ്രോജക്റ്റ് പ്രകാരം വിവിധ സ്കൂളുകളിലേക്കായി പാത്രങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ( സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ . തീ. 8/11/2010 ) പ്രകാരം 50,000 മുതൽ 99,999രൂപ വരെ മതിപ്പുവില ഉള്ള സാധനങ്ങളും സേവനങ്ങളും ലിമിറ്റഡ് ടെണ്ടർ നടപടികളിലൂടെ സമാഹരിക്കേണ്ടതാണ്. 14ദിവസം ടെണ്ടർ സമർപ്പിക്കുന്നതിന് സമയം നൽകി , ടെണ്ടർ സമർപ്പിച്ചവരുടെയും , സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കേണ്ടതാണ്.

എന്നാൽ മേൽ സാധനങ്ങൾ 3 കക്ഷികളിൽ നിന്നു മാത്രം ക്വട്ടേഷൻ സ്വീകരിച്ച് ,മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ 7 ദിവസങ്ങൾക്കുള്ളിൽ വാങ്ങിക്കൂട്ടി.പ്രോജക്റ്റ് അംഗീകരിച്ചത് 15/2/16 നാണ്.

മേൽ സൂചിപ്പിച്ച കാരണത്താൽ ചെലവ് തുക 99,985രൂപ തടസ്സപ്പെടുത്തുന്നു.

III)പ്രോജക്റ്റ്- എസ്.ഒ.362/16; ജി.എൽ.പി.എസ്. തെയ്യങ്ങാട്- കമ്പ്യൂട്ടർ പ്രിന്റർ , യു.പി.എസ്. അനുബന്ധ സാധനങ്ങൾ വാങ്ങൽ.

ചെലവ്; 5,00,000

| ബിൽ നമ്പർ | തീയ്യതി | സ്ഥാപനം | തുക | കുറിപ്പ് |
|---|---|---|---|---|
| 966 | 28/3/2016 | എക്സ്പെർട്ട് സിസ്റ്റം , എടപ്പാൾ | 5,00,000 (വാറ്റ് 35,165 ഉൾപ്പെടെ) | കമ്പ്യൂട്ടർ ,അനുബന്ധ സാമഗ്രഹികൾ |

മേൽ പ്രോജക്റ്റ് പ്രകാരം ജി.എൽ.പി.എസ്. തെയ്യങ്ങാട്- സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ ,അനുബന്ധ സാമഗ്രഹികൾ വാങ്ങിയിട്ടുണ്ട്.

എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ( സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ . തീ. 8/11/2010 ) പ്രകാരം 1,00,000 ത്തിൽ കൂടുതൽ മതിപ്പുവില ഉള്ള സാധനങ്ങളും സേവനങ്ങളും ടെണ്ടർ നടപടികളിലൂടെ സമാഹരിക്കേണ്ടതാണ്. വ്യാപകമായ പ്രചരണത്തിന് ഇംഗ്ലീഷ് , മലയാള പത്രങ്ങളിൽ പരസ്യം ചെയ്ത്, ടെണ്ടർ ഫോം നൽകി , 21 ദിവസം ടെണ്ടർ സമർപ്പിക്കുന്നതിന് സമയം നൽകി , ടെണ്ടർ സമർപ്പിച്ചവരുടെയും , സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കേണ്ടതാണ്

എന്നാൽ മേൽ സാധനങ്ങൾ 3 കക്ഷികളിൽ നിന്നു മാത്രം ക്വട്ടേഷൻ സ്വീകരിച്ച് ,മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ 18 ദിവസങ്ങൾക്കുള്ളിൽ വാങ്ങിക്കൂട്ടി.പ്രോജക്റ്റ് അംഗീകരിച്ചത് 15/2/16 നാണ്.

ബി) മേൽ ബില്ല് പ്രകാരം വാറ്റ് ഇനത്തിൽ 35,165 രൂ സ്ഥാപനം ഈടാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനം വാറ്റ് ചട്ടം അനുസരിച്ചുള്ള TIN നമ്പർ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് വാറ്റ് ഈടാക്കാൻ അധികാരമില്ലാത്തതിനാൽ നഗരസഭയിൽ നിന്നും പിരിച്ച വാറ്റ് സർക്കാരിലേക്ക് അടവാക്കുന്നത് ഉറപ്പാക്കാൻ സാധിക്കാതെ വരുന്നു. സർക്കാരിനു വേണ്ടി വാറ്റ് പിരിക്കുന്നത് എന്നതിനാൽ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 9.53 ലെ നിർദ്ദേശത്തിന് വിധേയമായി പ്രസ്തുത ബില്ലിന്റെ പകർപ്പ് ചുമതലപ്പെട്ട വാണിജ്യ നികുതി ഓഫീസിന് അയച്ചു കൊടുക്കേണ്ടതാണ്.

സി)സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുകയോ , വിതരണക്കാരനുമായി കരാറിൽ ഏർപ്പെടുകയോ ചെയ്യാത്തതിനാൽ ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണനിലവാരം വാറണ്ടി കാലയളവിലേക്ക് ഉറപ്പ് വരുത്തി, അല്ലാത്ത പക്ഷം വിതരണക്കാരിൽ നിന്നും നഷ്ടം ഈടാക്കാനുമുള്ള സാധ്യത ഇല്ലാതായി.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ചെലവ് തുക 5,00,000രൂപ തടസ്സപ്പെടുത്തുന്നു.

IV)പ്രോജക്റ്റ്- എസ്.ഒ.363/16; ജി.എൽ.പി.എസ്. തെയ്യങ്ങാട്- സ്മാർട്ട് ക്ളാസ്റൂം , ഫസ്റ്റ് ഫേസ്.

ചെലവ്; 1,50,000

| ബിൽ നമ്പർ | തീയ്യതി | സ്ഥാപനം | തുക | കുറിപ്പ് |
|---|---|---|---|---|
| 967 | 28/3/2016 | എക്സ്പെർട്ട് സിസ്റ്റം , എടപ്പാൾ | 1,50,000 (വാറ്റ് 18,324ഉൾപ്പെടെ) | പ്രൊജക്ടർ , എൽ.ഇ.ഡി. ടി.വി.അനുബന്ധ സാമഗ്രഹികൾ |

മേൽ പ്രോജക്റ്റ് പ്രകാരം ജി.എൽ.പി.എസ്. തെയ്യങ്ങാട്- സ്കൂളുകളിലേക്ക് പ്രൊജക്ടർ , എൽ.ഇ.ഡി. ടി.വി,അനുബന്ധ സാമഗ്രഹികൾ വാങ്ങിയിട്ടുണ്ട്.

എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ( സ.ഉ.(പി) 259/2010 ത.സ്വ.ഭ.വ . തീ. 8/11/2010 ) പ്രകാരം 1,00,000 ത്തിൽ കൂടുതൽ മതിപ്പുവില ഉള്ള സാധനങ്ങളും സേവനങ്ങളും ടെണ്ടർ നടപടികളിലൂടെ സമാഹരിക്കേണ്ടതാണ്. വ്യാപകമായ പ്രചരണത്തിന് ഇംഗ്ലീഷ് , മലയാള പത്രങ്ങളിൽ പരസ്യം ചെയ്ത്, ടെണ്ടർ ഫോം നൽകി , 21 ദിവസം ടെണ്ടർ സമർപ്പിക്കുന്നതിന് സമയം നൽകി , ടെണ്ടർ സമർപ്പിച്ചവരുടെയും , സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കേണ്ടതാണ്

എന്നാൽ മേൽ സാധനങ്ങൾ 3 കക്ഷികളിൽ നിന്നു മാത്രം ക്വട്ടേഷൻ മാത്രം സ്വീകരിച്ച് ,മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ 18 ദിവസങ്ങൾക്കുള്ളിൽ വാങ്ങിക്കൂട്ടി.പ്രോജക്റ്റ് അംഗീകരിച്ചത് 15/2/16 നാണ്.

ബി) മേൽ ബില്ല് പ്രകാരം വാറ്റ് ഇനത്തിൽ 18,324 രൂ സ്ഥാപനം ഈടാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനം വാറ്റ് ചട്ടം അനുസരിച്ചുള്ള TIN നമ്പർ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് വാറ്റ് ഈടാക്കാൻ അധികാരമില്ലാത്തതിനാൽ നഗരസഭയിൽ നിന്നും പിരിച്ച വാറ്റ് സർക്കാരിലേക്ക് അടവാക്കുന്നത് ഉറപ്പാക്കാൻ സാധിക്കാതെ വരുന്നു. സർക്കാരിനു വേണ്ടി വാറ്റ് പിരിക്കുന്നത് എന്നതിനാൽ സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 9.53 ലെ നിർദ്ദേശത്തിന് വിധേയമായി പ്രസ്തുത ബില്ലിന്റെ പകർപ്പ് ചുമതലപ്പെട്ട വാണിജ്യ നികുതി ഓഫീസിന് അയച്ചു കൊടുക്കേണ്ടതാണ്.

സി) സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുകയോ , വിതരണക്കാരനുമായി കരാറിൽ ഏർപ്പെടുകയോ ചെയ്യാത്തതിനാൽ ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണനിലവാരം വാറണ്ടി കാലയളവിലേക്ക് ഉറപ്പ് വരുത്തി, അല്ലാത്ത പക്ഷം വിതരണക്കാരിൽ നിന്നും നഷ്ടം ഈടാക്കാനുമുള്ള സാധ്യത ഇല്ലാതായി.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ചെലവ് തുക 1,50,000രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റുകൾ അംഗീകരിച്ചത് 15/2/16 ന് മാത്രമാണെന്നും 31/3/16 ന് മുമ്പ് പ്രോജക്റ്റുകൾ നടപ്പാക്കേണ്ടതുണ്ട് എന്നതിനാലുമാണ് നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 22തീ.19/1/2016) നിർവ്വഹണോദ്യഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.(ഖണ്ഡിക I (എ), II(എ), III(എ),IV(എ))

സാമ്പത്തിക വർഷാവസാനം വരെ പദ്ധതി അംഗീകാരം ലഭ്യമാക്കൽ , അതിന് ശേഷം നിർവ്വഹണം എന്നിവ നീട്ടിക്കൊണ്ടുപോയി , നടപടി ക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയത് അംഗീകരിക്കാവുന്നതല്ല. ഈ വിഷയം മുനിസിപ്പൽ കൗൺസിലിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

ഖണ്ഡിക I,II,III,IV എന്നിവ പ്രകാരം ഹെഡ്മാസ്റ്റർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ ,തെയ്യങ്ങാട് നടപ്പാക്കിയ പ്രൊജക്റ്റുകളിൽ 11,24,740 (3,74,755 +99,985+5,00,000+1,50,000)രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

## 3-6 സബ്സിഡി മാർഗ്ഗരേഖയിൽപ്പെടാത്ത ചെലവിനം - ചെലവ് തുക തടസം ചെയ്യുന്നു

പ്രൊജക്റ്റ് നമ്പർ 357/15-16

തനത് വിത്തിനങ്ങളുടെ സംരക്ഷണവും വിതരണവും ജൈവജീവിതപ്രചരണവും

നിർവഹണോദ്യോഗസ്ഥ കൃഷി ഓഫീസർ

അടങ്കൽ 1,00,000/- വികസനഫണ്ട്

ട്രഷറി ബിൽ 1.. 6/15-16 dt. 15.3.16 ₹ 50,000/-

2 16/15-16 dt. 29.3.16 ₹ 50,000/-

നാടൻ നെല്ലിനങ്ങളുടെ ജൈവ രീതിയിലുള്ള ഉല്പാദനം പ്രോത്സാഹിപ്പിക്കുക വഴി ആരോഗ്യമുള്ള ഒരു സമൂഹത്തേയും ഭാവിതലമുറയേയും സൃഷ്ടിക്കുവാനും പരിസ്ഥിതിയെ സംരക്ഷിക്കുവാനും സാദ്ധ്യമാക്കുകയെന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ പ്രൊജക്ടിൽ ₹ 50,000/-രൂപ കൂലിച്ചെലവ് സബ്സിഡി നല്കുന്നതിനും ₹ 50,000/- രൂപ പ്രചരണച്ചെലവിനുമാണ് വിനിയോഗിച്ചിട്ടുള്ളത്. ജി.ഒ(എം.എസ്) 362/2013 തസ്വഭവ തിയതി 18.11.2013 12-ാം പദ്ധതിമാർഗ്ഗരേഖയിൽപ്പെടാത്ത ചെലവിന് പ്ലാൻഫണ്ട് വിനിയോഗിച്ചിട്ടുള്ളത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. മുൻകൂർ അനുമതിക്കായി 02.02.2016 ലെ പി1-21909/2015 നമ്പർ കത്ത് പ്രകാരം ഗവൺമെന്റിലേക്ക്

മുൻകൂർ അനുമതിക്കായി അപേക്ഷ നല്കിയെങ്കിലും അനുമതിയുത്തരവുകൾ നാളിതുവരെ ലഭ്യമായതായി കാണുന്നില്ല.ചെലവിനങ്ങളുടെ വിവരങ്ങൾ താഴെ പറയുന്നു.(ബിൽ നം.06/15-16 dt. 15.3.16)

| ക്രമ നമ്പർ | ചെലവിനം | തുക |
|---|---|---|
| 1 | Agricultural training | 20,000 |
| 2 | Popularisation material charge | 10,000 |
| 3 | Collection of 30 varieties of local rice & transportation charge | 8,000 |
| 4 | Advertisement charge & Laser printer charge | 3,000 |
| 5 | Notice printing | 3,900 |
| 6 | Documentation charge | 5,100 |
| 7 | Total | 50,000 |

ഓഡിറ്റ് എൻക്വയറി നമ്പർ 11/15-16 dt. 13.1.17 മറുപടിയിൽ സംസ്ഥാന കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനം ലഭ്യമാവുന്നമുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതുവരെ ചെലവ് തുക ₹ 50,000/- രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-7 ആശ്രയപദ്ധതിയിലെ പ്രവർത്തനങ്ങൾ മന്ദഗതിയിൽ

സമൂഹത്തിലെ നിരാലമ്പരും അഗതികളുമായവരെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയപദ്ധതി. ഇതിനുള്ള പ്രൊജക്ട് നിർബന്ധമായും ഓരോ തദ്ദേശഭരണസ്ഥാപനങ്ങളും തയ്യാറാക്കിയിരിക്കണം. ആശ്രയപദ്ധതിയിലെ നിശ്ചിത ഘടകങ്ങൾക്കുവേണ്ട സഹായം ജില്ലാ പഞ്ചായത്തിനും ബ്ളോക്ക് പഞ്ചായത്തിനും നല്കാം. കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ അഗതികുടുംബങ്ങളെ കണ്ടെത്തുകയും ഒൻപത് ക്ളേശഘടകങ്ങളിൽ ഏഴ് മാനദണ്ഡമെങ്കിലും ബാധകമായവരുടെ പട്ടിക തയ്യാറാക്കുകയും വേണം.

പൊന്നാനി മുനിസിപ്പാലിറ്റിയിൽ 13.08.2010ലെ 500/RO1/DPO(8) നമ്പറായി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച പ്രൊജക്ടിൽ നാളിതുവരെ സേവനം ലഭിച്ചവർ താഴെപറയും വിധമാണ്. ആശ്രയപദ്ധതിക്ക് വേണ്ടി അനുവദിച്ച തുക ഒന്നാംഘട്ട പദ്ധതികാലാവധിക്കുള്ളിൽ (2010-11 മുതൽ 2012-13 വരെ) പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക സ്പിൽ ഓവറായി ഒരു വർഷത്തേക്കുകൂടി കാലാവധി ദീർഘിപ്പിക്കുന്നതിന് 27.10.2014 ലെ കെ.എസ് എം 118/05 നമ്പർ പ്രകാരം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അനുമതി നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | സേവന പാക്കേജ് | ഗുണഭോക്താക്കൾ | സേവനം ലഭിച്ചവർ | ലഭ്യമായ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | ഭക്ഷണം | 47 | 14 | 4,23,000 | 48,890 | 12 |
| 2 | ചികിത്സ | 44 | -- | 9,10,800 | -- | -- |
| 3 | വിദ്യാഭ്യാസം | 11 | -- | 99,000 | -- | -- |
| 4 | ഭൂമി | 20 | -- | -- | -- | -- |
| 5 | വീട് നിർമ്മാണം | 40 | 3 | 6,00,000 | 3,45,000 | 58 |
| 6 | മെഡിക്കൽ ക്യാമ്പ് | 44 | 22 | 59,200 | 9,000 | 15 |
| 7 | പദ്ധതി രൂപീകരണം | 11 | -- | -- | -- | -- |
| | ആകെ | | | 20,92,000 | 4,02,890 | 19 |

31.3.2016 ന് അവസാനിച്ച സാമ്പത്തികവർഷത്തിൽ സി.ഡി.എസ് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 76458-പഞ്ചാബ് നാഷണൽ ബാങ്ക്, സിറ്റി സെന്റർ, ചന്തപ്പടി) ₹ 17,08,132/- രൂപ അവശേഷിക്കുന്നു. അക്കൗണ്ട് പ്രകാരം ₹ 15,00,000/- രൂപ 30.03.2012 ൽ ചാലഞ്ച് ഫണ്ട് വരവ് വന്നിട്ടുണ്ട്. എന്നാൽ ഇതിൽനിന്നുള്ള വിനിയോഗം ആകെ ₹ 48,890/- രൂപ മാത്രമാണ് (3%). ആശ്രയപദ്ധതിയുമായി ബന്ധപ്പെട്ട അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നിർവഹണം നടത്തുന്നതിൽ കൂടുതൽ ശ്രദ്ധ മുനിസിപ്പൽ കൗൺസിലിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

## 3-8 സമഗ്ര ആരോഗ്യപരിപാടി - ട്രിപ്പ്ഷീറ്റ് ലഭ്യമാക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

മുനിസിപ്പാലിറ്റിയിലെ സമഗ്രആരോഗ്യപരിപാടിയുടെ ഭാഗമായി സാംക്രമികരോഗനിയന്ത്രണപരിപാടിയെന്ന ₹ 1,45,000/- അടങ്കലുള്ള പ്രൊജക്ടിൽ (പ്ലാൻ ഫണ്ട്) മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നമ്പർ 1/15-16 dt. 25.9.15 പ്രകാരം പിൻവലിച്ച ₹ 45,000/- രൂപയും (ഡി.ഡി നം. 250491/28.9.15) ട്രഷറി ബിൽ നമ്പർ 2/15-16 dt. 18.2.16 പ്രകാരം പിൻവലിച്ച ₹ 53,500/- രൂപയിൽ ₹ 37,500/- രൂപയും (ഡി.ഡി നം. 250745/19.2.16) (ആകെ 82,500/-) ശ്രീ. ഷിഹാബുദ്ദീൻ, പള്ളത്ത് താഴെ, കടവനാട് പി.ഒ., പൊന്നാനി എന്നയാൾക്ക് വാഹനവാടകയിനത്തിൽ നൽകിയ തുകയാണ്.

| ക്രമ നമ്പർ | വാഹനം ഓടിയ മാസം | തുക |
|---|---|---|
| 1 | ഏപ്രിൽ 2015 മുതൽ ആഗസ്റ്റ് 2015 വരെ 5 മാസത്തേക്ക് 1500x30 (5 പ്രോഗ്രാം വീതം 6 മാസം) | 45,000 |
| 2 | സെപ്റ്റംബർ 2015 മുതൽ ജാനുവരി 2015 വരെ 5മാസത്തേക്ക് 1500x25 (5 പ്രോഗ്രാം വീതം ഒരു ദിവസത്തിന് ₹ 1,500) | 37,500 |
| | ആകെ | 82,500 |

ശ്രീ. ഷിഹാബുദ്ദീന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ വാഹനം ഓടിയ ദിവസങ്ങളിലെ ട്രിപ്പ്ഷീറ്റ് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.10/2017 dt. 13.1.17 നല്കിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ട്രിപ്പ്ഷീറ്റ് ഹാജരാക്കുന്നതുവരെ ചെലവ് തുക ₹ 82,500/-രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-9 പാലിയേറ്റീവ് പരിചരണം-മർഗ്ഗരേഖ പാലിക്കുന്നില്ല

പ്രൊജക്ട് നമ്പർ 01/2016 പരിരക്ഷ പദ്ധതി നിർവഹണം

നിർവഹണോദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

29.10.2015ലെ ജി.ഒ(ആർടി)3217/2015 തസ്വഭവ പാലിയേറ്റീവ് പരിചരണ പുതുക്കിയ മാർഗ്ഗരേഖയിലെ പല നിർദേശങ്ങളും പാലിയേറ്റീവ് പരിചരണപ്രവർത്തനത്തിൽ പാലിച്ചതായി കാണുന്നില്ല.

1. ബിൽ നം.09/15-16 തിയതി 16.2.16 പ്രകാരം പിൻവലിച്ച 5,22,832/- രൂപ കെ.എം.എസ്.സി.എൽ. നു മുൻകൂർ ആയി നല്കിയെങ്കിലും 1,32,812/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനവശേഷിക്കുന്നു. മുൻകൂർ ഡി.ഡി നല്കുമ്പോൾ ചമക്കേണ്ട കരാറിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

2. മേൽ ഉത്തരവ് പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180/- രൂപയേ ചെലവഴിക്കാൻ അനുമതിയുള്ളൂ. എന്നാൽ ഉത്തരവിന് ശേഷം താഴെ പറയും വിധം ₹ 5,940/- രൂപ അധികം നൽകിയിട്ടുണ്ട്. (ബിൽ നം. 05/2015-16 dt. 16.2.2016)

| ക്രമ നം. | തീയതി | ചെലവഴിച്ച തുക | അധിക തുക |
|---|---|---|---|
| 1 | 2.11.15 | 400 | 220 |
| 2 | 2.11.15 | 400 | 220 |

| | | | |
|---|---|---|---|
| 3 | 2.11.15 | 400 | 220 |
| 4 | 17.11.15 | 400 | 220 |
| 5 | 17.11.15 | 400 | 220 |
| 6 | 17.11.15 | 400 | 220 |
| 7 | 19.11.15 | 400 | 220 |
| 8 | 19.11.15 | 400 | 220 |
| 9 | 19.11.15 | 400 | 220 |
| 10 | 23.11.15 | 400 | 220 |
| 11 | 23.11.15 | 400 | 220 |
| 12 | 23.11.15 | 400 | 220 |
| 13 | 1.12.15 | 400 | 220 |
| 14 | 1.12.15 | 400 | 220 |
| 15 | 1.12.15 | 400 | 220 |
| 16 | 15.12.15 | 400 | 220 |
| 17 | 15.12.15 | 400 | 220 |
| 18 | 15.12.15 | 400 | 220 |
| 19 | 15.12.15 | 400 | 220 |
| 20 | 15.12.15 | 400 | 220 |
| 21 | 15.12.15 | 400 | 220 |
| 22 | 21.12.15 | 400 | 220 |
| 23 | 21.12.15 | 400 | 220 |
| 24 | 21.12.15 | 400 | 220 |
| 25 | 5.1.16 | 400 | 220 |
| 26 | 5.1.16 | 400 | 220 |
| 27 | 5.1.16 | 400 | 220 |
| | | | 5,940 |

3. പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. എന്നാൽ ഹാജരാക്കിയ വൗച്ചറുകളിൽ ₹ 2,300/- രൂപ ചെലവഴിച്ചതായി കാണുന്നു.

4. പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല.

5. മാർഗ്ഗരേഖ ഖ.2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം *"ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അനുസരിച്ച് അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."*

6. മാർഗ്ഗരേഖ 2.6.3-(7) പ്രകാരം ഓരോ ദിവസവും *ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത*

*പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്. എന്നാൽ ഈ നിർദേശവുമായി ബന്ധപ്പെട്ട തുടർ നടപടി പരിശോധിക്കാൻ യുക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല.*

*മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/2017 dt. 13.1.17) അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഭക്ഷണമിനത്തിൽ അധികം നല്കിയ തുക ₹ 5,940/- രൂപ മെഡിക്കൽ ഓഫീസറിൽനിന്നും ഈടാക്കേണ്ടതാണ്.*

## 3-10 കൈലാസകുളം അംഗനവാടി കെട്ടിടം ചുറ്റുമതിൽ നിർമ്മാണം - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

Proj-303/16

കരാറുകാരൻ - AV. അബൂബക്കർ

തുക- 179387

ബിൽ നം- 47/16.2.16

M book- 44/15-16

TS - 2,00,000 (AEE/PNI/MPM/83/15-16 dtd 22.8.15)

പ്രവൃത്തിയുടെ ഇനം 3 പ്രകാരം 1:2:4 (20mm)സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് 15cm കനത്തിൽ ബെൽറ്റ് ഇട്ടതിന് 4.492 m3 ന് 7444.55/m3 നിരക്ക് വച്ച് 33440 രൂപ അനുവദിച്ചു. മേൽ പ്രവൃത്തി 24.1.17 ന് സ്ഥലപരിശോധന നടത്തിയതിൽ സിമന്റ് കോൺക്രീറ്റിംഗിന് 10 cm കനം മാത്രമാണുള്ളതെന്ന് ബോധ്യപ്പെട്ടു.

അനുവദിക്കാവുന്ന തുക താഴെ പറയുന്നു

15.35*0.60*0.10 = 0.921

19.70*0.60*0.10 = 1.182

6.80*0.60*0.10 = 0.408

8.05*0.60*0.10 = 0.483

Total = 2.994 m3

2.994 m3 * 7444.55/m3 = 22289

അധികം നൽകിയത് = 33440 – 22289 = 11151

തുക തെറ്റായി അളവ് രേഖപ്പെടുത്തിയ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-11 പടിക്കത്തറ റോഡ് കോൺക്രീറ്റിംഗ് 2-ാം റീച്ച് - കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്യാതെ എർത്ത് ഫില്ലിംഗിന് തുക അനുവദിച്ചു.- നഷ്ടം 6990 രൂപ.

നിർവഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്റ്റ് നം - 281/16

കൺവീനർ - P. ശ്രീധരൻ

മൂല്യനിർണ്ണയ തുക - 4,00,000

ബിൽ നം - 89/30.3.16

എം ബുക്ക് - 104/15-16

എസ്റ്റിമേറ്റ് പ്രകാരം റോഡിൽ സൈഡ് കെട്ടി ഉയർത്തി മുകളിൽ ക്വാറി വേസ്റ്റ് ഇട്ട് പ്രതലം ബലപ്പെടുത്തി 1:2:4 (40 mm metal) സിമന്റ് കോൺക്രീറ്റിംഗ് 15 cm കനത്തിൽ ചെയ്യുന്നു. പ്രവൃത്തിയുടെ ഇനം 1 പ്രകാരം 27.58m3 സാധാരണ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. ഇനം 3 പ്രകാരം റോഡ് പ്രതലത്തിൽ 35.61 m3 എർത്ത് ഫില്ലിംഗ് നടത്തിയതിന് 263m3 നിരക്ക് വച്ച് 9365 രൂപ അനുവദിച്ചു. ഷ്രിങ്കേജ് കുറച്ചിട്ടാണ് തുക അനുവദിച്ചിട്ടുള്ളത് കൂടാതെ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാൻ പറ്റാത്തതാണെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ അനുവദിക്കാവുന്ന തുക താഴെപറയും പ്രകാരമാണ്.

Earth Filling - 35.61m3

(-) Cut Earth - 27.58

8.03

8.03 m3 * 263/m3 = 2112

അധികം നൽകിയത് - 9365 – 2112 = 7253

തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 23-ാം വാർഡിലെ തോട് സൈഡ് കെട്ടലും റോഡ് ഫില്ലിംഗും - സിമന്റ് കോൺക്രീറ്റിംഗിന് അളവു പുസ്തക പ്രകാരമുള്ള കനം നൽകിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

Proj-196/16

കരാറുകാരൻ - E. ഉണ്ണികൃഷ്ണൻ

തുക-89000 (Tender below 11%)

ബിൽ നം- 141/31.3.16

M book- 137/15-16

TS - 1,00,000 (AEE/PNI/MPM/133/15-16 dtd 16.12.15)

നഗരസഭയിലെ 23-ാം വാർഡിലെ തോട് സൈഡ് കെട്ടലും റോഡ് ഫില്ലിംഗും എന്നതാണ് പ്രവൃത്തി. ഇടിഞ്ഞ് വീഴാറായ തോട് സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 10.65 മീറ്റർ നീളത്തിൽ 1.20 (0.60+0.60) മീറ്റർ വീതിയിൽ DR packingനടത്തി റോഡിൽ 15cm കനത്തിൽ 1:2:4 സിമന്റ് കോൺക്രീറ്റ് ചെയ്യുന്നു. എസ്റ്റിമേറ്റ് പ്രകാരം താഴെ പറയുന്ന ഇനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

| ക്രമ നം | ഇനം |
|---|---|
| 1 | Earth work Escavation |
| 2 | DR masonary |
| 3 | Earth work filling |
| 4 | Quarry muck filling |
| 5 | CC 1:2:4 |

അളവ് പുസ്തക പ്രകാരം 14.20 മീറ്റർ നീളത്തിൽ 1.20(0.60+0.60) മീറ്റർ വീതിയിൽ DR packingനടത്തി നടുവിൽ Earth work filling, Quarry muck fillingഎന്നിവ ചെയ്ത് 2.40 വീതിയിൽ 12.5cm കനത്തിൽ 1:2:4 (40mm) സിമന്റ് കോൺക്രീറ്റ് ഇട്ടതായി രേഖപ്പെടുത്തി. പ്രവൃത്തിയുടെ ഇനം 5 പ്രകാരം 1:2:4 സിമന്റ് കോൺക്രീറ്റ് നടത്തിയത് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

14.20 * 2.40 * 0.125 = 4.26 m3 (Limited to 4.02 m3)

4.02 * 7422.97/m3 = 29840 (MB Page -7)


ഇടിഞ്ഞ് വീഴാറായ തോട് സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പദ്ധതി തയ്യാറാക്കിയിരിക്കുന്നതെങ്കിലും പ്രവൃത്തി ചെയ്തു വന്നപ്പോൾ കോൺക്രീറ്റ് റോഡ് നിർമ്മാണമായി. റോഡിന്റെ ഇടത് വശത്തായാണ് തോട് സ്ഥിതി ചെയ്യുന്നത്. 24.1.17 ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ 1:2:4 സിമന്റ് കോൺക്രീറ്റിന്റെ കനം 7 cm മുതൽ 10 cm വരെയാണെന്ന് ബോധ്യപ്പെട്ടു. കോൺക്രീറ്റിന്റെ കനം പരമാവധി 10 cm കൊടുത്താൽ തന്നെ ഇതുപ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു

14.20 * 2.40 * 0.10 = 3.40 m3

3.40 * 7422.97/m3 = 25238

അധികം നൽകിയത് = 29840 – 25238 = 4602

അധികം നൽകിയ തുക തെറ്റായി അളവെടുത്ത മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.





## 3-13 സംരക്ഷണ ഭിത്തിയുടെ Middle belt - 1:2:4 സിമെന്റ് കോൺക്രീറ്റിന് 15cm കനം - അനാവശ്യ ചെലവ് അംഗീകരിക്കുന്നില്ല

നിർവഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

Proj-234/16

(തെക്കേ പള്ളിക്കുളം പുനരുദ്ധാരണം)

കരാറുകാരൻ - AV. മൂസക്കുട്ടി

തുക-3,60,400

ബിൽ നം- 123/31.3.16

M book- 131/15-16

TS - 4,00,000 (AEE/PNI/MPM/339/15-16 dtd 4.1.16)

പ്രവൃത്തിയുടെ ഇനം 4 പ്രകാരം 1:2:4 (20mm)സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ച് 15cm കനത്തിൽ ബെൽറ്റ് ഇട്ടതിന് 7.464 m3 ന് 7444.55/m3 നിരക്ക് വച്ച് 55566 രൂപ അനുവദിച്ചു. Middle belt നിർമ്മാണത്തിന് 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ആണെങ്കിൽ പരമാവധി 10 cm കനം മതി എന്നിരിക്കെ belt നിർമ്മാണത്തിന് 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 15 cm കനത്തിൽ കോൺക്രീറ്റ് ചെയ്തത് വഴി അധിക ചെലവിനു കാരണമായിട്ടുണ്ട്.

അനുവദിക്കാവുന്ന തുക താഴെ പറയുന്നു

20*0.45*0.10 = 0.9

23.40*0.65*0.10 = 1.52

19.50*0.70*0.10 = 1.37

15.75*0.60*0.10 = 0.95

3.75*0.65*0.10 = 0.24

Total = 4.98 m3

4.98 * 7444.55/m3 = 37074


അധികം നൽകിയത് = 55566 – 37074 = 18492

അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ എസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## **3-14** <u>മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ **33,91,648** രൂപ തിരിച്ചറിയാനാകാതെ കിടക്കുന്നു.</u>

നിർവഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

2015-16 വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്കായി 12,27,90,776 രൂപ വകയിരുത്തിയിരുത്തുകയും മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ 166 മരാമത്ത് പ്രവൃത്തികളിലായി 5,88,92,436 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ പണം ലഭിക്കുന്നത് നോൺ-ബാങ്കിംഗ് ട്രഷറിയിൽ നിന്നായതിനാൽ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതവും കരാറുകാരന് നൽകാനുള്ള തുകയും ഉൾപ്പെട്ട തുകയാണ് മുനി. എഞ്ചിനീയറുടെ പേരിലുള്ള 67103971015 അക്കൗണ്ടിൽ (SBT, Ponnnani) നിക്ഷേപിച്ച് പിന്നീട് പണം പിൻവലിച്ച് കരാറുകാരന് ചെക്കായി നൽകുകയും നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം ക്ഷേമ നിധി ബോർഡിലേക്ക് അടവാക്കുകയുമാണ് ചെയ്യേണ്ടത്. 31.3.16 ന് മേൽ അക്കൗണ്ടിൽ 1,90,69,003 രൂപ ( ഏകദേശം 2 കോടിയോളം രൂപ ) നീക്കിയിരിപ്പുണ്ട്. പിന്നീടുള്ള ദിവസങ്ങളിൽ അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് കരാറുകാർക്ക് പേമെന്റ് അനുവദിച്ചിട്ടുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് യഥാസമയങ്ങളിൽ ഒടുക്കുവരുത്തേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം പ്രവൃത്തികളിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയുടേത് പോലും തുക പിൻവലിച്ച് ക്ഷേമ നിധി ബോർഡിലേക്ക് അടവാക്കിയിട്ടില്ല. കൂടാതെ 22.6.2016 ന് ഈ അക്കൗണ്ടിൽ 33,91,648.50 രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 5,88,924 രൂപ 2015-16 സാമ്പത്തിക വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ അടവാക്കാനുള്ളതാണ്. പ്രസ്തുത തിയ്യതിക്ക് ശേഷം ഓഡിറ്റ് തിയ്യതി (26.1.2017) വരെ യാതൊരു ഇടപാടുകളും ഈ അക്കൗണ്ടിൽ നടന്നിട്ടില്ല. അതുകൊണ്ട് തന്നെ കരാറുകാർക്ക് അനുവദിക്കാനുള്ള തുകകളല്ല നീക്കിയിരിപ്പായുള്ളത് എന്ന് വ്യക്തമാണ്. ഏതൊക്കെ ഇനങ്ങൾക്കുള്ള തുകകളാണ് നീക്കിയിരിപ്പായ 33,91,648.50 രൂപയിൽ ഉൾപ്പെടുന്നതെന്ന് നീക്കിയിരിപ്പായുള്ളതെന്ന് രേഖകൾ സഹിതം (നീക്കിയിരിപ്പ് തുകയുടെ ഇനം തിരിച്ച വിവരം) ആദ്യ മറുപടിയിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക സർക്കാരിലേക്ക് തിരിച്ചടവാക്കാൻ നിർദേശിക്കുന്നതാണ്.



स्टेट बैंक ऑफ त्रावणकोर

SBT

State Bank of Travancore

032YYYNNN1203201111Y20101805C03N04S04P32

CIF No : 77045502532

Account No : 67103971015

Customer Name: MUNICIPAL ENGINEER

S/D/W/H/o:

Address:PONNANI MUNICIPALITY

PONNANI SOUTH PO

Phone:

Email:

D.O.B. (If Minor):

MOP.:

Nom. Reg. No.:

MICR:679009202

CONTINUATION

प्रबंधक Manager

PONNANI

P.B.NO.20

Phone:2666051

Email:ponnani@sbt.co.in

Branch Code:70199

Date of Issue:23/06/2016

23/06/2016 7349378 70199

IFSC:SBTR0000199

| | CHEQUE NO. | DEBIT | CREDIT | BALANCE |
|---|---|---|---|---|
| | | | Brought Forward | 4032178.50Cr |
| ...AMMEDKUTTY | 189966 | 87258.00 | | 3944920.50Cr |
| ...OHD ISMAYIL | 189942 | 185090.00 | | 3759830.50Cr |
| ...ITHDRAWAL TRANSFER BY CHEQUE | 189963 | 270641.00 | | 3489189.50Cr |
| ...RANSFER TO 057006080013 | | | | |
| ...ITHDRAWAL TRANSFER BY CHEQUE | 340611 | 97541.00 | | 3391648.50Cr |
| ...ANSFER TO 067256868977 | | | | |

## 3-15 മരാമത്ത് പ്രവൃത്തികൾ - നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

2015-16 മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ 166 മരാമത്ത് പ്രവൃത്തികളിലായി 5,88,92,436 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് യഥാസമയങ്ങളിൽ ഒടുക്കുവരുത്തേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം പ്രവൃത്തികളിൽ നിന്നും കുറവ് ചെയ്ത് മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയുടേത് പോലും അടവാക്കിയിട്ടില്ല. പ്രവൃത്തികൾക്കാവശ്യമായ പണം ലഭിക്കുന്നത് നോൺ-ബാങ്കിംഗ് ട്രഷറിയിൽ നിന്നായതിനാൽ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതവും കരാറുകാരന് നൽകാനുള്ള തുകയും മുനി. എഞ്ചിനീയറുടെ പേരിലുള്ള 67103971015 അക്കൗണ്ടിൽ (SBT, Ponnnani) നിക്ഷേപിച്ച് പിന്നീട് കരാറുകാരന് ചെക്കായി നൽകുകയാണ് ചെയ്ത് കാണുന്നത്. എന്നാൽ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതമായി നിക്ഷേപിച്ച തുക പിൻവലിച്ച് ക്ഷേമ നിധി ബോർഡിലേക്ക് അടവാക്കുന്നില്ല. തൻവർഷത്തിലെ 166 മരാമത്ത് പ്രവൃത്തികളിലേതായി 5,88,924 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതമിനത്തിൽ ക്ഷേമ നിധി ബോർഡിലേക്ക് അടവാക്കാനുണ്ട്. മേൽ തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ തുക യഥാസമയങ്ങളിൽ ക്ഷേമ നിധി ബോർഡിലേക്ക് അടവാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-16 തെക്കേപ്പാട്ട് പടി റോഡ് ടാറിംഗ്- പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

നിർവഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്റ്റ് നം - 161/16

കരാറുകാരൻ - TV.ഉണ്ണി

സാങ്കേതിക അനുമതി തുക - 3,00,000

ബിൽ നം - 146/31.3.16 ( 90,989)

എം ബുക്ക് -142/15-16

തെക്കേപ്പാട്ട് പടി റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്ക് വേണ്ടി താഴെ പറയുന്ന ഇനങ്ങളാണ് എസ്റ്റിമേറ്റ് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1 | Supplying and Stacking 53mm to 22.4 mm size stone (16.3.3) | 37.88 m3 | 1844.01 m3 | 69849 |
| 2 | Supplying and Stacking good red Earth (16.3.90 | 3.86 m3 | 437.03 m3 | 1687 |
| 3 | Supplying and Stacking 11.2 mm size stone (16.3.7) | 7.50 m3 | 2003.35 m3 | 15025 |
| 4 | Laying spreading and compacting stone aggregate spl size to WBM specification (16.4) | 30.71 m3 | 578.88 m3 | 17777 |
| 5 | Providing and applying tack coat (16.30.1) | 420 m2 | 73.20 m2 | 30744 |
| 6 | 2 cm premix carpet surfacing with 1.8 cum 0.9 cum of stone (16.32.1) | 420 m2 | 235.95 m2 | 99099 |
| 7 | Providing and laying seal coat (16.41) | 420 m2 | 136.67 m2 | 57401 |
| | | | LS | 8418 |
| | | | | 300000 |

ബഹു വർഷ പ്രൊജക്ടായിട്ടല്ല പ്രവൃത്തി തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തി കരാറുകാരൻ ടെണ്ടർ 16.87 കുറവായാണ് ഏറ്റെടുത്തത് . എന്നാൽ പ്രവൃത്തി നിർവഹണത്തിൽ ക്രമ നം 1 മുതൽ 4 വരെയുള്ള പ്രവൃത്തികൾ മാത്രമാണ് തൻവർഷം ചെയ്തിട്ടുള്ളത്. ഇതോടെ 90,989 രൂപയുടെ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. തുടർ വർഷത്തിൽ പ്രവൃത്തിയുടെ ബാക്കി ചെയ്യുന്നതിന് പ്രൊജക്ട് വച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയായതായി കാണുന്നില്ല. റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ മേൽ പ്രവത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-17 തെരുവ് വിളക്ക് സമ്പൂർണ്ണ അറ്റകുറ്റ പണി – അപാകതകൾ - 15,02,459രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണം- Municipal Engineer

പ്രൊജക്ട് നം - SO352/16

ബിൽ നം - 115/30.3.16 – 15,02,459

പൊന്നാനി നഗരസഭയിലെ 51 വാർഡുകളിലായുള്ള തെരുവ് വിളക്കുകൾ അറ്റകുറ്റ പണി നടത്തി

പ്രകാശിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ് 16,00,000 രൂപ അടങ്കലുള്ള ഈ പദ്ധതി. പദ്ധതി പ്രകാരം 1000 എണ്ണമാണ് അളവ് കാണിച്ചിരിക്കുന്നത്. താഴെ പറയും പ്രകാരമാണ് തുക വകയിരുത്തിയിരിക്കുന്നത്.

| ഇനം | തുക |
|---|---|
| അറ്റകുറ്റ പണികൾക്ക് സാമഗ്രികൾ വാങ്ങൽ (ഹൈമാസ്റ്റ് ഉൾപ്പെടെ), റിപ്പയറിംഗ് | 5,00,000 |
| സാധന സാമഗ്രികൾ വാങ്ങൽ (ക്രൂസ്സിൽ നിന്നും) | 10,45,017 |
| ചെറുകിട സാധന സാമഗ്രികൾ വാങ്ങൽ (ക്രൂസ്സിൽ നിന്നും ലഭ്യമല്ലാത്തവ) | 54,983 |
| ആകെ | 16,00,000 |

പദ്ധതി പ്രകാരം ഓരോ തെരുവ് വിളക്കിനും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Power EX Electrical(P)Ltd, Changaramkulam എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. ക്വാട്ട് ചെയ്തിട്ടുള്ള നിരക്ക് താഴെ പറയും പ്രകാരമാണ്

| ഇനം | നിരക്ക് |
|---|---|
| CFL | 110 |
| 45/65/85 Watts CFL Sodiam Lamp | 300 |
| 11*2 Automatic CFL | 250 |
| Tube Light(40 Watts -single/double) | 250 |

പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1). പദ്ധതിക്ക് അടങ്കൽ കാണിച്ചിരിക്കുന്നത് 16,00,000 രൂപയാണ്. നഗരസഭയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അതിൽ തന്നെ പ്രവർത്തന ക്ഷമമായത്, പ്രവർത്തന ക്ഷമമല്ലാത്തത് എന്നിവ സംബന്ധിച്ച് യാതൊരു കണക്കുകളും ഇല്ലാതിരിക്കെ ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് 16,00,000 രൂപ അടങ്കൽ നിശ്ചയിച്ചത് എങ്ങിനെയെന്ന് വ്യക്തമല്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി. യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല

2). 98/15-16/11.1.16 പ്രകാരം Power EX Electrical (P)Ltd, Changaramkulam എന്ന സ്ഥാപനവുമായി കരാർ വെച്ചു. കരാറുടമ്പടി പ്രകാരം കരാർ തിയതി മുതൽ 4 മാസവും 21 ദിവസവുമാണ് (31.5.16 വരെ). 11.1.16 ന് കരാർ വെച്ച സ്ഥാപനം താഴെ പറയും പ്രകാരമുള്ള 2181 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കിതായി കാണിച്ച് ആയതിന്റെ ബില്ല് 27.2.2016 ന താഴെ പറയും പ്രകാരം സമർപ്പിച്ചു (bill no – 207/27.2.2016). ബിൽ പ്രകാരമുള്ള തുക 438569 രൂപ സ്ഥാപനം ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്നുള്ള കരാർ കാലയളവിൽ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി കാണുന്നില്ല.

| ഇനം | അളവ് (എണ്ണം) | നിരക്ക് | തുക |
|---|---|---|---|
| CFL(14/15 Watts) | 1223 | 110 | 134530 |
| 40 w tube set light | 285 | 250 | 71250 |
| 11*2 CFL (automatic) | 493 | 250 | 123250 |
| 45 w CFL | 104 | 300 | 31200 |
| 85 w CFL | 76 | 300 | 22800 |
| | | Service tax (14.5+5 cess) | 55539 |
| | 2181 | | 438569 |

നഗരസഭയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അതിൽ തന്നെ പ്രവർത്തന ക്ഷമമായത്, പ്രവർത്തന ക്ഷമമല്ലാത്തത് എന്നിവ സംബന്ധിച്ച് യാതൊരു കണക്കുകളും ഇല്ലാതിരിക്കെ സ്ഥാപനം നൽകിയ കണക്കിന് എന്ത് ആധികാരികതയാണ് ഉള്ളത്. മാത്രമല്ല 51 വാർഡുകലിലെ കൗൺസിലർമാർ നൽകിയ സാക്ഷ്യപത്രപ്രകാരം 992 തെരുവ് വിളക്കുളാണ് റിപ്പയർ ചെയ്തിട്ടുള്ളത്.

3) പ്രവൃത്തിയുടെ ഫയൽ പ്രകാരം 11,71,218 രൂപ (ചെക്ക് നം.189972/8.4.16) ക്രൂസ്സിനം 4,75,672 രൂപ (ചെക്ക് നം.970673/3.7.15) സിഡ്ക്കോക്കും അനുവദിച്ചതായാണ് കാണുന്നത്. കരാർ ഏറ്റടുത്ത സ്ഥാപനത്തിന് പേമെന്റ് അനുവദിച്ചതായി കാണുന്നില്ല. സിഡ്ക്കോക്ക് തുക നൽകാനുള്ള കാരണം വ്യക്തമല്ല. ക്രൂസ്സിൽ നിന്നും 10,45,017 രൂപക്കുള്ള സാധന സാമഗ്രികളേ ലഭ്യമായിട്ടുള്ളൂ. ബിൽ പ്രകാരം 15,02,459 രൂപയാണ് പിൻവലിച്ചതെങ്കിലും 1520689 രൂപ ചെലവഴിച്ചതായി കാണുന്നു. അധികം നൽകിയ തുക 18230 (1520689-15,02,459) ഏത് ഫണ്ടിൽ നിന്നാണെന്ന് വ്യക്തമല്ല.

4). അപൂർണ്ണമായ കരാറാണ് ചമച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ഹൈമാസ്റ്റ് ലൈറ്റ് ഉൾപ്പെടുത്തിയാണ് പ്രൊജക്റ്റ് ഉണ്ടാക്കിയിരിക്കുന്നത്. എന്നാൽ സ്ഥാപനം കരാറിൽ നിന്നും ഹൈമാസ്റ്റ് ലൈറ്റ്, എൽ.ഇ.ഡി ബൾബ് എന്നിവയെ ഒഴിവാക്കി. ബിൽ തുക4 ഘട്ടമായി 50%,20%,15%,15% എന്ന അനുപാതത്തിൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടതായിരുന്നു. കേടുവന്ന തെരുവ് വിളക്കുകൾ മാറ്റി പുതിയ സാധനങ്ങൾ വക്കുമ്പോൾ മാറ്റി വച്ച പഴയ സാധനങ്ങളും നഗരസഭ ഓഫീസിൽ ഏൽപിക്കേണ്ടതാണ് എന്ന് ഉൾപ്പെടുത്തേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല.

5). കരാർ പ്രകാരം റിപ്പയർ ചെയ്യുന്നതിനാവശ്യമായ സാധന സാമഗ്രികൾ നഗരസഭ വാങ്ങി നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാവശ്യമായ സാധന സാമഗ്രികൾ ക്രൂസ്സിൽ നിന്നും 10,45,017 രൂപക്ക് വാങ്ങിയിട്ടുണ്ടെങ്കിലും റിക്വയർമെന്റ് കാണിച്ച് കൊണ്ടുള്ള കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ് ഇല്ല. കൂടാതെ ക്രൂസ്സിൽ നിന്നും ലഭ്യമായിട്ടില്ലാത്ത താഴെ പറയുന്ന സാമഗ്രികൾ ലഭ്യമാക്കാൻ കരാർ ഏറ്റെടുത്ത സ്ഥാപനം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് വാങ്ങി നൽകിയതായി കാണുന്നില്ല. പിന്നെ എങ്ങിനെയാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്ന് വ്യക്തമല്ല.

| Item | Nos |
|---|---|
| Switch | 800 |
| Gauge box | 600 |
| Wire | 4 Roll |

6) കേടുവന്ന തെരുവ് വിളക്കുകളെ സംബന്ധിച്ച എസ്റ്റിമേറ്റ് റിപ്പോർട്ട് കെ.എസ്.ഇ.ബി.യിൽ നിന്നും തയ്യാറാക്കി വാങ്ങിയിട്ടില്ല കൂടാതെ ഏതൊക്കെ ലൊക്കേഷനുകളിലാണ് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തിട്ടുള്ളതെന്ന വിശദമായ റിപ്പോർ സ്ഥാപനം സമർപ്പിച്ചിട്ടില്ല.

7). 2013-14 വർഷത്തിൽ 40,49,724 രൂപയും 2014-15 വർഷത്തിൽ 37,99,338 രൂപയും തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിന് വേണ്ടി വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്ന് മുൻ ഫയലുകളിൽ കണ്ടു. ഇത്രയും ഭീമമായ സംഖ്യ ചെലവഴിച്ചിട്ടും തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയായി കണുന്നു.

8) ഇത്രയധികം റിപ്പയറിംഗ് നടത്തിയിട്ടും കെ.എസ്.ഇ.ബിയിൽ സൂപ്പർവിഷൻ ചാർജ് അടച്ചതിന്റെ രേഖകളില്ല.

9) തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായുള്ള കൗൺസിലർമാരുടെ സാക്ഷ്യപത്രങ്ങളിൽ അധികവും വെട്ടിതിരുത്തലുകൾ വരുത്തിയിട്ടുണ്ട്.

10) കരാർ പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ പരാതി രജിസ്റ്റർ പരിപാലിക്കണമെന്നും ആയത് പ്രകാരമുള്ള പരാതികൾ സ്ഥാപനത്തെ അറിയിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട് ആയത് പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/24.1.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകളുടേയും അപാകതകളുടെയും അടിസ്ഥാനത്തിൽ ബാക്കി ചെലവു തുക 15,02,459രൂപ തടസ്സം ചെയ്യുന്നു. കൂടാതെ പദ്ധതി ചെലവിൻമേൽ കൂടുതൽ പരിശോധനക്ക് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നു. എത്രയും വേഗം തെരുവ് വിളക്കുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി. യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും തെരുവ് വിളക്കുകൾ സംബന്ധിച്ച

രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിപാലിക്കേണ്ടതാണ്.

## 3-18 "SC കുടുംബങ്ങൾക്ക് വീട് വെക്കാൻ സ്ഥലം വാങ്ങൽ"- സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം നൽകിയത് 9,02,041 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : SCDO

പ്രൊജക്ട് :"SC കുടുംബങ്ങൾക്ക് വീട് വെക്കാൻ സ്ഥലം വാങ്ങൽ"

1)പ്രൊജക്ട് നമ്പർ : SOO92/16

തുക - 16,00,000)

Try Bill No/Date : 35/21.3.16, 36/21.3.16,45/29.3.16,50/31.3.16,51/31.3.16

2)പ്രൊജക്ട് നമ്പർ : SOO14/16

തുക - 4,00,000)

Try Bill No/Date : 20/27.1.16, 34/21.3.16

മേൽ പ്രൊജക്ട് (SOO92/16) പ്രകാരം 2015-16 വർഷത്തിൽ ആകെ 8 ഗുണഭോക്താക്കൾക്കായി വികസനഫണ്ടിൽ നിന്നും 16,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പ്രൊജക്ട് നമ്പർ SOO14/16 പ്രകാരം 2 ഗുണഭോക്താക്കൾക്കായി വികസനഫണ്ടിൽ നിന്നും 4,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കൾക്കും വാങ്ങിയ സ്ഥലത്തിന്റെ വിസ്തൃതി പരിഗണിക്കാതെ പരമാവധി സബ്സിഡി തുകയായ 2,00,000രൂപ വീതം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. 12-ാംപഞ്ചവത്സര പദ്ധതിയിലെ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ ( ജി.ഒ. (എം.എസ്. )248/12 തസ്വഭവ. തിയ്യതി 29-9-12, GO(MS)362/13/LSGD, തീയതി:16-11-13) പ്രകാരം സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ, നിശ്ചയിക്കപ്പെട്ട വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിയാൽ, മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. (നഗരസഭകളിൽ മിനിമം വിസ്തൃതി : 2 സെന്റ് , പരമാവധി സബ്സിഡി: 2,00,000). ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് അപ്രകാരം പരിമിതപ്പെടുത്താതെ പരമാവധി തുക നൽകിയതായി കാണുന്ന വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആധാരത്തിൽ രേഖപ്പെടുത്തിയ വാങ്ങിയ സ്ഥലത്തിന്റെ വിസ് തൃതി | ആധാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്തിന്റെ വില | അനുവദനീയമായ തുക (2 സെന്റിന് പരിമിതപ്പെടുത്തുമ്പോൾ) | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | ഉഷ പള്ളിപ്പുറത്ത്(H), കടവനാട് | 2.10 ആർ, (5.18 സെന്റ്) | 2,00,000 രൂപ | 77220 രൂപ | 1,22,780 രൂപ |
| 2 | മല്ലിക തുള്ളിശ്ശേരി(H) കടവനാട് | 1.214 ആർ, (3 സെന്റ്) | 2,00,000 രൂപ | 1,33,333 | 66667 |
| 3 | പ്രസന്ന കുമാരി കാരിയംതിരുത്തി(H) പുഴമ്പ്രം | 2.19 ആർ, (5.4 സെന്റ്) | 2,00,000 രൂപ | 74,074 | 1,25,926 |
| 4 | സബിത കളരിപറമ്പിൽ(H) കോട്ടത്തറ | 1.215 ആർ, (3 സെന്റ്) | 2,00,000 രൂപ | 1,33,333 | 66667 |

| | | | | | |
|---|---|---|---|---|---|
| 5 | അംബിക<br>തെക്കേപ്പാട്ട്പടി(H)<br>ഈശ്വരമംഗലം | 2.024 ആർ, (5സെന്റ്) | 2,00,000 രൂപ | 80,000 | 1,20,000 |
| 6 | ബിന്ദു<br>കുണ്ടുകടവിൽ(H)<br>എരിക്കമണ്ണ | 1.62ആർ, (4 സെന്റ്) | 2,00,000 രൂപ | 1,00,000 | 1,00,000 |
| 7 | സുചിത്ര<br>വെട്ടംവീട്ടിൽപടി(H)<br>Near ITC Road | 1.215 ആർ, (3 സെന്റ്) | 2,00,000 രൂപ | 1,33,333 | 66667 |
| 8 | ബീന<br>കണ്ടശ്ശൻ(H)<br>പുളിക്കകടവ് | 1.21 ആർ, (3 സെന്റ്) | 2,00,000 രൂപ | 1,33,333 | 66667 |
| 9 | രതി<br>അടുത്തിരുത്തി(H)<br>ബിയ്യം | 1.62 ആർ, (4 സെന്റ്) | 2,00,000 രൂപ | 1,00,000 | 1,00,000 |
| 10 | ഉഷാദേവി<br>കളത്തിങ്ങൽ(H)<br>ഈഴവതിരുത്തി | 1.21 ആർ, (3 സെന്റ്) | 2,00,000 രൂപ | 1,33,333 | 66667 |
| ആകെ | | | | | 9,02,041 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (13/16.1.17) മറുപടിയിൽ, മേൽ ഗുണഭോക്താക്കൾ എല്ലാവരും 2 സെന്റിൽ കൂടുതൽ സ്ഥലം വാങ്ങിയിട്ടുള്ളതായും എന്നാൽ മിനിമം വിസ്തൃതിയായ 2 സെന്റിന് പരമാവധി നൽകാവുന്ന തുകയായ 2,00,000 രൂപ അനുവദിക്കുകയാണ് നഗരസഭ ചെയ്തിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ആയതിൽ നിന്നും മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാണ്.ആയതിനാൽ സർക്കാർ ഉത്തരവ് മറികടന്ന് അനുവദിച്ച 9,02,041 രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-19 പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വിദേശ തൊഴിൽ - പദ്ധതി അപാകത - 14950 രൂപ അനുവദിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - SCDO

പ്രൊജക്റ്റ് നം - 158/16

ബിൽ നം - 56/31.3.16

തുക - 14950

പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വിദേശ തൊഴിൽ ലഭ്യമാക്കുക എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. സ.ഉ (എം.എസ്) 362/ത.സ്വ.ഭ.വ. തി.16.11.13 നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വിദേശ തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും ഹാജരാക്കുന്ന മുറക്ക് 10000 രൂപയും (19.6.15 ലെ ജി.ഒ(ആർ.ടി)1827/15 പ്രകാരം 50,000 രൂപയാക്കി വർദ്ധിപ്പിച്ചു) യഥാർത്ഥ ടിക്കറ്റ് ചാർജ്ജും നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താവിന് ധനസഹായം അനുവദിച്ചതിൽ അപാകതകൾ കണ്ടു.

| ഗുണഭോക്താവ് | വിസാ നം |
|---|---|

| | |
|---|---|
| സന്തോഷ് കളരിപ്പറമ്പിൽ | 43227582/30.4.14 |

ടിയാന്റെ യാത്രാ ടിക്കറ്റ് പ്രകാരം യാത്രാ തിയ്യതി 29.5.14 (Departure) – 30.5.14 (Arrival) ആണ്. ഇതുപ്രകാരം ഗുണഭോക്താവ് 30.5.14 ന് വിദേശത്തേക്ക് യാത്ര പോയിട്ടുണ്ട്. ടിയാന്റെ വിസയിൽ 30.5.14 ന് എൻട്രി സീൽ (UAE) വച്ചിട്ടുണ്ട്. 2014-15 വർഷത്തിൽ തന്നെ ഗുണഭോക്താവ് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഫയലിൽ വച്ചിട്ടുള്ള രണ്ടാമത്തെ യാത്രാ ടിക്കറ്റ് പ്രകാരം യാത്രാ തിയ്യതി 22.11.15 (Departure) – 23.11.15 (Arrival) ആണ്. പ്രസ്തുത ടിക്കറ്റ് പ്രകാരമുള്ള യാത്രക്കാണ് ധനസഹായം അനുവദിച്ചത്. ജോലി ലഭിച്ചതിന് ശേഷം നടത്തുന്ന തുടർ യാത്രകൾക്ക് ധനസഹായം അനുവദിക്കാവുന്നതല്ല. ആദ്യ യാത്ര കഴിഞ്ഞ് 18 മാസത്തിനു ശേഷമാണ് ടിയാൻ രണ്ടാമത്തെ യാത്ര നടത്തുന്നത്. അതുകൊണ്ടു തന്നെ സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ ധനസഹായ തുക 14950 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 3-20 SC ഡവലപ്പ്മെന്റ് ഓഫീസറുടെ പദ്ധതി നിർവഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - SCDO

താഴെ പറയുന്ന പദ്ധതി ചെലവുകളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ അപാകതകൾ കണ്ടു. ഭവന നിർമ്മാണം, വീട് റിപ്പയറിംഗ് പുനരുദ്ധാരണം എന്നീ പദ്ധതികളിൽ അപേക്ഷകളോടൊപ്പം (ഫയലിൽ) വാല്യൂഷൻ സർട്ടിഫിക്കറ്റ്, സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ വച്ചിട്ടില്ല. ചില അപേക്ഷകളിൽ തന്നെ വാല്യൂഷൻ സർട്ടിഫിക്കറ്റിന് പകരം പ്രവൃത്തി പൂർത്തീകരിച്ചതായി ഓവർസിയർ സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ബന്ധപ്പെട്ട രേഖകൾ പ്രത്യേകം കെട്ടുകളായി സൂക്ഷിച്ചിട്ടുണ്ടെന്നാണ് വാക്കാൽ അറിയിച്ചത്. എന്നാൽ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 93,50,100 രൂപ തടസ്സം ചെയ്യുന്നു.

| പ്രൊജക്റ്റ് നം | പേര് | അടങ്കൽ | ചെലവ് | അപാകത |
|---|---|---|---|---|
| SO15/16 | വീട് റിപ്പയറിംഗ് പുനരുദ്ധാരണം | 16,00,000 | 15,75,000 | വാല്യൂഷൻ സർട്ടിഫിക്കറ്റ് ഇല്ല (AE & Overseer) |
| 93/16 | വീട് റിപ്പയറിംഗ് | 25,00,000 | 22,37,500 | |
| SO12/16 | ഭവന നിർമ്മാണം | 59,80,419 | 30,12,600 | സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ വച്ചിട്ടില്ല. |
| SO13/16 | 2005-06 മുതൽ 2012-13 വരെയുള്ള ഭവന നിർമ്മാണം തുക വകയിരുത്തൽ | 16,59,362 | 8,20,000 | |
| 91/16 | ഭവന നിർമ്മാണം | 38,00,000 | 9,00,000 | |
| 298/16 | ഭവന നിർമ്മാണം 2013-14 ബാക്കി ഗഡുക്കൾ നൽകൽ | 10,51,783 | 80,5000 | |
| | | | 93,50,100 | |

## 3-21 പട്ടികജാതി പട്ടികവർഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - പദ്ധതി അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - SCDO

പ്രൊജക്റ്റ് നം - SOO95/16

ബിൽ നം - 1/25.9.2015

പദ്ധതി പ്രകാരം Sc/St പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. 18.3.15 ലെ ജി.ഒ (ആർ.ടി)789/15 പ്രകാരം Sc/St പെൺകുട്ടികളുടെ വിവാഹധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള കാലപരിധി വിവാഹ തിയ്യതി മുതൽ 90 ദിവസം എന്നത് 6 മാസമായി ഉയർത്തി. എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള സമയ പരിധി പാലിക്കാത്ത അപേക്ഷകൾക്കും 50,000 രൂപ വച്ച് ധനസഹായം അനുവദിച്ചു. വിശദാംശം ചുവടെ

| ക്രമ നം | ഗുണഭോക്താവ് | വിവാഹ തിയ്യതി | അപേക്ഷ സമർപ്പിച്ചത് |
|---|---|---|---|
| 1 | കാർത്ത്യായനി<br>പാണ്ടിത്തറയിൽ | 25.1.15 | 17.8.15 |
| 2 | വിൻസി<br>മൂച്ചിക്കപ്പറമ്പിൽ | 1.6.14 | 17.6.15 |
| 3 | രഞ്ജിത<br>ഇറ്റലയിൽ | 1.2.15 | 5.8.15 |
| 4 | ഉഷ<br>ചെറുവായക്കര | 15.5.15 | 8.12.15 |
| 5 | പാർവതി<br>വിരിത്തറയിൽ | 8.2.15 | 8.1.16 |
| 6 | വിചിത്ര<br>മൂച്ചിക്കപ്പറമ്പിൽ | 8.5.11 | 16.2.16 |
| 7 | ധന്യ<br>കടവത്തേയിൽ | 10.9.15 | 14.3.16 |

നിശ്ചിത സമയ പരിധി പാലിക്കാത്ത അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചതിലൂടെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവ് അനുവദിക്കുകയാണ് ചെയ്തത്. ചെലവ് തുക 3,50,000 രൂപ തടസ്സം ചെയ്യുന്നു.

## 3-22 പള്ളി റോഡ് ടാറിംഗ്-റീടാറിംഗ് പ്രവൃത്തി - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്റ്റ് നം - 149/16

കരാറുകാരൻ - TV.ഉണ്ണി (Tender below 16.34)

സാങ്കേതിക അനുമതി തുക - 4,00,000 (AEE/PNI/MPM/93/15-16 dtd 5.10.15)

ബിൽ നം - 130/31.3.16 ( 334486)

എം ബുക്ക് -135/15-16

പ്രവൃത്തിക്ക് വേണ്ടി താഴെ പറയുന്ന ഇനങ്ങളാണ് എസ്റ്റിമേറ്റ് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം | ഇനം | എസ്റ്റിമേറ്റ് പ്രകാരം അളവ് | ചെയ്ത അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | Supplying and Stacking 53mm to 22.4 mm size stone | 45.92 m3 | 45.92 m3 | 1844.01 m3 | 84676.94 |

| | | | | | |
|---|---|---|---|---|---|
| | (16.3.3) | | | | |
| 2 | Supplying and Stacking good red Earth<br>(16.3.90 | 4.468 m3 | 4.468 m3 | 437.03 m3 | 1952.65 |
| 3 | Supplying and Stacking 11.2 mm size stone<br>(16.3.7) | 8.936 m3 | 8.936 m3 | 2003.35 m3 | 17901.94 |
| 4 | Laying spreading and compacting stone aggregate spl size to WBM specification<br>(16.4) | 37.23 m3 | 37.23 m3 | 578.88 m3 | 21551.70 |
| 5 | Providing and applying tack coat<br>(16.30.1) | 614 m2 | 614 m2 | 73.20 m2 | 44944.80 |
| 6 | 2 cm premix carpet surfacing with 1.8 cum 0.9 cum of stone<br>(16.32.1) | 614 m2 | 614 m2 | 235.95 m2 | 144873 |
| 7 | Providing and laying seal coat<br>(16.41) | 614 m2 | 614 m2 | 136.67 m2 | 83915.38 |
| | | | Total | | 399816 |
| | | | Tender below 16.34% | | 65330 |
| | | | | | 334486 |

<u>പദ്ധതി അപാകതകൾ</u>

1) എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 40 മീറ്റർ ടാറിംഗും ബാക്കി ഭാഗം റീടാറിംഗുമാണ് പറഞ്ഞിട്ടുള്ളത്. ഇതിൽ Pot Hole filling ഉൾപ്പെടെ പരാമർശിച്ചിട്ടുണ്ട്. എന്നാൽ വിശദമായ എസ്റ്റിമേറ്റിൽ പ്രവൃത്തിയിൽ 496.5 മീറ്റർ ടാറിംഗും 39 മീറ്റർ റീടാറിംഗുമാണ് വിഭാവനം ചെയ്തത്. ഇതിൽ Pot Hole filling ന് പ്രൊവിഷൻ വച്ചിട്ടുമില്ല.

2) പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം 39 മീറ്റർ ടാറിംഗിന് പകരം 100 മീറ്റർ ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചത് എസ്റ്റിമേറ്റ് പ്രകാരം ലിമിറ്റ് ചെയ്തിട്ടാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ളതിൽ കൂടുതൽ അളവ് സാക്ഷ്യപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

3) 497 m2 ടാറിംഗും 117 m2 റീടാറിംഗും ആണ് പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത്. ആയതിന് മുഴുവനായി DSR code 16.30.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. റീടാറിംഗിന് അനുവദിക്കേണ്ടത് DSR code 16.30.2 പ്രകാരമുള്ള നിരക്കാണ്. ഇതുപ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

497 m2 * 73.20/ m2 = 36380 (ടാറിംഗ്)

117 m2 * 52.77/m2 = 6174 (റീടാറിംഗ്)

ആകെ = 42554

അനുവദിച്ചത് - 44944.80

അധികം = 2391 (44944.80-42554)

4) എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം Pot Hole filling ഉൾപ്പെടെയാണ് റീടാറിംഗ് കാണിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ Pot Hole filling ഇല്ലാതെ റീടാറിംഗ് ചെയ്തത് ക്രമപ്രകാരമല്ല. Pot Hole filling ഇല്ലാതെ റീടാറിംഗ് ചെയ്താൽ റോഡിന്റെ ഗുണമേൽമയെ അത് സാരമായി ബാധിക്കുന്നതാണ്. പ്രത്യേകിച്ച് റോഡിന്റെ വശങ്ങൾ Pot Hole filling ഇല്ലാതെ ചെയ്താൽ നില നിൽക്കാൻ സാധ്യത കുറവാണ്. മേൽ പ്രവൃത്തി ഒഴികെ നഗരസഭയിൽ 2015-16 വർഷത്തിൽ ചെയ്ത എല്ലാ റീടാറിംഗ് പ്രവൃത്തികൾക്കും Pot Hole filling ചെയ്തിട്ടുണ്ട്. അതുകൊണ്ട് തന്നെ ഗുണമേൽമയെ ബാധിക്കുന്ന രീതിയിൽ ചെയ്ത താഴെ പറയും പ്രകാരമുള്ള ചെലവ് അനാവശ്യ ചെലവായി മാറി.

117 m2 * 52.77/m2 = 6174

117 m2 * 235.95 m2 = 27606

117 m2 * 136.67 m2 = 15990

ആകെ = 49770

2391 രൂപ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും കൂടാതെ ഗുണമേൽമയെ ബാധിക്കുന്ന രീതിയിൽ നടത്തിയ 49770 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.)

## 3-23 ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തടസ്സം ചെയ്യുന്നു.

താഴെ പറയുന്ന ചെലവുകൾ സംബന്ധിച്ച അനുബന്ധ രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

1.ഫയൽ 12475/15

ചെയർ പേഴ്സന്റെ 20-6-15 ലെ മുൻകൂർ അനുമതി പ്രകാരം കടവനാട് പി.എച്ച്.സി സബ് സെന്ററിലെ കിണർ വൃത്തിയാക്കുന്നതിന് ചെക്ക് 477984/24-6-15 പ്രകാരം 17520 രൂപ ചെലവഴിച്ചു. ഇത് സംബന്ധിച്ച ഫയലോ ചെലവിന്റെ കൈപ്പറ്റ്, ക്വട്ടേഷൻ സംബന്ധമായ രേഖകളോ പരിശോധനക്ക് ലഭ്യമായിട്ടില്ല.രേഖകളുടെ അഭാവത്തിൽ 17,520 രൂപ തടസ്സം ചെയ്യുന്നു.

2.ഫയൽ E1 -4876/13

ചെക്ക് നമ്പർ 477987/26-6-15 പ്രകാരം 12,000 രൂപ ശ്രീമതി കമറുദ്ധീൻ, കോൺടോർ സർവ്വേയർ എന്ന സ്ഥാപനത്തിന് ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തിയതിന് ബിൽ തുകയായി നൽകിയതിന്റെ രേഖകളൊന്നും തന്നെ പരിശോധനക്ക് ലഭ്യമായിട്ടില്ല.രേഖകളുടെ അഭാവത്തിൽ 12,000 രൂപ തടസ്സം ചെയ്യുന്നു.

3.ഫയൽ ജി.5- 11785/2012

22-6-15 ലെ വിദ്യാഭ്യാസ കലാ കായിക സ്ഥിരം സമിതിയുടെ യോഗസ്സത്തിൽ പൊന്നാനി നഗരസഭ പരിധിയിലെ വിദ്യാലയങ്ങളിൽ നിന്നും SSLC/ PLUS TWO പരീക്ഷകളിൽ മുഴുവൻ വിഷയത്തിലും A+ നേടിയ വിദ്യാർത്ഥികൾക്കും നഗരസഭ പരിധിയിൽ സ്ഥിര താമസക്കാരും നഗരസഭ പരിധിക്ക് പുറത്തുള്ള വിദ്യാലയങ്ങളിൽ A+ നേടിയ വിദ്യാർത്ഥികൾക്കും പ്രശസ്തി പത്രവും ട്രോഫിയും നൽകുവാൻ തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ട്രോഫികൾ വാങ്ങുന്നതിനായി സെക്ഷൻ ക്ലാർക്കിന് 20,000 രൂപ മുൻകൂറായി നൽകി. ( ചെക്ക് നമ്പർ 970675/ 3-8-15 ). ബാക്കി തുക 475 രൂപ ചെക്ക് നമ്പർ 1146528/ 17-9-15 ആയും നൽകി.(130 ട്രോഫികൾ 150 രൂപ നിരക്കിൽ.)പ്രശസ്തി പത്രം അച്ചടിക്കുന്നതിനായി കെ.വി.ഓഫ്സെറ്റ് പ്രസ്സിന് ക്വട്ടേഷൻ അംഗീകരിച്ച് നല്കി. 1680 രൂപ ചെലവഴിച്ചു. ( ചെക്ക് നമ്പർ 970736/ 2-11-15 ).ട്രോഫികൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ നൽകിയ വിദ്യാർത്ഥികളുടെ പേരു വിവരം എന്നിവയൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 130 ട്രോഫികളും സർട്ടിഫിക്കറ്റുകളും ഇഷ്യൂ ചെയ്തുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആർക്കാണെന്നത് എഴുതിയില്ല. വിതരണ വിവരമോ പങ്കെടുത്തവരുടെ വിവരമോ ലഭ്യമല്ല.രേഖകൾ ലഭ്യമാക്കാത്തതിനാൽ ആകെ ചെലവു തുക 22,155 രൂപ തടസ്സം ചെയ്യുന്നു.

## 3-24 അംഗൻവാടി - അമൃതം ന്യൂട്രിമിക്സ് വിതരണം - ഗുണനിലവാരം പരിശോധനക്ക് വിധേയമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്, സൂപ്പർവൈസർ

അംഗനവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിക്ഷിപ്തമാണ്. കുട്ടികൾ, ഗർഭിണികൾ എന്നിവരുടെ ആരോഗ്യസുരക്ഷ ഉറപ്പു വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കുണ്ട്. 2015-16 വർഷം അംഗനവാടികളിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത് ചൈതന്യം ന്യൂട്രിമിക്സ് യൂണിറ്റ്,പെരുമ്പടപ്പ് എന്ന സ്ഥാപനത്തിൽ നിന്നാണ്. കത്ത് നം.ഐ.സി.ഡി.എസ്. ബി3-312/2010, 18.12.2010 സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ-ശിശു വികസന ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നൽകിയ ഉത്തരവ് പ്രകാരം ഓരോ രണ്ടു മാസത്തിലൊരിക്കലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 2015-16 വർഷം അത്തരം ലാബ് പരിശോധന നടത്തിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് യാതൊരു വിശദീകരണവും നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്.

## 3-25 അനുപൂരക പോഷകാഹാരം (എസ്.സി) -സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പിലാക്കി

നിർവഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നമ്പർ. എസ്. 97/16(എസ്.സി.പി.)

പ്രോജക്റ്റ് അടങ്കൽ - 4,00,000(എസ്.സി.പി.),

പ്രോജക്റ്റ് ചെലവ് - 4,00,000/- (ബിൽ നമ്പർ 4/2015-16 തി.18-12-15 140685 രൂപ, ബിൽ നമ്പർ 7/2015-16 തി.9-2-16 193480 രൂപ, ബിൽ നമ്പർ 13/2015-16 തി.29-3-16 65835 രൂപ)

എസ്.സി.പി.ഫണ്ടുകൾ അങ്കണവാടികളിൽ ഭക്ഷ്യധാന്യത്തിന്ന് വകയിരുത്തുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ ഓരോ വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം, ഗർഭിണികളുടെ എണ്ണം, കൗമാരപ്രായക്കാരുടെ എണ്ണം, അവരുടെ ശതമാനം സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായി സമർപ്പിക്കണം. എന്നാൽ ഇത്തരം നിബന്ധന നിർവ്വഹണ ഉദ്യോഗസ്ഥ പാലിച്ചിട്ടില്ല.മേൽ പറഞ്ഞ അപാകതകയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് യാതൊരു മറുപടിയും നിർവ്വഹണ ഉദ്യോഗസ്ഥയോ നഗരസഭയോ ലഭ്യമാക്കിയിട്ടില്ല.എസ്.സി.പി ഫണ്ട് അത് ചെലവഴിക്കാൻ അനുവാദമുള്ള മേഖലയിൽ അല്ലാതെ ചെലവഴിക്കപ്പെടുന്നതിന് ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഭരണ സമിതിയുടെ ഇടപെടൽ ആവശ്യമാണ്.

## 3-26 പൊതുടാപ്പുകളുടെ സംയുക്ത പരിശോധനയും രജിസ്റ്ററുകളുടെ സൂക്ഷിപ്പും

ഫയൽ ഇ1- 7092/01

നഗരസഭ പ്രദേശത്തെ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്താനായി രണ്ടു തവണ കത്തു നൽകിയെങ്കിലും കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിക്കുകയോ അനുകൂലമായി പ്രതികരിക്കുകയോ ചെയ്തതായി കാണുന്നില്ല. നഗരസഭ നേരിട്ട് പരിശോധിച്ച് എത്രയെന്ന് കണക്കാക്കുന്നതിന് ഓവർസിയറെ ചുമതലപ്പെടുത്താനും കൗൺസിലർമാർ, ഫീൽഡ് സ്റ്റാഫ്, അംഗനവാടി, കുടുംബശ്രീ സംവിധാനങ്ങളെ സഹകരിപ്പിക്കാനും തീരുമാനിച്ചു. ഓവർസിയറുടെ ജോലിഭാരം കണക്കിലെടുത്ത് അംഗനവാടി വർക്കർമാരെ ചുമതലപ്പെടുത്താനും ക്രോഡീകരണ ചുമതല ഓവർസിയറെ ഏൽപ്പിക്കാനും തീരുമാനിച്ചു.3/2015 വരെയുള്ള കുടിശ്ശിക 28/3/15 ന് മുമ്പ് അടവാക്കാനാവശ്യപ്പെട്ട് വാട്ടർ അതോറിറ്റി കത്ത് നൽകുകയുണ്ടായി.പുതുതായി സ്ഥാപിച്ചതുൾപ്പെടെ 1137 ടാപ്പുകൾ ഉണ്ടെന്ന് കത്തിൽ പറയുന്നു. എന്നാൽ മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടപ്രകാരം സംയുക്ത പരിശോധനക്ക് തയ്യാറായതായി കാണുന്നില്ല.2015-16 ൽ 44,82,054 രൂപ കുടിശ്ശികയായി വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. (ചെക്ക് 293445/14-3-16 ). കുടിശ്ശിക എപ്രകാരം കണക്കാക്കിയെന്നും ആയത് ശരിയാണോ എന്നതിനുള്ള കൃത്യമായ രേഖകളോ നഗരസഭയുടെ കൈവശമില്ല. സംയുക്ത പരിശോധന നടത്തുന്നതിന് നടപടികൾ ആരംഭിച്ചതായി ഓഡിറ്റ് സമാപന യോഗത്തിൽ ചെയർമാൻ അറിയിക്കുകയുണ്ടായി. അപാകതകൾ ഇല്ലാതെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും സംയുക്ത പരിശോധനയുടെ പൂർത്തീകരണ- പുരോഗതി വിവരവും .അറിയിക്കേണ്ടതാണ്.

## 3-27 ആവശ്യമായ രേഖകൾ ഇല്ലാതെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകി. തുക തിരിച്ചടവാക്കേണ്ടതാണ്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട് നമ്പർ എസ്.ഒ.109/16 പ്രകാരം 24,99,906/- രൂപ ചെലവഴിച്ചു. (ബിൽ നം.9/15-16 തിയ്യതി11.03.2016). 2015-16വർഷത്തിൽ 201 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതായി കാണുന്നു. പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റുന്നവരുടെ അപേക്ഷ, അംഗവൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്,മറ്റു അനുബന്ധരേഖകൾ, വിദ്യർത്ഥിയാണെന്ന് തെളിയിക്കുന്ന സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഠിക്കുന്ന ക്ലാസ്സ്, ഹോസ്റ്റലർ ആണോ അല്ലയോ എന്നിവ വ്യക്തമല്ല. റേഷൻ കാർഡിന്റെ കോപ്പി ഹാജരാക്കിയിട്ടില്ല. സ്കോളർഷിപ്പ് ആനുകൂല്യം കൈപ്പറ്റിയവർ ഇതിനർഹരാണോ എന്ന് ഓഡിറ്റിന് വ്യക്തമല്ല. രേഖകൾ പരിശേധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടെങ്കിലും ( എൻക്വയറി 1/10-1-2017) രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ 1997 ലെ കേരള മുനിസിപ്പാലിറ്റി ( പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം അത്തരം രേഖകളോ കണക്കുകളോ നിലവിലില്ല എന്ന നിഗമനത്തിൽ ചെലവു തുക നിരാകരിക്കുന്നു.തുക തിരിച്ചടവാക്കേണ്ടതാണ്.

## 3-28 കാഴ്ചയില്ലാത്തവർക്ക് ടാക്കിംഗ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത കംപ്യൂട്ടറുകൾ നൽകൽ -അപാകതകൾ

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് 104/16 കാഴ്ചയില്ലാത്തവർക്ക് ടാക്കിംഗ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത കംപ്യൂട്ടറുകൾ നൽകൽ എന്ന പ്രൊജക്ടിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1 ലക്ഷം രൂപ വകയിരുത്തുകയും 3 ഗുണഭോക്താക്കൾക്ക് കെൽട്രോണിൽ നിന്നും ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങി നൽകുകയും ചെയ്തു. (ബിൽ നമ്പർ 36/14-2-2016 , 1,00,000 രൂപ )

പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

1. വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയും കൗൺസിൽ അംഗീകാര വിവരവും ലഭ്യമാക്കിയിട്ടില്ല.

2. ടാക്കിംഗ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യാത്ത ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകളാണ് വിതരണം ചെയ്തിട്ടുള്ളത്. 31-8-15 ന് കെൽട്രോൺ നൽകിയ ഇൻവോയ്സിൽ ബ്രെയിലി സോഫ്റ്റ്വെയർ നഗരസഭ സ്വന്തം നിലയ്ക്ക് ഇൻസ്റ്റാൾ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ അപ്രകാരം ചെയ്തതായി കാണുന്നില്ല.1-10-2015 ന് പി 1- 627/15 നമ്പറായി കെൽട്രോണിന് സപ്ലൈ ഓർഡർ നല്കി.

3.കണ്ണു കാണാത്തവരുടെ കംപ്യൂട്ടറുകളിൽ അത്യന്താപേക്ഷികമായ ഹെഡ് സെറ്റ് ഇല്ലാതെയാണ് കംപ്യൂട്ടറുകൾ നൽകിയിട്ടുള്ളത്. കെൽട്രോൺ നല്കിയ കാഷ് ഇൻവോയ്സിൽ അത്തരം ഹെഡ്സെറ്റ് ഇല്ലാതെയാണ് കംപ്യൂട്ടറുകൾ നല്കിയത് എന്ന് വ്യക്തമാണ്.

അന്ധരായ ഗുണഭോക്താക്കൾക്ക് പ്രയോജനകരമല്ലാത്ത രീതിയിൽ പ്രൊജക്ട് നടപ്പിലാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക ഒരു ലക്ഷം രൂപ തടസ്സം ചെയ്യുന്നു.

## 3-29 അംഗനവാടികൾക്ക് കളിപ്പാട്ടം- രേഖകൾ ഹാജരാക്കിയില്ല

നിർവഹണം – ഐ.സി.ഡി.എസ്

പ്രൊജക്ട് നമ്പർ 358/16 അംഗനവാടികൾക്ക് കളിപ്പാട്ടം എന്ന പെർജക്ടിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ നിന്നും 4,10,850 രൂപ ചെലവഴിച്ച് നഗരസഭ പരിധിയിലെ 83 അംഗനവാടികൾക്ക് കളിപ്പാട്ടങ്ങൾ വിതരണം ചെയ്തു. (അടങ്കൽ 4,15,000) ബിൽ നമ്പർ 16/15-16 തി. 29-3-16.കളിപ്പാട്ടങ്ങൾ വാങ്ങുന്നതിന്റെ ടെണ്ടർ നടപടി ഫയൽ , പ്രൊക്യൂർമെന്റ് കമ്മിറ്റി മിനട്സ്, സ്റ്റോക്കിലെടുത്തതിന്റെയും അംഗനവാടികൾക്ക് വിതരണം ചെയ്തതിന്റെയോ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ചെലവു തുക 4,10,850 രൂപ തടസ്സം ചെയ്യുന്നു.

## 3-30 ഉറൂബ് സാംസ്കാരിക കേന്ദ്രം ലൈബ്രറിയുടെ പ്രവർത്തനം ആശാവഹമല്ല.

ഗ്രന്ഥശാലകൾ മാനവ സംസ്കൃതിയുടെ നെട്ടുണ്ണുകളിലൊന്നായിട്ടാണ് അറിയപ്പെടുന്നത്.പൊന്നാനി നഗരസഭയുടെ

കീഴിലെ ഏക ഗ്രന്ഥാലയമാണ് കിണറ് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഉറൂബ് സാംസ്കാരിക കേന്ദ്രം ലൈബ്രറി.




നഗരസഭയുടെ ഗ്രന്ഥാലയത്തിലെ പ്രവേശന പതിവേട്, വരിസംഖ്യ വിവര പുസ്തകം, ഗ്രന്ഥവിവരപ്പുസ്തകം, വിതരണ പതിവേട് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

1. നാളിതുവരെയായിട്ടും ഗ്രന്ഥാലയത്തിന് ഒരു നിയമാവലി തയ്യാറാക്കിയിട്ടില്ല. നിയമാവലി തയ്യാറാക്കി പൊന്നാനിയിലെ നഗരസഭയിലെ സ്ഥിര താമസക്കാർക്ക് പുറമെ സമീപ പ്രദേശത്തെ നിവാസികൾക്കു കൂടി ഗ്രന്ഥാലയത്തിന്റെ സേവനം ഉറപ്പു വരുത്തേണ്ടതാണ്. 2015-16 സാമ്പത്തിക വർഷത്തിൽ ലൈബ്രറി ഫീസിനത്തിൽ ലഭിച്ചത് 130 രൂപയാണ്. ലൈബ്രറി ഫീസ് നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്

2. പ്രവേശനപ്പട്ടിക പ്രകാരം 100 നടുത്ത് അംഗങ്ങളാണുള്ളത്. എന്നാൽ സജീവമായി ഇപ്പോൾ 8 പേര് മാത്രമാണുള്ളത്. ഇടക്കാലത്ത് ഗ്രന്ഥശാല (30.11.2015 മുതൽ) പ്രവർത്തിക്കാതെ ഒരു വർഷത്തോളം പൂട്ടിയിട്ടിരിക്കുകയായിരുന്നു. പിന്നീട് ജനങ്ങളുടെ നിരന്തര ആവശ്യം പരിഗണിച്ച് 25.10.2016 ന് വീണ്ടും ലൈബ്രറി പുനരാരംഭിച്ചു. ലൈബ്രറി അതിന്റെ പ്രവർത്തനം ഉച്ചക്ക് ശേഷമാണ് തുടങ്ങുന്നത്. രാവിലെ മുതൽ തന്നെ ലൈബ്രറിയുടെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഗ്രന്ഥ വിവരപ്പുസ്തകത്തിൽ 1937 പുസ്തകങ്ങളുടെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, പിന്നീട് പരിസര പ്രദേശത്തുണ്ടായിരുന്ന എസ്.ഡി.എ ലൈബ്രറി(കേരള ഗ്രന്ഥ ശാല സംഘത്തിന്റെ അംഗീകാരമുണ്ടായിരുന്ന ലൈബ്രറി) പ്രവർത്തിപ്പിക്കാനാവാത്ത സാഹചര്യം ഉടലെടുത്തപ്പോൾ ടി ലൈബ്രറിയിലെ മുഴുവൻ പുസ്തകങ്ങളും ഉറൂബ് സാംസ്കാരിക കേന്ദ്രത്തിന് സംഭാവന നൽകി. എന്നാൽ രേഖാ മൂലം നൽകിയതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ലഭ്യമല്ല. പുസ്തകങ്ങളുടെ ഭൗതിക പരിശോധന കാലങ്ങളായി നടത്താത്തതിനാൽ എത്ര പുസ്തകങ്ങളാണ് ഗ്രന്ഥാലയത്തിൽ യഥാർത്ഥത്തിലുള്ളതെന്ന വ്യക്തമല്ല. ഇന്ന് ഏകദേശം 3500 നടുത്ത് ഗ്രന്ഥങ്ങൾ ഉൾകൊള്ളുന്ന ഒരു ബൃഹത്തായ പുസ്തക ശാലയാണ് ഉറൂബ് സാംസ്കാരിക കേന്ദ്രം. സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പുസ്തകങ്ങൾ അതിന്റെ Accession Register (സ്റ്റോക്ക് രജിസ്റ്റർ) രേഖപ്പെടുത്തിയിരിക്കുന്നത് ശരിയായ രീതിയിലല്ല. ടി രജിസ്റ്ററിൽ പുസ്തക നമ്പറും , ഗ്രന്ഥ കർത്താവിന്റെ പേരും മാത്രേമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

എന്നാൽ പ്രസിദ്ധീകരിച്ച വർഷം , അച്ചടിച്ച സ്ഥലം , അച്ചടിച്ച തിയ്യതി , ISBN നമ്പർ (ലഭ്യമാണെങ്കിൽ) , പുസ്തകത്തിന്റെ വില എന്നിവ കൂടി ടി രജസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5.ലഭ്യമായ വിതരണ രജിസ്റ്ററുകൾ പ്രകാരം കുറച്ച് പുസ്തകങ്ങൾ തിരിച്ച് കിട്ടാനുണ്ട്. പുസ്തകങ്ങൾ തിരിച്ച കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

6. സ്ഥിരം ലൈബ്രേറിയൻ ഇല്ലാത്തതിന്റെ കുറവ് : – ഗ്രന്ഥലായത്തിന് വിദഗ്ധരായ ലൈബ്രേറിയന്മാരെ ലഭിച്ചില്ല. ഉറൂബ് സാംസ്കാരിക കേന്ദ്രത്തിൽ നാളിതു വരെ ലഭ്യമായ പുസ്തകങ്ങൾ അടുക്കും ചിട്ടയിലും ക്രമീകരിച്ചിട്ടില്ല. ഇവിടെ ജീവനക്കാരുടെ കുറവിനേക്കാൾ ഉള്ള ജീവനക്കാരുടെ അലസതയും താൽപ്പര്യക്കുറവുമാണ് ഇതിനു പ്രധാന കാരണം.

പരിചയസമ്പന്നരായ ലൈബ്രേറിയൻമാരുടെ സേവനം നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

2015-16 ൽ ലൈബ്രേറിയന് ഹോണറേറിയം ഇനത്തിൽ 18000 നൽകിയിട്ടുണ്ട്. ഉറൂബ് സാംസ്കാരിക കേന്ദ്രം ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല. സ്വന്തമായ കെട്ടിടം ഉണ്ടായിട്ട് പോലും അതിനു വേണ്ടി രൂപീകരിച്ചിട്ടുള്ള നടത്തിപ്പ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വൃഥാവിലാകുന്നു. ടി ഗ്രന്ഥ ശാലക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം വാങ്ങിച്ചെടുക്കാൻ നഗരസഭക്ക് ഏറെ മുന്നോട്ട് പോവേണ്ടതുണ്ട്. ഉറൂബ് സാംസ്കാരിക കേന്ദ്രം ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആധുനിക വൽകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ | | 10285 | 10285 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2015-16 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നമ്പർ | നവവായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഷോപ്പിംഗ് കോംപ്ളക്സ് (KURDFC loan) | രജിസ്ററിൽ വിശദവിവരം ചേർത്തിട്ടില്ല | രജിസ്ററിൽ വിശദവിവരം ചേർത്തിട്ടില്ല | 2865687 | 685724 | - | 2179963 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,89,36,056 |
| തൻവർഷം നിക്ഷേപിച്ച തുക | 22,10,440 |
| ആകെ | 31146496 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 31146496 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

(നിക്ഷേപത്തിന്റെ വിവരം കാണിക്കുന്ന രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. നിക്ഷേപത്തിന്റെ രസീപ്റ്റ് പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല, വാർഷിക കണക്ക് പ്രകാരമുള്ള വിവരമാണ് ചുവടെ കൊടുത്തിട്ടുള്ളത്)

| നിക്ഷേപത്തിന്റെ വിവരം | തുക | രസീതി നമ്പർ |
|---|---|---|
| എസ്.ബി.ടി | 3481488 | 672181153964 |
| എസ്.ബി.ടി | 3481487 | 672181152508 |
| എസ്.ബി.ടി | 3481488 | 672181153187 |
| എസ്.ബി.ടി | 3481488 | 672181151117 |
| പി.എൻ.ബി | 3097547 | 4344000DP1208 |
| പി.എൻ.ബി | 3097549 | 4344000DP1192 |
| കെ.ജി.ബി | 1282961 | 40332201300028 |
| കെ.ജി.ബി | 9242487 | 40332141400033 |
| ഇക്വിറ്റി ഷെയർ | 500000 | - |

## **4-6** ഓഡിറ്റ് റിക്കവറി

ഇല്ല

## **4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37(1),43,47<br>49,62,65,79,<br>74,84,82 | 2001-02 | - | മൈത്രി ഭവന നിർമാണം വിനിയോഗ വിവരമില്ല | നടപടികൾ തുടരുന്നു |
| 1998-99 | 3-9 | 2006-07 | -- | ലഘു അവലോകനങ്ങൾ | നടപടികൾ തുടരുന്നു |
| 1999-2000 | 3-53, 3-71, 3-28, 3-69<br>3-36, 3-35, 3-34, 3-43, 3-56, 3-54, 3-55, 3-51, 3-23 | 2006-07 | - | | നടപടികൾ തുടരുന്നു |
| 2000-01 | - | - 2012-13 | | രേഖകൾ ഹാജരാക്കിയില്ല, 1558598 രൂപ<br>പരസ്യ നികുതി ലഘു അവലോകനം | നടപടികൾ തുടരുന്നു |
| 2008-09<br>2009-10<br>2010-11<br>2011-12 | 3-5<br>3-25 | 2013-14 | | ലഘു അവലോകനം (Procurement Manual) | നടപടികൾ തുടരുന്നു |
| 2012-13 | 3-2<br>3-1 | 2014-15 | - | 3-2 – നിഷ്ക്രിയാസ്തികൾ അവലോകനം<br>3-1 – മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 16,45,84,469 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 22,74,60,579 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 44,195 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 34,66,726 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,74,58,874 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-3 | 9811 | | ശ്രീ. വി.ജെ.കുര്യൻ, മുനിസിപ്പൽ സെക്രട്ടറി |
| 2-4 | 17192 | | ശ്രീ. രാജ ഗോപാൽ പി എൻ -മുനിസിപ്പൽ എഞ്ചിനീയർ |
| | 17192 | | ശ്രീ. ഡി സാജു -മുനിസിപ്പൽ സെക്രട്ടറി |
| 3-9 | | 5,940 | ഡോ.ആശ പി കെ, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| 3-10 | | 11151 | ശ്രീ. രാജ ഗോപാൽ പി എൻ മുനിസിപ്പൽ എഞ്ചിനീയർ |
| 3-11 | | 7253 | ശ്രീ. രാജ ഗോപാൽ പി എൻ മുനിസിപ്പൽ എഞ്ചിനീയർ |
| 3-12 | | 4602 | ശ്രീ. രാജ ഗോപാൽ പി എൻ മുനിസിപ്പൽ എഞ്ചിനീയർ |
| 3-13 | | 9246 | ശ്രീ. രാജ ഗോപാൽ പി എൻ മുനിസിപ്പൽ എഞ്ചിനീയർ |
| | | 9246 | ശ്രീമതി മീനാക്ഷി.സി.എസ് അസി.എക്സി.എഞ്ചിനീയർ |
| 3-18 | | 902041 | ശ്രീ. ബിജു പി എം, പട്ടികജാതി വികസന ഓഫീസർ |
| 3-19 | | 14,950 | ശ്രീ. ബിജു പി എം, പട്ടികജാതി വികസന ഓഫീസർ |
| 3-22 | | 2391 | ശ്രീ. രാജ ഗോപാൽ പി എൻ മുനിസിപ്പൽ എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-27 | | 24,99,906 | ശ്രീമതി. ലീന സി.ജി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 44,195 | 34,66,726 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 309200 | ശ്രീമതി. രതി<br>പ്രിൻസിപ്പാൾ,<br>ജി ജി.എച്ച്.എസ്, തൃക്കാവ് |
| 3-3 | 2,38,67,580 | ശ്രീ.സി.സജീഷ്<br>പ്രൊജക്റ്റ് ഓഫീസർ |
| 3-4 | 2,10,000 | ശ്രീമതി. സരള ദേവി,<br>ഹെഡ്മിസ്ട്രസ്സ് ,ഗവൺമെന്റ് യു.പി .സ്കൂൾ , ചെറുവായിക്കര |
| 3-5 | 11,24,740 | ശ്രീമതി. മിനി മോൾ,<br>ഹെഡ്മിസ്ട്രസ്സ്, ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ ,തെയ്യങ്ങാട് |
| 3-6 | 50,000 | ശ്രീമതി. വിജയശ്രീ ,എ.എഫ്.ഒ<br>Agriculture Field Officer |
| 3-8 | 82,500 | ഡോ.അനുജ,മെഡിക്കൽ ഓഫീസർ<br>(പി.എച്ച് സി ഈഴുവത്തിരുത്തി) |
| 3-17 | 15,02,459 | ശ്രീ. രാജ ഗോപാൽ പി എൻ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-20 | 93,50,100 | ശ്രീ. ബിജു പി എം, പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| 3-21 | 350,000 | ശ്രീ. ബിജു പി എം, പട്ടികജാതി വികസന ഓഫീസർ |
| 3-22 | 49,770 | ശ്രീ. രാജ ഗോപാൽ പി എൻ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-23 | 51675 | ശ്രീ. വി.ജെ.കുര്യൻ ,മുനിസിപ്പൽ സെക്രട്ടറി |
| 3-28 | 100,000 | ശ്രീ. ഡി സാജു , മുനിസിപ്പൽ സെക്രട്ടറി |
| 3-29 | 4,10,850 | ശ്രീമതി. ലീന സി.ജി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 3,74,58,874 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ട തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-3 | 271 | ശ്രീ. വി.ജെ.കുര്യൻ, മുനിസിപ്പൽ സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വി.ജെ.കുര്യൻ,<br>മുനിസിപ്പൽ സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി<br>തിരൂർ നഗരസഭ | ലഭ്യമല്ല |
| ശ്രീ. രാജ ഗോപാൽ പി എൻ<br>മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>താനാളൂർ ഗ്രാമ പഞ്ചായത്ത് | രാജ് വിഹാർ<br>തവനൂർ പി ഒ<br>മലപ്പുറം<br>679573 |

| | | |
|---|---|---|
| ഡോ.ആശ പി കെ | ആറാംതോട്ടത്തിൽ ഹൗസ്<br>പൊന്നാനി സൗത്ത് പി ഒ<br>പിൻ – 679586 | ഉഷസ്,<br>തൃക്കണാപുരംപി.ഒ<br>തവനൂർ,മലപ്പുറം |
| ശ്രീമതി ലീന,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>പൊന്നാനി നഗരസഭ | ചേലയിൽ വീട്<br>ആനക്കര പി.ഒ<br>പാലക്കാട് ജില്ല. |
| ശ്രീമതി മീനാക്ഷി.സി.എസ്<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ<br>പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | ‘റിസണൻസ് ‘<br>അരുപ്പാട് ടെമ്പിൾ<br>ചേവരമ്പലം<br>കോഴിക്കോട് |
| ശ്രീ. ബിജു പി എം, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ<br>പൊന്നാനി മുനിസിപ്പാലിറ്റി | പുള്ളത്ത് ഹൗസ്<br>പി ഒ – ജമനംകാട്<br>തൃശ്ശൂർ |
| ശ്രീ. ഡി സാജു -മുനിസിപ്പൽ സെക്രട്ടറി | ലഭ്യമല്ല | ശ്രീ സങ്കീർത്തനം<br>കൊട്ടവിള പോസ്റ്റ്<br>ഈസ്റ്റ് കല്ലട- കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 87-88,88-89 | എൽ.എഫ്.എം5//97 തിയ്യതി 26-3-99 | 8 |
| 89-90,90-91 | എൽ.എഫ്.എം6/1601/99 തിയ്യതി 05-9-00 | 1 |
| 1997-98<br>(ചെലവ്) | എൽ.എഫ്.എം.25/1918/(17)/05-12-2014 | 77 |

| | | |
|---|---|---|
| 1997-98 വരവ് | എൽ.എഫ്.എം.25/1918/(18)/05-12-2014 | 11 |
| 1998-99 | എൽ.എഫ്.എം.25/1918/(19)/05-12-2014 | 36 |
| 1999-2000 | എൽ.എഫ്.എം.4/646/05/16-06-2006 | 60 |
| 2000-01 (ചെലവ്) | എൽ.എഫ്.എം.4/1123/05/15-03-2006 | 49 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.18/2142/07/07/06/2008 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.എം.18/2143/07/07/06/2008 | 18 |
| 2003-04 (ചെലവ്) | എൽ.എഫ്.എം.18/2151/07/29-08-08 | 12 |
| 2004-05 (ചെലവ്) | എൽ.എഫ്.എം.18/2152/07/21-05-08 | 17 |
| 2005-2006 (ചെലവ്) | എൽ.എഫ്.എം21/2165/09 തിയ്യതി 5-3-12 | 11 |
| 2006-07 | എൽ.എഫ്.എം21/2166/09 തിയ്യതി 5-3-12 | 16 |
| 2007-08 | എൽ.എഫ്.എം21/2167/09 തിയ്യതി 6-3-12 | 41 |
| 2008-09 | എൽ.എഫ്.എം21/37/13 തിയ്യതി 30-3-13/7-6-13 | 39 |
| 2009-10 | എൽ.എഫ്.എം3/1109/87 തിയ്യതി | |
| 2010-11 | എൽ.എഫ്.എം3/1109/87 തിയ്യതി | |
| 2011-12 | എൽ.എഫ്.എം21/424/2014 തിയ്യതി 8-5-14/2-6-14 | 30 |
| 2012-13 | എൽ.എഫ്.എം25/3390/2014 തിയ്യതി 4.2.2015 | 17 |
| 2013-14 2014-15 | കെ.എസ്.എ-എം.പി.എം.21/2104/2016 | 32 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.21/248/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : 10/02/2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയുടെ 31.03.2016 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൊന്നാനി നഗരസഭയുടെ 2015-16 വർഷത്തെ നകാര്യ സ്റ്റേറ്റ്മെന്റ് വരവ് – ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. മുനിസിപ്പൽ സെക്രട്ടറി, പൊന്നാനി നഗരസഭ
2. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
3. റീജ്യണൽ ജോയിന്റ് ഡയറക്ടർ , നഗരകാര്യ വകുപ്പ് , കോഴിക്കോട്
4. കാര്യാലയ പ്രതി.

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM/21/248/2017

Kerala State Audit Department

District Audit office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 10/02/2017

Certified that I have audited the Annual Financial Statement of Ponnani Municipality in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 295(4) of the Kerala Muncipality Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of certification of accounts of Municipalities.

In my opinion, the Financial Statements of Ponnani Municipality for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

SeniorDeputy Director

Kerala State Audit Department

Malappuram

To

1. The Muncipal Secretary, Ponnani Municiaplity
2. The Director, Kerala State Audit Department, Thiruvananthapuram.
3. The Regional Joint Director, Kozhikode
4. Office Copy